# ദി ഡിഫെൻഡർ

Vol. No. 13 Issue No. 11 RNI Reg. No. 68089 / 97 Published From Perumbavoor 2010 June 1 Price: Rs.100/- P.A.

# ഉപദേശിയുടെ മകനെതിരെ ഉപദേശിയുടെ മകൻ

കല്ലട മത്തായിച്ചൻ എന്ന ഉപദേശിയുടെ മകനായ ജോർജ് മത്തായിക്കെതിരെ കെ.ഇ.ഏബ്രഹാം എന്ന ഉപദേശിയുടെ മകനായ റ്റി.എസ്.ഏബ്രഹാം രംഗത്ത്. 'ഉപദേശിയുടെ മകൻ' എന്ന സിനിമയുമായി ബന്ധപ്പെട്ട് റ്റി.എസ്.ഏബ്രഹാം ഐ.പി.സി ജനറൽ കൗൺസിലിന്റേയും കേരള സ്റ്റേറ്റ് കൗൺസിലിന്റേയും പരിഗണനയ്ക്കായി മെയ് 18ന് അയച്ച കത്തിൽ ഇപ്രകാരം പറയുന്നു:
''തിരുവചന സത്യ ഉപദേശങ്ങൾ അനുസരിക്കുകയും അതനുസരിച്ചു ജീവിക്കുകയും പ്രവർത്തിക്കയും ചെയ്ത ഒരുകൂട്ടം പിതാക്കൻമാർ ചേർന്ന് ആരംഭിച്ച ഒരു പ്രസ്ഥാനമാണ് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ. ഐ.പി.സിയുടെ ഒന്നാം തലമുറക്കാരായിരുന്ന പിതാക്കൻമാർ എല്ലാവരും രണ്ടാം തലമുറക്കാരിൽ നല്ലപങ്കും നിത്യതയിൽ പ്രവേശിച്ചു. മൂന്നും നാലും അഞ്ചും തലമുറക്കാരാണ് ഇന്നു സഭയിലുള്ളത്. ഇത്രയും കാലം ആയപ്പോഴേക്കും നമ്മുടെ സഭ പല കാര്യങ്ങളിലും അതിന്റെ ആദിമ നിലയിൽ നിന്ന് വളരെ താണുപോയി എന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. രണ്ടാം തലമുറയിൽപ്പെട്ട ആരും തന്നെ ഇന്ന് സഭയുടെ ഭരണതലത്തിൽ ഇല്ല എന്നു പറഞ്ഞാൽ തെറ്റല്ല. മൂന്നും നാലും തലമുറയിൽപ്പെട്ട പ്രിയപ്പെട്ടവരാണ് ഇന്നു ഭരണതലത്തിൽ ഇരിക്കുന്നത്.

ഒന്നും രണ്ടും തലമുറയിൽ പെട്ട പല പിതാക്കൻമാരുടേയും ആത്മകഥകളോ ജീവചരിത്രങ്ങളോ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരിൽ പലരും സുവിശേഷത്തിനുവേണ്ടി നിരവധി കഷ്ടങ്ങളും ഉപദ്രവങ്ങളും സഹിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങൾ വായിച്ച് അനേകർ ഇന്നും അനുഗ്രഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എങ്കിലും അവയിൽ ഒരു പുസ്തകം പോലും നാടകമോ സിനിമയോ ആക്കിയിട്ടില്ല. നാടകം, സിനിമ ആദിയായവ കാണുന്നതു തെറ്റാണ്, ദൈവമക്കൾക്കു ചേർന്നതല്ല എന്ന് നമ്മുടെ പിതാക്കൻമാർ വിശ്വസിക്കയും പിൻതലമുറയെ പഠിപ്പിക്കയും ചെയ്തു.



റ്റി.എസ്.ഏബ്രഹാം



ജോർജ് മത്തായി

എന്നാൽ ഉപദേശിയുടെ മകൻ എന്ന പുസ്തകം അതിന്റെ എഴുത്തുകാരനായ മകൻ തന്നെ സിനിമ ആക്കുകയും മറ്റു സിനിമാക്കാരോടു ചേർന്നു മകനും ഒരു നടനായി അഭിനയിക്കയും ചെയ്താണു സിനിമ ആക്കിയത്. ഐ.പി.സിയുടെ ജനറൽ കൗൺസിൽ അംഗമായ 'മകൻ' ജോർജ് മത്തായി ഒരു പെന്തക്കോസ്ത് വിശ്വാസി ചെയ്യാൻ പാടില്ലാത്ത സിനിമാക്കാരുമായി അഭിനയിച്ച് ഐ.പി.സിക്കു കളങ്കം വരുത്തിയിരിക്കയാൽ ഐ.പി.സി എന്ന ഈ വലിയ പ്രസ്ഥാനത്തെ നയിക്കുന്ന സുപ്രീം കൗൺസിൽ അംഗമായിരിക്കാൻ ജോർജ് മത്തായിക്ക് ഉണ്ടായിരുന്ന യോഗ്യത നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കയും അതിനനുസരിച്ചു വേണ്ട ശിക്ഷണ നടപടി സ്വീകരിക്കണമെന്ന് ഐ.പി.സി ജനറൽ കൗൺസിലിനോടും തിയേറ്ററിൽ പോയി സിനിമ കണ്ടതായ ശുശ്രൂഷകൻമാരുടേയും വിശ്വാസികളുടേയും പേരിൽ തക്ക നടപടി സ്വീകരിക്കണമെന്നു കേരള സ്റ്റേറ്റ് കൗൺസിലിനോടും ആവശ്യപ്പെടുന്നു. ദൈവവചനമനുസരിച്ചു സഭയെ നയിക്കുവാൻ നേതൃസ്ഥാനത്തിരിക്കുന്ന പ്രിയപ്പെട്ടവർക്കു ദൈവം കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമ്മുടെ പിതാക്കൻമാർ ദൈവവചനാനുസൃതം സഭക്ക് ഇട്ടിരിക്കുന്ന പഴയ അതിരുകൾ ഒന്നും മാറ്റുവാൻ പാടില്ല എന്നു വിശ്വസിക്കുന്ന ഐ.പി.സിയിലെ രണ്ടാം തലമുറക്കാരായ ചില സീനിയർ ശുശ്രൂഷകൻമാർ ഏവർക്കും സ്നേഹവന്ദനങ്ങൾ നൽകിക്കൊണ്ടുകത്തവസാനിപ്പിക്കുന്നു''

റ്റി.എസ്.ഏബ്രഹാമിന്റെ പേരും ഒപ്പും കത്തിലുണ്ട്. പാസ്റ്റർമാരായ എം.വി.വർഗീസ്, ജോർജ് ഉമ്മൻ, സി.ഐ.ചെറിയാൻ, റ്റി.എ.ചെറിയാൻ എന്നിവരുടെ പേരും കൊടുത്തിട്ടുണ്ട്. (വാചകങ്ങളിൽ കാണുന്ന തെറ്റുകൾ കത്തിൽ ഉള്ളതാണ്.) കത്ത് ഇന്റർനെറ്റിൽ വായിക്കാം:
www.tsbalan.com/letter.html

റ്റി.എസ്.ഏബ്രഹാമിന്റെ പിതാവായ കെ.ഇ.ഏബ്രഹാമിനെതിരായ വികാരമാണ് ഈ സിനിമ സൃഷ്ടിക്കുക എന്നറിഞ്ഞാണു റ്റി.എസ്.ഏബ്രഹാം ഇപ്രകാരമൊരു കത്തയച്ചത് എന്നൊരു ആരോപണം നിലവിലുണ്ട്. മാത്രമല്ല, റ്റി.എസ്.ഏബ്രഹാം ആരോപിക്കുന്നതുപോലെ ജോർജ് മത്തായി ഈ സിനിമയിൽ അഭിനയിച്ചിട്ടുമില്ലത്രേ. പക്ഷേ സെന്റർ പാസ്റ്ററായ വർഗീസ് മത്തായിയും ചുമ്മാ പാസ്റ്ററായ സി.പി.മോനായിയും ചില വിശ്വാസികളും തിയേറ്ററിൽ പോയി സിനിമ കണ്ടു എന്നതു നേരാണ്.

ഐ.പി.സിയിലെ ഏക സത്യ ജനറൽ മിനിസ്റ്ററാണു റ്റി.എസ്.ഏബ്രഹാം. എങ്കിലും കെ.കരുണാകരനു കോൺഗ്രസ്സിലുള്ള സ്ഥാനവും അധികാരവുമേ ഇപ്പോൾ റ്റി.എസ്സിന് ഐ.പി.സിയിലുള്ളൂ എന്നതാണു സത്യം. അതുകൊണ്ട് ജനറൽ കൗൺസിലോ കേരള സ്റ്റേറ്റ് കൗൺസിലോ എന്തെങ്കിലും നടപടിയെടുക്കുമെന്നു തോന്നുന്നില്ല.

## പുസ്തകക്കേസ്സ്: ജാമ്യം ലഭിച്ചു

പുസ്തകക്കേസ്സ് പ്രതികൾക്കു ജാമ്യം ലഭിച്ചു. പത്തനംതിട്ട സെഷൻസ് കോടതിയാണ് ആറു പ്രതികൾക്കും ജാമ്യം അനുവദിച്ചത്. രണ്ടു മാസത്തോളം റിമാന്റിൽ കഴിഞ്ഞശേഷമാണ് മോചനമായത്.

ഗ്രന്ഥകർത്താവായ സാം ജേക്കബ്ബിന്റെ മകനായ ചാർളി പി. സാം (26), സാം ജേക്കബ്ബിന്റെ സഹോദരൻമാരായ പ്രസാദ് ജേക്കബ് (53), സജി ജേക്കബ് (45), റെജി ജേക്കബ് (44) , ചുങ്കപ്പാറ ഐ.പി.സി സഭയുടെ പാസ്റ്ററായ ഏബ്രഹാം തോമസ് (47) എന്നിവർക്ക് മെയ് 20ന് വൈകിട്ടാണു ജാമ്യം അനുവദിച്ചത്. ഉത്തരവു ലഭിക്കാൻ താമസിച്ചതുകൊണ്ട് മെയ് 21ന് മാത്രമേ ഇവർക്കു പുറത്തിറങ്ങാൻ കഴിഞ്ഞുള്ളൂ. മെയ് 21ന് പാസ്റ്റർ ബാബു ജോർജിനും ജാമ്യം ലഭിച്ചെങ്കിലും കോടതി നടപടികൾ പൂർത്തിയാക്കി മെയ് 24ന് മാത്രമേ പുറത്തിറങ്ങാൻ കഴിഞ്ഞുള്ളൂ.

പെന്തക്കോസ്ത് നേതാക്കൻമാർ, വിശേഷിച്ചും കെ.സി. ജോൺ ഈ കേസ്സിനോടു പ്രതികരിച്ച രീതി പരക്കെ വിമർശിക്കപ്പെടുന്നുണ്ട്. കേസ്സിലെ പ്രതികൾ ശിക്ഷിക്കപ്പെടണമെന്നു ഗൾഫിൽ വച്ചുവരെ കെ.സി. ജോൺ പ്രസ്താവന ഇറക്കിയെന്നു മാത്രമല്ല ജയിലിൽ കിടന്നിരുന്ന സഹവിശ്വാസികൾക്കുവേണ്ടി കുമ്പനാട്ടു നടത്തിയ പ്രാർത്ഥനയിൽ പങ്കെടുക്കുകപോലും ചെയ്തില്ല. വിശ്വാസികളുടെ സാമ്പത്തിക നൻമകൾ തട്ടിയെടുക്കാനല്ലാതെ ഒന്നിനും ഇവർക്കു താല്പര്യമില്ലന്നു വ്യക്തമായി.

# പവ്വർ വിഷനിൽ ശാബതുകാരും

പവ്വർ വിഷനിൽ ശാബതുകാരുടെ പ്രസംഗവും പൊടിപൊടിക്കുന്നു. കേട്ടാൽ വിശ്വാസം വരില്ലെങ്കിലും സംഗതി സത്യമാണ്. പണം കിട്ടിയാൽ സാത്താൻ സഭക്കാരുടെ പ്രോഗ്രാമും കെ.സി.ജോൺ സംപ്രേക്ഷണം ചെയ്യുമെന്നു തെളിയുന്നു.

കൾട്ടുകൾ അവരുടെ യഥാർത്ഥ പേരും മറ്റും മറച്ചുവച്ച് ദുരുപദേശപ്രചരണം നടത്തുക പതിവാണ്. ശാബതുകാരും ഈ തന്ത്രം പ്രയോഗിക്കാറുണ്ട്. പവ്വർ വിഷനിലും അവർ ഈ വിദ്യയാണു പ്രയോഗിച്ചത്. ആർക്കും ഒരു സംശയവും തോന്നാത്ത ഒരു പേരിലാണ് പരിപാടി അവതരിപ്പിക്കുന്നത്. പെന്തക്കോസ്തിലുള്ള കാക്കത്തൊള്ളായിരം മിനിസ്ട്രികളിൽ ഒന്ന് എന്നു മാത്രമേ പേരു കേട്ടാൽ തോന്നൂ. പക്ഷേ പ്രചരിപ്പിക്കുന്നത് ശാബതുകാരുടെ ദുരുപദേശവും.

ഈ പ്രോഗ്രാമിന്റെ പേര്, സംപ്രേക്ഷണം ചെയ്യുന്ന സമയം തുടങ്ങിയവ വെളിപ്പെടുത്തിയാൽ അതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. പലരും ആ പരിപാടി കാണാനും ദുരുപദേശക്കുരുക്കിൽ അകപ്പെടാനും അതു വഴി വയ്ക്കും. അതുകൊണ്ട് ഈ പരിപാടി ഏതെന്ന കാര്യം വെളിപ്പെടുത്തുന്നില്ല. പക്ഷേ പവ്വർ വിഷന്റെ ഭാരവാഹികൾ ആരെങ്കിലും ആവശ്യപ്പെട്ടാൽ അവർക്കു വിവരം നൽകുന്നതാണ്.

പെന്തക്കോസ്ത് സഭകളിൽ ഉപദേശം പഠിപ്പിക്കുന്ന പതിവു നിന്നിട്ടു കാലം കുറെ ആയി. മോശെ, ദാവീദ്, ഏലിയാവ് തുടങ്ങിയവരെയൊക്കെ വിശ്വാസികൾക്കു കർത്താവിനേക്കാൾ നന്നായി അറിയാം. കർത്താവിനേക്കുറിച്ചു പറഞ്ഞില്ലെങ്കിലും ദാവീദില്ലാതെ ഒരു സഭായോഗവും അവസാനിക്കുകയില്ല. അതുകൊണ്ട് ഉപദേശമെന്ത്, ദുരുപദേശമെന്ത് എന്നു ഭൂരിപക്ഷം വിശ്വാസികൾക്കും പാസ്റ്റർമാർക്കും അറിഞ്ഞുകൂടാ. പക്ഷേ കൾട്ടുകൾക്ക് അവരുടെ ദുരുപദേശം നന്നായറിയാം. അതുകൊണ്ട് ദൈവമക്കളെ ദുരുപദേശത്തിൽ കുരുക്കാൻ കൾട്ടുകൾക്കു ബുദ്ധിമുട്ടുണ്ടാകുകയില്ല. ശാബതുകാരുടെ ദുരുപദേശപ്രസംഗം കേട്ടാൽ അവർ പറയുന്നതാണു ശരി എന്നു സാധുക്കളായ വിശ്വാസികൾക്കു തോന്നിപ്പോകും.

ശാബതുകാരുടെ പ്രധാന ദുരുപദേശങ്ങൾ ഇവയാണ്:

1. പത്തു കല്പനകൾ നീക്കപ്പെട്ടിട്ടില്ല. (നീക്കപ്പെട്ട വിവരം ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും അറിഞ്ഞുകൂടാ.)
2. ശനിയാഴ്ച ശബതായി ആചരിക്കേണ്ടതാണ്. പത്തു കല്പനകളിലെ ഏറ്റവും പ്രധാന കല്പന നാലാം കല്പനയാണ്.
3. എല്ലൻ ജി. വൈറ്റ് എന്ന സ്ത്രീ ദൈവത്താൽ അയക്കപ്പെട്ട പ്രവാചകിയായിരുന്നു. അവരുടെ എഴുത്തുകൾ ബൈബിൾ പോലെ ദൈവനിശ്വാസീയമാണ്.
4. വെളി.19:10ൽ പറയുന്ന 'പ്രവചനത്തിന്റെ ആത്മാവ്' എല്ലൻ ജി. വൈറ്റാണ്.
5. എ.ഡി. 1844ൽ കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ പ്രവേശിച്ചു. ഇപ്പോൾ കർത്താവ് ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് ദൈവമക്കളുടെ പാപങ്ങൾ വെട്ടിക്കൊണ്ടിരിക്കയാണ്. ഇതിന് ഇൻവെസ്റ്റിഗേറ്റീവ് ജഡ്ജ്മെന്റ് എന്നാണു പേര്. ഈ പരിപാടി പൂർത്തിയായിക്കഴിയുമ്പോൾ കർത്താവു മടങ്ങിവരും.
6. മിഖായേൽ എന്നതു യേശുവിന്റെ മറ്റൊരു പേരാണ്.
7. മനുഷ്യനു മരണശേഷം നിലനിൽക്കുന്ന ആത്മാവില്ല.
8. ആയിരമാണ്ടു വാഴ്ച സ്വർഗ്ഗത്തിലാണ്. അക്കാലത്തു സാത്താനെ ബന്ധിച്ചിടുന്ന അഗാധകൂപം ഈ ഭൂമിതന്നെയാണ്.
9. സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയാണ് യഥാർത്ഥ ദൈവസഭ.
10. നിത്യനരകം എന്നൊന്നില്ല. നരകജീവിതം വെറും നൂറു വർഷത്തേക്കു മാത്രമേ ഉണ്ടാകൂ.

ഇങ്ങനെ ശുദ്ധ വിവരക്കേടുകൾ പഠിപ്പിക്കുന്ന ഒന്നാംതരം ഒരു കൾട്ടാണ് സെവന്ത് ഡേ അഡ്വന്റിസ്റ്റ് ചർച്ച്. ഈ ദുരുപദേശങ്ങളാണ് പവ്വർ വിഷനിലൂടെ പ്രചരിക്കുന്നത്. (സെവന്ത് ഡേ അഡ്വന്റിസ്റ്റ് ചർച്ചിനേക്കുറിച്ചും മറ്റു കൾട്ടുകളേക്കുറിച്ചും കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർ വീട്ടിലൊരു ബൈബിൾ സ്ക്കൂൾ സി.ഡി.-2 കേൾക്കുക)

## പകൽക്കാലം

'ഉപദേശിയുടെ മകൻ' കണ്ടു കരഞ്ഞെന്ന്.....

ഉപദേശിയുടെ മകൻ ***കൊണ്ടു*** കരയാനിരിക്കുന്നതേയുള്ളൂ...



ദി ഡിഫെൻഡർ

Vol. No.13 Issue No.11 2010 June 1

# വേദനയറിയാത്ത അവയവങ്ങൾ

ദൈവസഭയെ ഒരു ശരീരത്തോടു പൗലോസ് ഉപമിക്കുന്നുണ്ട്. ക്രിസ്തുവാണ് ഈ ശരീരത്തിന്റെ തല. വിശ്വാസികൾ ശരീരവും. (1കൊരി.12:12-31). ദൈവസഭയിലെ അംഗങ്ങളെല്ലാം ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെയാണ് എന്നത്രേ പൗലോസ് പറയുന്നത്. “ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയുംകൂടെ സന്തോഷിക്കുന്നു.” പക്ഷേ ഒരു അവയവത്തിനു വേദനയുണ്ടാകുമ്പോൾ അതു മറ്റ് അവയവങ്ങൾ അറിയുന്നതേയില്ലെങ്കിലോ? ശരീരത്തിന് എന്തോ കുഴപ്പമുണ്ടെന്നു തീർച്ച. കുഷ്ഠരോഗം ബാധിക്കുമ്പോഴാണ് സാധാരണയായി ഇത്തരം പ്രശ്നമുണ്ടാകുന്നത്. അങ്ങനെയെങ്കിൽ പെന്തക്കോസ്തിനു കുഷ്ഠം ബാധിച്ചിരിക്കുന്നു എന്നു പുസ്തകക്കേസ്സ് തെളിയിച്ചു.

ഐ.പി.സിയിലെ ഒരു പാസ്റ്ററും നാലു വിശ്വാസികളും എ.ജിയിലെ ഒരു പാസ്റ്ററും രണ്ടു മാസത്തോളം ജയിലിൽ കിടന്നു. അവർ കുറ്റവാളികളോ നിരപരാധികളോ എന്നത് കോടതി തീരുമാനിക്കട്ടെ. ഏതായാലും കോടതി അവരെ കുറ്റവാളികളെന്നു വിധിക്കുന്നതു വരെ അവർ നിരപരാധികൾ തന്നെയാണ്. ഇവർ ജയിലിൽ കിടന്ന കാലത്ത് എത്ര പേർക്കു വേദനിച്ചു? അവരുടെ കുടുംബാംഗങ്ങൾക്കും വിരലിലെണ്ണാവുന്ന ദൈവമക്കൾക്കും മാത്രമാണു വേദനയുണ്ടായത്.

ബാബു ജോർജിനെ സഹായിക്കാനോ ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാനോ എ.ജിയുടെ നേതാക്കൻമാർ തയ്യാറായില്ല. തങ്ങളുടെ പ്രസ്ഥാനത്തിലെ അംഗമായ ഒരു പാസ്റ്റർ ജയിലിൽ കിടക്കുന്നു എന്ന വാർത്ത അവർ അറിഞ്ഞ മട്ടു പോലും കാണിച്ചില്ല. ഐ.പി.സിയിലെ സ്ഥിതി ഇതിലും ഭീകരമായിരുന്നു. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായ പാസ്റ്റർ ഷിബു നെടുവേലിൽ മാത്രമാണ് സഹായത്തിനുണ്ടായിരുന്നത്. മറ്റുള്ളവരെല്ലാം മാളത്തിലൊളിച്ചു. ഇവരുടെ വിടുതലിനായി പ്രാർത്ഥിക്കാൻ വിളിച്ചു കൂട്ടിയ മീറ്റിംഗിൽ പങ്കെടുക്കാൻ പോലും ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി. ജോൺ തയ്യാറായില്ല. ജയിലിൽ കിടക്കുന്നവരുടെ കണ്ണുനീർ വിറ്റു കാശാക്കാൻ മോനായി ഒരു ശ്രമം നടത്തുകയും. ചെയ്തു. ഡിഫെൻഡർ തക്ക സമയത്ത് ഇടപെട്ടതുകൊണ്ട് ആ പദ്ധതി പൊളിഞ്ഞു. സഹവിശ്വാസികൾ കഷ്ടത അനുഭവിച്ചപ്പോൾ ഇവർക്കാർക്കും നൊന്തില്ലെന്നു മാത്രമല്ല ഇവർ ശിക്ഷിക്കപ്പെട്ടുകാണാൻ കൊതിക്കുകയും ചെയ്തു. പെന്തക്കോസ്തിനെ ബാധിച്ചിരിക്കുന്ന കുഷ്ഠം എത്രത്തോളം ഗുരുതരമാണെന്ന് പുസ്തകക്കേസ്സ് തെളിയിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com tsbalan.org tsbalan.net**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

ബൈബിൾ റേഡിയോ

www.thebibleradio.com

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.ററി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

കോൺഗ്രസ്സിലിപ്പോൾ ഗ്രൂപ്പില്ല എന്നാണ് സകലമാന കോൺഗ്രസ്സുകാരും അടുത്ത കാലം വരെ പറഞ്ഞിരുന്നത്. എന്നാൽ വയലാർ രവി ഈ വാചകം അല്പം പരിഷ്ക്കരിച്ചു: കോൺഗ്രസ്സിൽ ഇപ്പോൾ ഗ്രൂപ്പിന്റെ പേരിലുള്ള വൈര്യമില്ലത്രേ. ഒരു കോൺഗ്രസ്സ് നേതാവ് മറു ഗ്രൂപ്പുകാരനെ ചവിട്ടി കൊന്നത് സ്നേഹക്കൂടുതൽ കൊണ്ടാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. സ്ഥാനമാനങ്ങൾക്കായി നടക്കുന്ന കടിപിടികളും സ്നേഹക്കൂടുതൽ മൂലം ഉണ്ടാകുന്നതാണ്. തെരഞ്ഞെടുപ്പു പൂർത്തിയാകുമ്പോൾ സ്നേഹം ഏതു സ്ഥിതിയിലായിരിക്കുമെന്നു കണ്ടറിയണം.

സകല ഗ്രൂപ്പുകാരും തമ്മിൽ സ്നേഹിച്ചപ്പോൾ ഗ്രൂപ്പില്ലാത്ത ലീഡറുടെ മണിയടിക്കാരെ മറന്നുകളഞ്ഞതു സ്വാഭാവികം. പക്ഷേ ഒപ്പമുള്ളവരെ മറന്നുകളയാൻ ആശ്രിത വത്സലനായ ലീഡർക്കു പറ്റില്ല. അതുകൊണ്ടു ലീഡർ ഉഷാറായി രംഗത്തിറങ്ങി. സമവായമോ തെരഞ്ഞെടുപ്പോ നടത്തിക്കൊള്ളൂ, പക്ഷേ തന്നോടൊപ്പമുള്ളവർക്ക് പ്രാതിനിധ്യം കൊടുത്തേ പറ്റൂ. ഈ ആവശ്യമുന്നയിച്ചു ലീഡർ ഹൈക്കമാന്റിനു കത്തയച്ചു. പരസ്യമായി പ്രതികരിക്കുമെന്നു പറഞ്ഞുനോക്കി. പക്ഷേ ഇതൊന്നും ഏശുന്നില്ല. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ലീഡറും കൂട്ടരും.

കോൺഗ്രസ്സിൽ വീതം വയ്പ്പ് തകൃതിയായി നടക്കുന്നതു കാണുമ്പോൾ പുത്രൻജിയുടെ ചങ്കിടിക്കയാണ്. എല്ലാ സ്ഥാനമാനങ്ങളും മറ്റുള്ളവർ തട്ടിയെടുത്തു കഴിഞ്ഞശേഷം മൂന്നു രൂപ മെമ്പർഷിപ്പ് കിട്ടിയതുകൊണ്ട് എന്തു ഫലം? ഒരു സ്ഥാനവും വേണ്ട എന്നു നാഴികയ്ക്കു നാല്പതു വട്ടം പറയുന്നുണ്ടെങ്കിലും അതു പാലം കടക്കുന്നതു വരെയുള്ള ‘നാരായണ’ ആണെന്ന് ഏവർക്കും അറിയാം. അകത്തു കടന്നു കിട്ടിയാൽ ശങ്കരൻ പിന്നെയും തെങ്ങിന്റെ മുകളിലെത്തും. അതുകൊണ്ട് ഏവരും സൂക്ഷിച്ചാണു ചുവടുകൾ വയ്ക്കുന്നത്. ഇത്തവണ എന്തെങ്കിലും സംഭവിക്കും എന്ന തോന്നലുണ്ടാക്കിക്കൊണ്ടാണു ഡൽഹിക്കു പോയതെങ്കിലും പോന മച്ചാൻ പോയപോലെതന്നെ തിരുമ്പി വന്നു. വിശേഷിച്ച് ഒന്നും സംഭവിച്ചില്ല. ഏതാനും ദിവസം കഴിയുമ്പോൾ വീണ്ടും പോകും. ഈ പോക്കും വരവും മാത്രം മിച്ചം. ഇത്ര വലിയ ഒരു ഗതികേട് പുത്രൻജി പ്രതീക്ഷിച്ചിരുന്നില്ല.

മാണി-ജോസഫ് ലയനം ഏറെക്കുറെ പൂർത്തിയായി. പേരു പഴയപടി മാണി വഹ തന്നെ. ചിഹ്നവും മേല്പടി. കൊടിയുടെ കാര്യം പറയുകയും വേണ്ട. എങ്കിലും ഭാവിയിൽ ബ്രാക്കറ്റില്ലാത്ത കേരള കോൺഗ്രസ്സായി മാറും. ആ നല്ലനാളെയ്ക്കായി കാത്തിരിക്കയാണ് ഏവരും.

യു.ഡി.എഫിനെ പണ്ടു പുത്രൻജിയും കൂട്ടരും അവശിഷ്ട യു.ഡി.എഫ് എന്നു വിളിച്ചിരുന്നു. അതുപോലെ എൽ.ഡി.എഫ് ഇപ്പോൾ അവശിഷ്ട എൽ.ഡി.എഫ് ആയിരിക്കയാണ്. പ്രധാന കക്ഷിയായ സി.പി.എമ്മിൽ നിന്ന് സാമാന്യം നല്ല നിലയിൽ കൊഴിഞ്ഞുപോക്കുണ്ടായി. ശരിക്കൊന്നു കൊഴിയാനുള്ള ത്രാണിപോലും സി.പി.ഐയ്ക്കില്ല. ആർ.എസ്.പിയുടെ സ്ഥിതി പരമ ദയനീയമാണ്. ജോസഫ് ഗ്രൂപ്പിൽ നിന്നു ജോസഫും കൂട്ടരും പോയതോടെ ആ പാർട്ടി പരമ ദയനീയമായി ശോഷിച്ചിരിക്കുന്നു. ജനതാ ദളിന്റെ സ്ഥിതിയും ദയനീയം തന്നെ. ഒരു മന്ത്രിയുള്ളതു സിനിമയുമായി നടക്കുന്നു. രാഷ്ട്രീയത്തിൽ അഭിനയിച്ചു പരിചയമുള്ളതുകൊണ്ട് സിനിമയിൽ അഭിനയിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല എന്നാണു മന്ത്രി പറയുന്നത്. എൻ.സി.പി എന്നൊരു പാർട്ടി എവിടെയോ ഉണ്ടെന്നാണു വയ്പ്പ്. അഖിലേന്ത്യക്കാരും മേല്പടിതന്നെ. അവരെ നല്ല നേരം നോക്കി തിരികെ എടുക്കുമത്രേ. ഒരു ക്ഷീണവുമില്ലാത്തത് നമ്മുടെ കടന്നപ്പള്ളിക്കാണ്. ഒപ്പം ഏറെപ്പേരില്ലാത്തതുകൊണ്ട് സ്ഥാനമാനങ്ങൾക്കായുള്ള പിടിവലിയില്ല, കോലാഹലങ്ങളുമില്ല. വകുപ്പു ദേവസ്വമായതുകൊണ്ട് ഭയഭക്തി ബഹുമാനത്തോടെ ഭരിക്കയാണ്. പണിക്കരു ചേട്ടൻ കണ്ണുരുട്ടിക്കാണിച്ചതോടെ ദേവസ്വം ബില്ല് ചവറ്റുകൊട്ടയിലിട്ടു. ബോർഡുകൾ പഴയപടി പുനഃസംഘടിപ്പിക്കകൂടി ചെയ്താൽ സൊല്ല തീർന്നു.

ഒരു സംശയം: നായനാർ നല്ലവനായിരുന്നു എന്നു പറഞ്ഞാൽ അതിന് മറ്റുള്ളവരെല്ലാം ചീത്തയാണ് എന്ന് അർത്ഥമുണ്ടോ? ഉണ്ടെന്ന മട്ടിലാണ് പത്രക്കാരെല്ലാം ഭാഷ്യങ്ങൾ ചമയ്ക്കുന്നത്. നായനാർ തന്റെ മന്ത്രിസഭയിലുള്ളവരോടു സഹകരിക്കയും അവരെ സഹായിക്കുകയും ചെയ്തിരുന്നു എന്നു പറഞ്ഞാൽ അച്യുതാനന്ദൻ അങ്ങനെയൊന്നും ചെയ്യുന്നില്ല എന്നാണത്രേ അർത്ഥം. ഇക്കണക്കിനു പോയാൽ, നായനാർ തികഞ്ഞ കമ്മ്യൂണിസ്റ്റായിരുന്നു എന്നതിന് അച്യുതാനന്ദൻ കമ്യൂണിസ്റ്റേയല്ല എന്ന് അർത്ഥം പറയുമല്ലോ. മാധ്യമ സിൻഡിക്കേറ്റ് ഇങ്ങനെ തുടങ്ങിയാൽ പാർട്ടി സെക്രട്ടറിക്കു മിണ്ടാൻ പറ്റാതാകും.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു; അത് അവർക്കു കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്കു തുണനിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിക്കുവാനും സകല ജാതികളും കേൾക്കുവാനും എന്നെ ശക്തീകരിച്ചു; അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷപ്രാപിച്ചു. കർത്താവ് എന്നെ സകല ദുഷ്പ്രവൃത്തിയിൽനിന്നും വിടുവിച്ചു തന്റെ സ്വർഗ്ഗീയരാജ്യത്തിനായി രക്ഷിക്കും; അവന് എന്നെന്നേക്കും മഹത്ത്വം. ആമേൻ. (2തിമോ. 4: 16-18)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.ററി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 96564 32921**

# മോനായി ആവശ്യപ്പെട്ടു സർക്കാർ അംഗീകരിച്ചു



മോനായി ഒരു വാക്കു പറഞ്ഞാൽ അതിനു പിന്നെ അപ്പീലുമില്ല, റിവിഷനുമില്ല. വിവാദ പുസ്തകവുമായി ബന്ധപ്പെട്ടുണ്ടായ കേസ്സിൽ ഈ പരമസത്യം ഒരിക്കൽക്കൂടി തെളിഞ്ഞു. സംഗതി ചുരുക്കിപ്പറയാം:

പുസ്തകക്കേസ്സിൽ അറസ്റ്റിലായവരെ സന്ദർശിച്ചശേഷം മോനായി അത്യുഗ്രൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അസൂയാലുക്കളായ പത്രക്കാർ ആരും ആ പ്രസ്താവന പ്രസിദ്ധീകരിച്ചില്ല. എങ്കിലും മോനായിയുടെ പത്രത്തിൽ ആ വാർത്ത വന്നു:

''വിവാദ പുസ്തകത്തിന്റെ പേരിൽ നിരപരാധികൾ ശിക്ഷിക്കപ്പെടാൻ പാടില്ല. യഥാർത്ഥ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികതന്നെ ചെയ്യണം. ചുങ്കപ്പാറയിലെ ഒരു സംസ്ക്കാരച്ചടങ്ങിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ അറസ്റ്റു ചെയ്തു ജയിലിലടച്ച വ്യക്തികളെ സന്ദർശിച്ചശേഷം റീമാ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഭാരവാഹികൾ റവ.സി.പി.മോനായി, സണ്ണി മഴുക്കീർ എന്നിവർ ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടു.''

ഈ പ്രസ്താവന കേട്ടതോടെ സർക്കാർ പേടിച്ചു വിറച്ചുപോയി എന്നാണ് അറിയാൻ കഴിഞ്ഞത്. കുറഞ്ഞ പുള്ളികളൊന്നുമല്ലല്ലോ പ്രശ്നത്തിൽ ഇടപെട്ടത്. റീമാ ഇന്റർനാഷണൽ ഫൗണ്ടേഷൻ എന്നത് ഐക്യരാഷ്ട്ര സംഘടനയുടെ തൊട്ടുതാഴെ നിൽക്കുന്ന ഏടാകൂടമാണെന്ന് വിശേഷിച്ചു പറയേണ്ടതില്ല. അതിന്റെ സ്ഥാപക പ്രസിഡന്റാണ് റവ(?) സി.പി. മോനായി. ഇത്ര ഉന്നത പദവിയിലുള്ള ഒരാൾ ആവശ്യപ്പെടുമ്പോൾ കേരള സർക്കാരിന് അനുസരിക്കയല്ലേ നിവൃത്തിയുള്ളൂ. അതുകൊണ്ട് നാളതുവരെ അറസ്റ്റ് ചെയ്ത എല്ലാ പ്രതികളേയും ഉടൻ തന്നെ ജാമ്യത്തിൽ വിട്ടെന്നു മാത്രമല്ല ഗ്രന്ഥകർത്താവും യഥാർത്ഥ കുറ്റവാളിയുമായ പരേതനെ അറസ്റ്റ് ചെയ്ത് ആജീവനാന്തം ജയിലിലടയ്ക്കാൻ ഉത്തരവിടുകയും ചെയ്തു. മോനായി ഈ പ്രശ്നത്തിൽ അല്പംകൂടി നേരത്തെ ഇടപെട്ടിരുന്നെങ്കിൽ പ്രതികൾ രണ്ടു മാസത്തോളം ജയിലിൽ കിടക്കേണ്ടതായി വരുമായിരുന്നില്ല.

# മോനായിയെ കണ്ടവരുണ്ടോ?

മോനായി അമേരിക്കയിൽ എത്തിയിട്ട് ഒരു മാസത്തിൽ അധികമായി. പക്ഷേ ഈ ചങ്ങാതി ഇപ്പോൾ ഇവിടെയാണെന്ന് ആർക്കും അറിഞ്ഞുകൂടാ. അറിയപ്പെടുന്ന ഒരു സഭയിലും ഇയാളെ കയറ്റിയിട്ടില്ല. സാധാരണക്കാരായ വിശ്വാസികൾ പോലും മോനായിയെ സ്വീകരിക്കാൻ തയ്യാറാകുന്നുമില്ല. ഏറ്റവും അടുത്ത സുഹൃത്തുക്കളുടെ വീടുകളിൽ രഹസ്യമായി കഴിയുകയാണ് മോനായി ചെയ്തുവരുന്നതത്. മെയ് അവസാനത്തോടെ ഡാളസ്സിൽ ലാന്റ് ചെയ്തേക്കാം. ബഥേലിന്റെ സഭയിൽ ഒരു പ്രോഗ്രാം കിട്ടാനും ഇടയുണ്ട്.



# ഷിക്കാഗോ തട്ടിപ്പ് ജൂൺ ആദ്യവാരം







ഷിക്കാഗോ തട്ടിപ്പ് ആരംഭിച്ചു കഴിഞ്ഞു. മെയ് 30ന് ആരംഭം കുറിച്ച ഈ കലാപരിപാടി ജൂൺ 19ന് കൊട്ടിക്കലാശിക്കും. തങ്കുവാണ് പ്രധാന താരം. എങ്കിലും ചുമ്മാ ഡോ എം.എ.വർഗീസ്, തട്ടിപ്പുവീരനായ സുരേഷ് ബാബു എന്നിവരും പരിപാടികൾ അവതരിപ്പിക്കും. ഈ യോഗം തീരുന്നതോടെ ഷിക്കാഗോയുടെ ശാപം മാറും. സകല രോഗികളും സൗഖ്യമായിരിക്കും. കുട്ടികളില്ലാത്ത സകല സ്ത്രീകളും ശറപറാ പെറും.

മെയ് 30 മുതൽ ജൂൺ 4 വരെ കോശി തോമസ്, വിനോദ് ചാക്കോ, സണ്ണി മാത്യു, ബാബു കുമ്പഴ, കുഞ്ഞുമോൻ തുടങ്ങിയ ചെറുകിടക്കാരുടെ കലാപ്രകടനങ്ങളാണ് നടക്കുക. ജൂൺ നാലിനാണ് ഗഡാഗഡിയൻ തങ്കു അവതരിക്കുന്നത്. പിന്നീടുള്ള ദിവസങ്ങളിൽ തങ്കു അനുഗ്രഹത്തിന്റെ പെരുമഴ ചൊരിയും. അതു കഴിഞ്ഞ് ഒരു ദിവസം റ്റി.സി.കോശി അത്ഭുതം പ്രവർത്തിക്കും. തുടർന്നുള്ള ഒരാഴ്ച മുഴുവൻ സുരേഷ് ബാബുവിന്റെ ഇന്ദ്രജാലപ്രകടനമാണു നടക്കുക. മറിയാമ്മ, ഡേയ്സി, തോമസ് തുടങ്ങിയവരെ പേരു പറഞ്ഞു വിളിച്ചു സുരേഷ് സൗഖ്യമാക്കും. ജൂൺ 15 മുതൽ 19 വരെ ചുമ്മാ ഡോ എം.എ.വർഗീസ് ഷിക്കാഗോ ഇളക്കും. ഷിക്കാഗോയിലെ സകല വിഡ്ഢികളും തുള്ളിച്ചാടും. സകല ശാപങ്ങളും പൊട്ടും. രോഗങ്ങളെല്ലാം സൗഖ്യമാകും. ഷിക്കാഗോ മറ്റൊരു ബേംഗ്ലൂരാകും. (പ്രത്യേക ശ്രദ്ധക്ക്: എം.എ.വർഗീസിന് എവിടെനിന്നാണു ഡോക്ട്രേറ്റ് കിട്ടിയതെന്ന് ആരും ചോദിക്കരുത്. കാരണം, ഈ ചോദ്യത്തിനുള്ള മറുപടി അർഹതപ്പെട്ടവരോടു മാത്രമേ എം.എ.വർഗീസ് പറയൂ.)

ഈ തട്ടിപ്പു പരിപാടികളുമായി സഹകരിക്കേണ്ടതില്ല എന്ന് ഷിക്കാഗോയിലുള്ള എല്ലാ പെന്തക്കോസ്ത് സഭകളും തീരുമാനിച്ചു കഴിഞ്ഞു. എങ്കിലും വ്യക്തികൾക്കു പങ്കെടുക്കാം. വേലയും കൂലിയുമില്ലാതെ നടക്കുന്നവരാണ് സംഘാടകരിൽ ഭൂരിപക്ഷവും. അതുകൊണ്ട് മറ്റുള്ളവർ കനിഞ്ഞാൽ മാത്രമേ ആവശ്യത്തിനുള്ള പണം കിട്ടൂ.

ഇരുപത്തൊന്നു ദിവസത്തെ യോഗത്തിന് ആകെ 39 'section' ഉണ്ടത്രേ. (അതെന്താണാവോ!). ഈ യോഗങ്ങളിൽ എന്തൊക്കെ നടക്കുമെന്നു സംഘാടകർ മുൻകൂട്ടി പറയുന്നുണ്ട്: കടഭാരം, രോഗം, തൊഴിലില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട്, കുടുംബ തകർച്ച, നിരാശ തുടങ്ങിയതൊക്കെ മാറും. കുരുടർ കേൾക്കും. ചെകിടർ കാണും. മുടന്തർ (മുടന്തി) നടക്കും. അനുഗ്രഹം കവിഞ്ഞൊഴുകും. യോഗം കഴിയുമ്പോൾ സംഘാടകരുടെ പോക്കറ്റ് നിറയും. തൊഴിലില്ലാത്തവർക്കു ജീവിക്കാനുള്ള വഹ കിട്ടും.

# മക്കളെല്ലാം എഴുതട്ടെ

''അമ്മ കറുമ്പി, മകളു വെളുമ്പി, മകടെ മകളു സുന്ദരിക്കോത'' എന്നൊരു കടങ്കഥയുണ്ട്. മോനായിയുടെ കുടുംബം ഏറെക്കുറെ ഇതുപോലെയാണ്. മോനായി സാഹിത്യശിങ്കം. സാലി ഉത്തമ പെൺസിംഹം. ഇപ്പോഴിതാ മൂത്ത മകളും സാഹിത്യകാരി ആയിരിക്കുന്നു. കടിച്ചാൽ പൊട്ടാത്ത വിഷയങ്ങളാണ് എഴുതുന്നത്. ''വിദ്യാർത്ഥികളും മാധ്യമങ്ങളും'' എന്നതായിരുന്നു മെയ് മാസത്തിലെ വിഷയം. ജൂൺ മാസത്തിൽ എന്തിനെപ്പറ്റിയാകും എഴുതുക? ''വിദ്യാർത്ഥികളും സാഹിത്യമോഷണവും'' എന്നായാൽ അസ്സലാകും.

കാര്യങ്ങൾ ഇത്രയുകൊക്കെ ആയ സ്ഥിതിക്ക് മോനായി ഒരു കാര്യം ചെയ്യണം: ബാക്കിയുള്ള രണ്ട് (അതോ മൂന്നോ) മക്കളേക്കൂടി സാഹിത്യകാരാക്കണം. കവിത, നാടകം, കഥ, നോവൽ തുടങ്ങി പല മേഖലകൾ ഇനി ബാക്കിയുണ്ടല്ലോ. എഴുതാൻ സാലിയുള്ളതുകൊണ്ട് മോനായിയും മക്കളും ബുദ്ധിമുട്ടേണ്ടതായി വരികയുമില്ല.

# എം.എസ്സ്.സാമുവൽ പങ്കെടുക്കില്ല?



ഷിക്കാഗോ തട്ടിപ്പ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ നിന്ന് എം.എസ്.സാമുവൽ ഒഴിവായോ? അങ്ങനെ വിശ്വസിക്കാൻ കാരണം കാണുന്നുണ്ട്.

1. തങ്കുവിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്യാനുള്ള തീരുമാനം മാറ്റിയതായി എം.എസ്.സാമുവൽ നിരവധി ആളുകളോടു പറഞ്ഞതായി ഡിഫെൻഡറിനു വിവരം ലഭിച്ചിട്ടുണ്ട്.

2. യോഗത്തിന്റെ സംഘാടകർ ഇപ്പോൾ ഇറക്കുന്ന നോട്ടീസുകളിലോ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളിലോ എം.എസ്.സാമുവലിന്റെ പേരില്ല.

എം.എസ്.സാമുവൽ ഈ പരിപാടിയുമായി സഹകരിക്കുന്നില്ല എന്നതിന്റെ തെളിവായി ഇതൊക്കെ എടുക്കാവുന്നതാണ്. എങ്കിലും എം.എസ്.സാമുവലോ സംഘാടകരോ ഔദ്യോഗികമായി ഒന്നും പറഞ്ഞിട്ടില്ല.

ദുരുപദേശക്കാരനായ തങ്കു പ്രസംഗിക്കുന്ന മീറ്റിംഗ് ഐ.പി.സിയുടെ ഒരു സ്റ്റേറ്റ് പ്രസിഡന്റ് ഉദ്ഘാടനം ചെയ്യുന്നത് ഒഴിവാക്കണം എന്നു ഡിഫെൻഡർ ആവശ്യപ്പെട്ടിരുന്നു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി എം.എസ്സ്.സാമുവൽ ഉദ്ഘാടനത്തിൽ നിന്നു പിൻമാറിയെങ്കിൽ ആ തീരുമാനം ഉചിതം തന്നെ.



# ദേഹിക്ക് എന്തു സംഭവിക്കുന്നു?

മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ടു സാധാരണക്കാർക്കുണ്ടാകുന്ന പ്രധാന സംശയങ്ങൾക്കെല്ലാമുള്ള മറുപടി 'മരിച്ചവർ എവിടെ' എന്ന പുസ്തകത്തിലുണ്ട്. എങ്കിലും പുസ്തകം ശ്രദ്ധിച്ചു വായിക്കാത്തതുകൊണ്ടോ വായിച്ചിട്ടും ഗ്രഹിക്കാത്തതുകൊണ്ടോ ഒക്കെ സംശയങ്ങൾ ഉണ്ടാകുന്നു. അത്തരത്തിലുള്ള ഒരു ചോദ്യത്തിനു മറുപടി പറയാനാണ് ഈ കുറിപ്പെഴുതുന്നത്.

മനുഷ്യൻ മരിക്കുമ്പോൾ ദേഹിക്ക് എന്തു സംഭവിക്കുന്നു?

ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിനു മുൻപ് ചില വസ്തുതകൾ വ്യക്തമാക്കട്ടെ: മനുഷ്യനിൽ ദേഹം, ആത്മാവ് എന്നീ ഘടകങ്ങൾ മാത്രമേയുള്ളൂ എന്നും ദേഹി എന്നു വിളിച്ചിരിക്കുന്നത് ആത്മാവിനെത്തന്നെയാണെന്നും വിശ്വസിക്കുന്നവരുണ്ട്. അങ്ങനെയുള്ളവർ താഴെ പറയുന്ന വാക്യങ്ങൾ വായിക്കുക. 1തെസ്സ.5:23, എബ്രാ.4:12. ''സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.''

''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.'' മനുഷ്യനിൽ ദേഹം, ദേഹി (പ്രാണൻ), ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ടെന്ന് ഈ വാക്യങ്ങൾ തെളിയിക്കുന്നു.

ആദ്യ മനുഷ്യനായ ആദത്തിന് ഈ മൂന്നു ഘടകങ്ങൾ എങ്ങനെ ലഭിച്ചു? ഉല്പ.2:7 വായിക്കുക: ''യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി ത്തീർന്നു.'' നിലത്തെ പൊടികൊണ്ടാണ് എല്ലാ മനുഷ്യരുടേയും ദേഹം ഉണ്ടാക്കിയിട്ടുള്ളത്. ആ ശരീരത്തിലേക്ക് ജീവശ്വാസം (റൂഹ-ആത്മാവ്) ഊതിയപ്പോൾ മനുഷ്യന് ദേഹി ലഭിച്ചു. ചുരുക്കിപ്പറഞ്ഞാൽ ദേഹത്തിൽ റൂഹ കടന്നപ്പോഴാണ് ദേഹി (പ്രാണൻ-ജീവൻ) ഉണ്ടായത്. മറ്റുള്ള മനുഷ്യർക്ക് ആത്മാവിനെ ലഭിച്ചതെങ്ങനെ? സെഖ.12:1 വായിക്കുക: ''ആകാശം വിരിക്കുകയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്.'' മനുഷ്യന്റെ ആത്മാവിനെ അവന്റെയുള്ളിൽ നിർമ്മിക്കയാണ് ദൈവം ചെയ്തുവരുന്നത്. ഏതു വിധത്തിലായാലും മനുഷ്യൻ ജീവനുള്ള ദേഹിയാകുന്നത് ശരീരത്തിനുള്ളിൽ ആത്മാവ് എത്തുമ്പോഴാണ്.

മനുഷ്യൻ മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? ഈ ചോദ്യത്തിനുള്ള ഉത്തരം ബൈബിളിൽത്തന്നെയുണ്ട്: ''പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും.'' അപ്പോൾ ദേഹി എവിടെപ്പോകുന്നു? പലരേയും കുഴയ്ക്കുന്ന ചോദ്യമാണിത്. പക്ഷേ വലിയ ബുദ്ധിമുട്ടു കൂടാതെ മനസ്സിലാക്കാവുന്ന പ്രശ്നമാണിത്. മനുഷ്യനു ദേഹി എങ്ങനെ ലഭിച്ചു എന്നു നാം കണ്ടുകഴിഞ്ഞല്ലോ. പൊടികൊണ്ടുണ്ടാക്കിയ ശരീരത്തിൽ ആത്മാവ് (റൂഹ) പ്രവേശിച്ചപ്പോഴാണ് മനുഷ്യനു ദേഹി ഉണ്ടായത്. അങ്ങനെയെങ്കിൽ ദേഹത്തിൽ നിന്ന് ആത്മാവു പുറത്തു പോകുമ്പോൾ ദേഹി - പ്രാണൻ- ഇല്ലാതാകും.

ഒരു ഉദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം. ഹൈഡ്രജനും ഓക്സിജനും ചേരുമ്പോൾ വെള്ളമുണ്ടാകുന്നു. ശുദ്ധജലത്തിൽ ഹൈഡ്രജനും ഓക്സിജനും മാത്രമേയുള്ളൂ. പക്ഷേ ഇവ തമ്മിൽ യോജിക്കുമ്പോൾ ജലം എന്നൊരു വസ്തു ഉണ്ടാകുന്നു. പക്ഷേ ജലത്തിൽ നിന്നു ഹൈഡ്രജനും ഓക്സിജനും വേർതിരിച്ചാൽ ജലം എന്നൊന്ന് ഇല്ലാതാകും.

മരണസമയത്ത് ആത്മാവു ശരീരത്തിൽ നിന്നു പുറത്തുവരുന്നു. അതിനുശേഷം ദൈവത്തിന്റെ അടുക്കലേക്കു പോകുന്നു. പാപികളുടെ ആത്മാവിനെ ദൈവം അധമ പാതാളത്തിലേക്ക് അയയ്ക്കുന്നു. കർത്താവിന്റെ ഉയിർപ്പു വരെയുള്ള കാലത്ത് വിശുദ്ധരുടെ ആത്മാക്കൾ പാതാളത്തിന്റെ ഏറ്റവും മുകളിലുള്ള അബ്രാമിന്റെ മടി (പറുദീസ) എന്ന സ്ഥലത്തേക്കാണു പോയിരുന്നത്. കർത്താവ് ഉയിർത്തപ്പോൾ വിശുദ്ധരുടെ ആത്മാക്കളെ തന്നോടൊപ്പം സ്വർഗ്ഗത്തിലേക്കു കൊണ്ടു പോയി. അതിനുശേഷം മരിക്കുന്ന വിശുദ്ധരുടെ ആത്മാക്കളെ ദൈവസന്നിധിയിലുള്ള വിശ്രമ സ്ഥലത്തേക്കാണു ദൈവം അയയ്ക്കുന്നത്.

മനുഷ്യർ ഉയിർക്കുന്നതെങ്ങനെ? ഭൂമിയിൽ പൊടിയായി കിടക്കുന്ന ശരീരം വീണ്ടും മനുഷ്യരൂപത്തിലാകുന്നു. ദൈവസന്നിധിയിൽ നിന്നോ അധമ പാതാളത്തിൽ നിന്നോ എത്തുന്ന ആത്മാവ് ശരീരത്തിനുള്ളിലേക്ക് പ്രവേശിക്കുന്നതോടെ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീരും. അങ്ങനെ ദേഹവും ദേഹിയും ആത്മാവുമുള്ള മനുഷ്യരായി എല്ലാവരും മാറും. ഈ ശരീരമാണ് നിത്യജീവനോ അഗ്നിനരകമോ പ്രാപിക്കുന്നത്.

കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ മരിച്ചവർ എവിടെ എന്ന പുസ്തകം ശ്രദ്ധിച്ചു വായിക്കുക.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഗൾഫിൽ നിന്നാണ് ഞാൻ ഈ കത്ത് എഴുതുന്നത്. അത്യന്തം ദു:ഖകരമായ ഒരു സ്ഥിതിവിശേഷമാണ് എന്റെ വീട്ടിലുള്ളത്. എന്റെ മാതാപിതാക്കൾ തികച്ചും നിഷ്ക്കളങ്കരാണ്. അതുകൊണ്ട് ആർക്കും അവരെ കബളിപ്പിക്കാമെന്നതാണു സത്യം. ഏതെങ്കിലും ഒരു പ്രവാചകൻ സഭയിൽ വന്നാൽ അയാളെയും കൂട്ടിക്കൊണ്ടു വരും. അയാൾ പറയുന്നതെല്ലാം വിശ്വസിക്കും. ഉപവസിക്കാൻ പറഞ്ഞാൽ ഉപവസിക്കും. കൈയ്യിലുള്ള പണമെല്ലാം പ്രവാചകനു കൊടുക്കും. ഇല്ലാത്ത ബന്ധനത്തിന്റെയും പോരാട്ടത്തിന്റെയും ശാപത്തിന്റെയും കഥകൾ പറഞ്ഞ് പ്രവാചകൻമാർ എന്റെ മാതാപിതാക്കളെ ചൂഷണം ചെയ്യുന്നു. ഇതൊക്കെ തടയാൻ ഞാൻ ശ്രമിച്ചുനോക്കി. പക്ഷേ അതു മറ്റൊരു പോരാട്ടമായിട്ടാണ് വ്യാഖ്യാനിക്കപ്പെട്ടത്. എന്തു ചെയ്യണമെന്നറിയാതെ ഞാൻ കുഴയുകയാണ്. ദയവായി ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ എഴുതണം.

■ എഴുതാം. പക്ഷേ അതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. കാരണം, ഡിഫെൻഡറിൽ എഴുതുന്നത് ഇത്തരക്കാർ വായിക്കാറില്ല. റ്റി.എസ്. ബാലനും ഡിഫെൻഡറും സാത്താന്യമാണെന്നത്രേ ഇത്തരക്കാരുടെ ഭാഷ്യം. ഡിഫെൻഡർ വായിച്ചാൽ നരകത്തിൽ പോകും എന്നു വിശ്വസിക്കുന്നവർ പോലുമുണ്ട്. ഡിഫെൻഡർ അശ്ലീല പത്രമാണെന്നും വീട്ടിൽ കയറ്റാൻ കൊള്ളില്ലെന്നും വരെ പ്രചരണമുണ്ട്. പക്ഷേ ഡിഫെൻഡറിൽ എവിടെയാണ് അശ്ലീലമുള്ളതെന്നു ചോദിച്ചാൽ അവർക്ക് ഉത്തരം മുട്ടും. ദൈവമക്കൾ ഡിഫെൻഡർ വായിച്ചാൽ സാത്താന്റെ തന്ത്രങ്ങൾ ഫലിക്കാതാകും. അതുകൊണ്ടു സാത്താനും അവന്റെ ദാസൻമാരും ചേർന്നു ഡിഫെൻഡറിനെതിരെ വ്യാജപ്രചരണം നടത്തുകയാണ്.

ഒന്നെങ്കിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്കു പുറത്ത് എന്നതാണു വിശ്വാസികളുടെ സ്ഥിതി. എന്തും ഏതും വിശ്വസിക്കുന്നവരാണ് ഒരു കൂട്ടർ. ഒന്നും വിശ്വസിക്കാത്തവരാണു മറ്റു ചിലർ. ഇതിനു രണ്ടിനും ഇടയിലൂടെയാണ് ശരിയായ പാത പോകുന്നത്.

ബന്ധനം, പോരാട്ടം, ശാപം എന്നൊക്കെ പറഞ്ഞു വിശ്വാസികളെ വിരട്ടുന്നവരെ സൂക്ഷിക്കുക. ഇവർ വ്യാജൻമാരായിരിക്കും. യഥാർത്ഥ ദൈവദാസൻമാർ വിശ്വാസികളെ ഭയപ്പെടുത്തുകയല്ല ധൈര്യപ്പെടുത്തുകയാണു ചെയ്യുക. വിശ്വാസികളോടു സാത്താൻ നിരന്തരം പോരാടിക്കൊണ്ടിരിക്കയാണ്. അത് ഏതെങ്കിലും പ്രവാചകൻ വിശേഷിച്ചു പറയേണ്ടതില്ല. പക്ഷേ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെട്ടു സാത്താനെ ജയിക്കുവാൻ നമുക്കു കഴിയും. കൂടാതെ, ശാപം എന്നതു ശുദ്ധ ഭോഷ്ക്കാണ്. വീണ്ടും ജനനം പ്രാപിച്ച വിശ്വാസിയിൽ ഒരു ശാപവും അവശേഷിക്കുകയില്ല. ഉണ്ടെന്നു വാദത്തിനായി സമ്മതിച്ചാലും ശാപം പൊട്ടിക്കാൻ ഒരു പ്രവാചകന്റേയും സഹായം ആവശ്യവുമില്ല. പത്രോസും പൗലോസും ശാപം പൊട്ടിക്കൽ ശുശ്രൂഷ നടത്തിയതായും അറിവില്ല. സാധുക്കളായ വിശ്വാസികളെ കബളിപ്പിക്കാൻ കള്ളപ്രവാചകൻമാർ കണ്ടുപിടിച്ച വിദ്യകളാണ് ഇവയൊക്കെ.

ഈയിടെ ഗൾഫിലെത്തിയ ഒരു ഭൂതമിറക്കു സ്പെഷ്യലിസ്റ്റ് സാക്ഷാൽ ലൂസിഫറിനെ വരെ ഇറക്കി വിട്ടിട്ടുണ്ടത്രേ. ഇത്ര വലിയ ഭോഷ്ക്കു പറയുന്നതിലൂടെ ഈ പ്രവാചകൻ ഭോഷ്ക്കിന്റെ പിതാവായ ലൂസിഫറിനെയാണ് അപമാനിക്കുന്നത്. സാധാരണക്കാരനായ ഒരു മനുഷ്യന്റെ ശരീരത്തിൽ കയറിയിരിക്കുന്നത്ര ചീപ്പല്ല പ്രധാന ദൂതരിൽ ഒരാളായിരുന്ന ലൂസിഫർ.

ഏതു കള്ളനേയും സ്വീകരിക്കാൻ വിശ്വാസികൾ തയ്യാറുള്ളിടത്തോളം കാലം ഈ സ്ഥിതിക്കു മാറ്റം വരുകയില്ല. പക്ഷേ കള്ളൻമാരെ വീട്ടിൽ കയറ്റുകയില്ലെന്നും ഊടാടി നടക്കുന്നവർക്കു പണം കൊടുക്കുകയില്ലെന്നും ദൈവമക്കൾ തീരുമാനിക്കണം. ക്ഷണിക്കപ്പെടാത്ത അതിഥികളായെത്തുന്നവർക്കു സഭയിൽ മിണ്ടാൻ പോലും അവസരം കൊടുക്കുകയില്ല എന്നു പാസ്റ്റർമാരും തീരുമാനിക്കണം. അതോടെ ഈ വ്യാജൻമാരുടെ സ്ഥിതി പരുങ്ങലിലാകും. ആസന്ന ഭാവിയിൽ ഈ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും.

പക്ഷേ പൂച്ചയ്ക്കാരു മണികെട്ടും എന്നു ചോദിച്ചതുപോലെയാണു കാര്യങ്ങൾ. ഈ വ്യാജൻമാർ ദൈവദാസൻമാരാണെന്നും ഇവർക്കു പണം കൊടുത്തില്ലെങ്കിൽ ദൈവം കോപിക്കുമെന്നുമാണ് മിക്കവരും ധരിച്ചുവച്ചിരിക്കുന്നത്. പക്ഷേ ഇത്തരക്കാർക്കു ദൈവവുമായി ഒരു ബന്ധവുമില്ലെന്ന സത്യം ദൈവമക്കൾ തിരിച്ചറിയണം. ''ദൈവം ചോദിക്കട്ടെ'' എന്ന ചിന്താഗതി മാറ്റണം. വ്യാജൻമാരോട് എങ്ങനെ പെരുമാറണമെന്നതിന്റെ ഉദാഹരണമാണ് ഏതാനും മാസം മുൻപു കുവൈറ്റിൽ കണ്ടത്. കെ.എ.ഏബ്രഹാമിന്റെ അനുജനായ കെ.എ.തോമസ് കുവൈറ്റുകാരുടെ കൈക്കരുത്ത് ശരിക്കറിഞ്ഞു. ദൈവമക്കൾ ഈ രീതിയിൽ പ്രതികരിച്ചാൽ വ്യാജൻമാരുടെ കുറ്റിയറ്റുപോകും.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ -അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

വീണ്ടും ജനനം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡറിന്റെ വിശ്വാസം:

''യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും വായ് കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതിലൂടെ മാത്രമേ നിത്യരക്ഷ പ്രാപിക്കാൻ കഴിയൂ. പരിശുദ്ധാത്മാവിനാലും ദൈവ വചനത്താലും വീണ്ടും ജനിക്കാതെ നിത്യജീവൻ ലഭിക്കുന്നതല്ല.''

ഏറ്റവും ഗൗരവമുള്ള വിഷയങ്ങളിൽ ഒന്നാണ് വീണ്ടും ജനനം എന്നത്. കാരണം, രക്ഷയെ ബാധിക്കുന്ന വിഷയമാണിത്. അതുകൊണ്ട് ഈ വിഷയം അതീവ ഗൗരവത്തോടെ പഠനവിധേയമാക്കേണ്ടതാണ്.

വീണ്ടും ജനനം എന്ന വിഷയത്തേക്കുറിച്ചു സംസാരിക്കുമ്പോൾ കർത്താവായ യേശുക്രിസ്തു നിക്കോദെമോസിനോട് ഇപ്രകാരം പറഞ്ഞു: ''യേശു അവനോട്: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല എന്ന് പറഞ്ഞു.'' വീണ്ടും ജനനം പ്രാപിക്കാതെ ദൈവരാജ്യം കാണാൻ കഴിയുന്നതല്ല എന്നു കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞിരിക്കെ ഈ വിഷയം നിസ്സാരമായി തള്ളിക്കളയാനാവില്ല.

വീണ്ടും ജനിക്കണം എന്നു കർത്താവായ യേശുക്രിസ്തു പറഞ്ഞെങ്കിലും നിക്കോദെമോസിന് വിഷയം മനസ്സിലായില്ല. അതുകൊണ്ട് നിക്കോദെമോസ് കർത്താവിനോടു വിശദീകരണം ആവശ്യപ്പെട്ടു: ''നിക്കോദേമൊസ് അവനോട്: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു.'' വീണ്ടും ജനിക്കണം എന്നു പറഞ്ഞാൽ ആരും ചോദിക്കുക ഇത്തരത്തിലുള്ള ചോദ്യമായിരിക്കും. അതുകൊണ്ട് ഈ ചോദ്യത്തിനു കർത്താവ് മറുപടി നൽകുകയും ചെയ്തു:

''അതിനു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു.''

വിശ്വാസസ്നാനത്തേക്കുറിച്ചാണ് കർത്താവ് ഇവിടെ പറയുന്നതെന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. വെള്ളം എന്ന വാക്കാണ് ഈ തെറ്റിദ്ധാരണയ്ക്ക് ആധാരം. പക്ഷേ ഈ വാക്യങ്ങൾക്ക് വിശ്വാസസ്നാനവുമായി ഒരു ബന്ധവുമില്ല. സ്നാനമേൽക്കുന്ന സമയത്ത് ആരും വീണ്ടും ജനനം പ്രാപിക്കുന്നുമില്ല. വിശ്വാസസ്നാനത്തേക്കുറിച്ചു വിശദീകരിക്കുമ്പോൾ ഈ വിഷയം വ്യക്തമാക്കാം. ഇപ്പോൾ വീണ്ടും ജനനം എന്ന വിഷയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാം.

വീണ്ടും ജനനം എന്താണെന്നു പൗലോസ് വ്യക്തമാക്കുന്നുണ്ട്: ''ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതിയതായി തീർന്നിരിക്കുന്നു.'' 2 കൊരി.5:17. ഒരുവൻ ക്രിസ്തുവിലായി എന്നു പറയുന്നത് അവൻ പുതിയ സൃഷ്ടിയായിക്കഴിയുമ്പോഴാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പുതിയ സൃഷ്ടി ആകാത്തവർ ക്രിസ്തുവിലായിട്ടില്ല.

ഇതോടുള്ള ബന്ധത്തിൽ മറ്റൊരു വാക്യവും ശ്രദ്ധേയമാണ്. ''പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം.'' ഗലാ.6:15.

വീണ്ടും ജനനം എങ്ങനെയാണു നടക്കുന്നതെന്നു പത്രോസ് വ്യക്തമാക്കുന്നുണ്ട്: ''കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.'' 1 പത്രോ.1:22. വീണ്ടും ജനനം നടക്കുന്നതു ദൈവവചനത്താലാണെന്ന വസ്തുത പത്രോസ് വിശദീകരിക്കുന്നു.

വീണ്ടും ജനിക്കേണ്ട ആവശ്യകത എന്ത് എന്നതാണ് പ്രസക്തമായ മറ്റൊരു ചോദ്യം. ദൈവവചനപ്രകാരം ജീവിച്ചാൽ പോരേ? ഇതര മതങ്ങളിലെന്ന പോലെ പുണ്യപ്രവൃത്തികൾ ചെയ്തു ജീവിച്ച് ആത്മസാക്ഷാത്ക്കാരം പ്രാപിക്കരുതോ?

വീണ്ടും ജനനം എന്നത് എത്രത്തോളം പ്രാധാന്യമുള്ള ഉപദേശമാണെന്നു സാത്താനറിയാം. അതുകൊണ്ടത്രേ ഈ വിഷയം ഒളിച്ചു വയ്ക്കാൻ സാത്താൻ ശ്രമിക്കുന്നത്. സുവിശേഷമെന്ന പേരിൽ നാം കേൾക്കുന്ന പ്രസംഗങ്ങളിൽ വളരെ ചുരുക്കം ആളുകൾ മാത്രമേ വീണ്ടും ജനനത്തേക്കുറിച്ചു പറയുന്നുള്ളൂ. സുവിശേഷ പ്രചരണത്തിനായി അഹോരാത്രം അധ്വാനിക്കുന്നു എന്നവകാശപ്പെടുന്ന പവ്വർ വിഷനിൽ വീണ്ടും ജനനം എന്ന വാക്കുപോലും അപൂർവ്വമായി മാത്രമേ കേൾക്കുന്നുള്ളൂ. ഇന്നത്തെ ഭൂരിപക്ഷം കൺവൻഷനുകളിലും ക്രൂസേഡുകളിലും വീണ്ടും ജനനം എന്ന വിഷയം പ്രസംഗിക്കപ്പെടുന്നില്ല. പക്ഷേ വീണ്ടും ജനനത്തിന്റെ ഉപദേശം ഒഴിവാക്കിയാൽ സുവിശേഷം സുവിശേഷമല്ലാതാകും. മനുഷ്യനു നിത്യജീവൻ പ്രാപിക്കാൻ സഹായകമാകാത്ത പ്രസംഗങ്ങൾ മറ്റെന്തായാലും സുവിശേഷപ്രസംഗമല്ല.

വീണ്ടും ജനനം എന്നത് രക്ഷയ്ക്ക് അത്യന്താപേക്ഷിതമായതെന്തുകൊണ്ട് എന്നതാണല്ലോ പഠനവിഷയം. ആ വിഷയത്തിലേക്കു കടക്കുന്നതിനു മുൻപ് ചില തെറ്റിദ്ധാരണകൾ തിരുത്തേണ്ടതുണ്ട്.

നിത്യരക്ഷ, നിത്യ ജീവൻ, ആത്മരക്ഷ എന്നൊക്കെ പറയുമ്പോൾ ആത്മാവ് എന്നൊരു സാധനം സ്വർഗ്ഗത്തിൽ പോകുന്ന കാര്യമാണു പറഞ്ഞു വരുന്നത് എന്നാണു പലരും മനസ്സിലാക്കുന്നത്. പക്ഷേ രക്ഷ എന്നതുകൊണ്ട് ബൈബിൾ അതല്ല അർത്ഥമാക്കുന്നത്. ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുള്ള ഏക വ്യക്തിയാണു മനുഷ്യൻ. (കൂടുതൽ വിവരങ്ങൾ നാലാം പേജിൽ). മനുഷ്യൻ മരിക്കുമ്പോൾ ശരീരം പൊടിയിലേക്കു തിരികെ ചേരും. ആത്മാവ് ദൈവത്തിങ്കലേക്കു മടങ്ങിപ്പോകും. ശരീരവും ആത്മാവും തമ്മിൽ വേർപിരിയുന്നതോടെ ദേഹി ഇല്ലാതാകും. പക്ഷേ ഇതു താത്ക്കാലികമായ വേർപിരിയൽ മാത്രമാണ്. നിത്യതയിൽ മനുഷ്യർ ഏതു വിധത്തിലായിരിക്കും എന്നു ദൈവവചനം വ്യക്തമാക്കുന്നുണ്ട്.

''നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.'' 1തെസ്സ.5:23

മരിച്ചുപോയ ദൈവമക്കൾ കർത്താവായ യേശുക്രിസ്തു മടങ്ങി വരുമ്പോൾ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും. ഈ സംഭവം നടന്നു കഴിയുമ്പോൾ ദേഹവും ദേഹിയും ആത്മാവും ഉള്ളവരായി ദൈവമക്കൾ കർത്താവിനോടൊപ്പം ആയിരിക്കും. വെറും ആത്മാവു മാത്രമല്ല നിത്യതയിൽ കടക്കുന്നത് എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയം ഇവിടെ പറയാൻ കാരണമുണ്ട്. നിത്യജീവൻ പ്രാപിക്കുന്നവർക്ക് ദേഹവും ദേഹിയും ആത്മാവും ഉണ്ടായിരിക്കും, ഉണ്ടായേ മതിയാകൂ. ചത്തു കിടക്കുന്ന ആത്മാവുമായി നിത്യതയിൽ പ്രവേശിക്കാനാവില്ല. ഈ വിഷയം മനസ്സിലാക്കാൻ താഴെ പറയുന്ന വാക്യം ഉപകരിക്കും: ''എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവനു ഭോഷത്തം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിക്കുവാൻ കഴിയുന്നതുമല്ല. ആത്മികനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല.'' 1കൊരി.2:14,15.

ഇവിടെ പൗലോസ് രണ്ടുതരം മനുഷ്യരെപ്പറ്റി പറയുന്നു: 1. പ്രാകൃതമനുഷ്യൻ. 2. ആത്മീയൻ. പ്രാകൃത മനുഷ്യൻ എന്നതിന് ഗ്രീക്കിൽ psookheekos എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. psookhee എന്നതിനു ദേഹി എന്നർത്ഥം. ആത്മീയൻ എന്നതിനു phyoomatikos എന്നാണു ഗ്രീക്കിൽ പറയുന്നത്. ആത്മാവ് എന്നർത്ഥം വരുന്ന phyooma എന്ന വാക്കിൽ നിന്നാണ് ഈ വാക്കുണ്ടായിരിക്കുന്നത്. എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്? വിശദീകരിക്കാം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഏതു വിധത്തിലാണ്? ഉല്പ.2:7 നോക്കുക: ''യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.'' ആദ്യ മനുഷ്യനായ ആദത്തിന് ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ടായിരുന്നു. ആദത്തോട് ദൈവം ഇപ്രകാരം അരുളിച്ചെയ്തു: ''തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നൻമതിൻമകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും.'' ഉല്പ.2:16,17.

ഈ പറഞ്ഞത് അക്ഷരാർത്ഥത്തിൽ നിറവേറിയോ? ഇല്ലെന്നു നമുക്കറിയാം. കാരണം, പാപം ചെയ്ത ദിവസം ആദം അക്ഷരാർത്ഥത്തിൽ മരിച്ചില്ല. 930 വർഷം ജീവിച്ചശേഷമാണ് ആദ്യം മരിച്ചത്. പക്ഷേ പാപം ചെയ്തതോടെ എന്തോ സംഭവിച്ചു. അതുകൊണ്ടാണല്ലോ അവർക്കു നഗ്നതാബോധമുണ്ടായത്. എന്താണു പാപം ചെയ്ത ദിവസം സംഭവിച്ചത്? ദൈവം പറഞ്ഞതുപോലെ ആദം അന്നു മരിച്ചു. പക്ഷേ അത് അക്ഷരാർത്ഥത്തിലുള്ള മരണമായിരുന്നില്ല എന്നു മാത്രം. അക്ഷരാർത്ഥത്തിലുള്ള മരണത്തിൽ ദേഹത്തുനിന്ന് ആത്മാവു വേർപിരിയുന്നു. പക്ഷേ ആദം പാപം ചെയ്ത ദിവസം അവന്റെ ആത്മാവു മരിച്ചു. ''ആത്മാവു മരിച്ചു'' എന്നു പറയുന്നത് അക്ഷരാർത്ഥത്തിലല്ല ആത്മീയ അർത്ഥത്തിലാണ് എന്നതു പ്രത്യേകം ശ്രദ്ധിക്കുക. ആത്മാവ് ആത്മീയമായി മരിച്ചതോടെ ദേഹി ബലപ്പെടുകയും ആത്മാവിന്റെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ ആദം ആത്മീയമായി മരിച്ചവനും ദേഹിയാൽ നടത്തപ്പെടുന്നവനുമായിത്തീർന്നു.

ആദാമിന്റെ സന്തതികളാണ് ഇന്നു ലോകത്തുള്ള എല്ലാ മനുഷ്യരും. അതുകൊണ്ട് സകല മനുഷ്യരിലും മരണം വ്യാപിച്ചിരിക്കുന്നു. പ്രാകൃതമനുഷ്യൻ - അതായത് പ്രകൃത്യായുള്ള മനുഷ്യൻ - ആത്മീയമായി മരിച്ച ആത്മാവുമായാണു ജനിക്കുന്നത്. അതുകൊണ്ടാണ് ''ആദാമിൽ എല്ലാവരും മരിക്കുന്നു'' എന്നു പൗലോസ് പറയുന്നത്. 1കൊരി. 15:22. പക്ഷേ ക്രിസ്തുവിൽ എല്ലാവരും ജീവിക്കും. ''ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും.''

പ്രാകൃത മനുഷ്യനിൽ ആത്മാവു മരിച്ചു കിടക്കുകയാണ്. ദേഹി ആത്മാവിന്റെ സ്ഥാനം ഏറ്റെടുത്ത് പ്രവർത്തിക്കുന്നു. അവനാണ് psookheekos. കാരണം ദേഹി - psookhee - ആണ് അവനെ നിയന്ത്രിക്കുന്നത്. പക്ഷേ ക്രിസ്തുവിങ്കലേക്കു വരുമ്പോൾ അവൻ ജീവിക്കും. അതോടെ അവന്റെ ആത്മാവു ജീവനുള്ളതായി മാറും - ഉയിർക്കും. ആത്മാവിനു ജീവൻ ലഭിക്കുന്നതോടെ അവൻ ആത്മീയനായിത്തീരും, വീണ്ടും ജനിച്ചവനാകും. ''അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു'' (എഫേ.2:1) എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്.

ലോകത്തുള്ള മനുഷ്യരെ രണ്ടായി തിരിക്കാം: വീണ്ടും ജനനം പ്രാപിക്കാത്തവൻ (പ്രാകൃതൻ), വീണ്ടും ജനിച്ചവൻ (ആത്മീയൻ). പ്രാകൃത മനുഷ്യന് ആത്മീയ കാര്യങ്ങൾ മനസ്സിലാക്കാനാവില്ല. കാരണം, അവന്റെ ആത്മാവു മരിച്ചു കിടക്കുകയാണ്. വീണ്ടും ജനിക്കാതെ അവനു ദൈവരാജ്യം കാണാൻ കഴിയുന്നതല്ല. പക്ഷേ വീണ്ടും ജനനം പ്രാപിച്ചവന്റെ ആത്മാവിനു ജീവനുണ്ട്. അവനിൽ നിത്യജീവനുമുണ്ട്.

വീണ്ടും ജനനം എന്നത് എത്രത്തോളം പ്രാധാന്യമുള്ള വിഷയമാണെന്നു വ്യക്തമാക്കാനാണ് ഈ വിഷയം ഇത്രയും വിശദീകരിച്ചത്. വീണ്ടും ജനിക്കാത്ത മനുഷ്യൻ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവനാണ്. അവനിൽ നിത്യജീവനില്ല. ജഡത്താൽ ജനിച്ചതു ജഡമാകുന്നു. അതുകൊണ്ട് ഏതു കുടുംബത്തിൽ ജനിച്ചാലും ആത്മീയമായി മരിച്ചവരായാണ് ഏവരും ജനിക്കുന്നത്. ആദാമിൽ എല്ലാവരും മരിക്കുന്നു എന്നതാണു കാരണം. നിത്യജീവൻ പ്രാപിക്കാൻ ഒരു മാർഗ്ഗമേയുള്ളൂ: ക്രിസ്തു. ആദാമിലൂടെ മനുഷ്യവർഗ്ഗത്തിൽ കടന്നതായ മരണം ക്രിസ്തുവിലൂടെയാണു മാറിപ്പോകുന്നത്, ക്രിസ്തുവിലൂടെ മാത്രമേ മാറിപ്പോകൂ. വീണ്ടും ജനനം പ്രാപിക്കുന്നതിലൂടെയാണ് ഇതു സാദ്ധ്യമാകുന്നത്.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: സകല മനുഷ്യരും ആത്മീയമായി മരിച്ചവരായാണു ജനിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിലൂടെ മാത്രമേ വീണ്ടും ജനനം പ്രാപിക്കാനാകൂ. ഇപ്രകാരം വീണ്ടും ജനിക്കാതെ നിത്യജീവൻ ലഭിക്കുന്നതല്ല. അതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് വീണ്ടും ജനിക്കേണ്ടത് നിത്യരക്ഷക്ക് തികച്ചും ആവശ്യം തന്നെ.


## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 96564 32921**

# ബിലെയാമിന്റെ വഞ്ചന – കെ.സിയുടേയും

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളും സാധാരണക്കാരും തമ്മിൽ എന്താണു വ്യത്യാസം? അവർ വീണ്ടും ജനിച്ചവരാണ് -രക്ഷിക്കപ്പെട്ടവരാണ്- എന്നതു തന്നെ വ്യത്യാസം. ഈ വ്യത്യാസം ഇല്ലാതായാൽ അവർ സാധാരണ മനുഷ്യരേപ്പോലെയാകും. ഈ വസ്തുത മറ്റുള്ളവരേക്കാളും നന്നായറിയുന്നതു സാത്താനാണ്. അതുകൊണ്ടത്രേ സാത്താൻ ദൈവമക്കളുടെ നിസ്തുലത തകർക്കാൻ നിരന്തരം ശ്രമിക്കുന്നത്. പഴയനിയമത്തിൽ നിന്ന് ഒരു ദൃഷ്ടാന്തം എടുത്തുകൊണ്ട് ഈ വിഷയം വിശദീകരിക്കാം:

സാത്താന്റെ ദാസൻമാർ ചെയ്തുകൂട്ടുന്ന തിൻമകളേക്കുറിച്ച് യൂദാ ഇപ്രകാരം പറയുന്നു: ''അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കുകയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്നു.'' യൂദാ.11

ഇതേപ്പറ്റി പത്രോസ് പറയുന്നതിങ്ങനെ: ''അവർ നേർവഴി വിട്ടു തെറ്റി ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴിയിൽ നടന്നു;'' 2പത്രോ.2:15.

ബിലെയാമിന്റെ വഞ്ചന എന്നു പറയുന്നതിലൂടെ യൂദാ എന്താണ് അർത്ഥമാക്കുന്നത്? അതറിയണമെങ്കിൽ സംഖ്യ 22-24 അദ്ധ്യായങ്ങൾ നോക്കണം. യുദ്ധം ചെയ്ത് യിസ്രായേൽ ജനത്തെ തോല്പിക്കാനാവില്ല എന്നു മനസ്സിലാക്കിയ മോവാബ്യ രാജാവ് തികച്ചും വിചിത്രമായ ഒരു തന്ത്രമാണു പ്രയോഗിച്ചത്. ബിലെയാമിനു കൂലി കൊടുത്തു കൊണ്ടുവന്ന് യിസ്രായേലിനെതിരെ ശാപം ചൊരിയാൻ ശ്രമിച്ചു. പക്ഷേ യിസ്രായേലിനെ ശപിക്കാൻ ദൈവം ബിലെയാമിനെ അനുവദിച്ചില്ല. അങ്ങനെ ആ പദ്ധതി പൊളിഞ്ഞു.

ഇനിയെന്ത് എന്നതായി മോവാബ്യ രാജാവിന്റെ ചിന്ത. രാജാവു നൽകുന്ന കൂലിയിൽ കൊതിപൂണ്ട ബിലെയാം രാജാവിനു മറ്റൊരു തന്ത്രം ഉപദേശിച്ചു കൊടുത്തു. യിസ്രായേൽ എന്നതു തനിച്ചു പാർക്കുന്ന ജനമാണ്. ലോക ജാതികളിൽനിന്ന് അവർ വേർപാടു കാത്തു സൂക്ഷിക്കുന്നു. ഈ വേർപാടാണ് അവരെ വ്യത്യസ്തരാക്കുന്നത്. അവിശ്വാസികളുമായുള്ള ഈ വേർപാടു നഷ്ടമായാൽ അവർ ക്രമേണ അന്യ ദൈവങ്ങളിലേക്കു തിരിയും. അതോടെ അവരുടെ ശക്തി ക്ഷയിക്കും. ദൈവം തന്നെ അവരുടെ ശത്രുവാകും. അതോടെ അവർ നശിക്കും. (സംഖ്യ.31:16). ഈ ഉപദേശം മോവാബ് രാജാവിനു ബോധിച്ചു. ഉടൻതന്നെ അവൻ അതു പ്രാവർത്തികമാക്കി. ബൈബിൾ പറയുന്നു:

''യിസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യസ്ത്രീകളുമായി പരസംഗം തുടങ്ങി. അവർ ജനത്തെ തങ്ങളുടെ ദേവൻമാരുടെ ബലികൾക്കു വിളിക്കുകയും ജനം ഭക്ഷിച്ച് അവരുടെ ദേവൻമാരെ നമസ്കരിക്കുകയും ചെയ്തു. യിസ്രായേൽ ബാൽപെയോരിനോടു ചേർന്നു, യഹോവയുടെ കോപം യിസ്രായേലിന്റെ നേരെ ജ്വലിച്ചു. യഹോവ മോശെയോട്: ജനത്തിന്റെ തലവൻമാരെയൊക്കെയും കൂട്ടി യഹോവയുടെ ഉഗ്രകോപം യിസ്രായേലിനെ വിട്ടുമാറേണ്ടതിന് അവരെ യഹോവയുടെ മുമ്പാകെ പരസ്യമായി തൂക്കിക്കളയുക എന്നു കല്പിച്ചു'' സംഖ്യ.25: 1-4.

യിസ്രായേല്യർ ജാതികളുമായി ഇണയല്ലാപ്പിണ കൂടി. ഏറെ താമസിയാതെ അവർ അന്യദൈവങ്ങളെ ആരാധിക്കുകയും ചെയ്തു.

ഇത് ദൈവമക്കൾ ഒരു മാർമ്മിക വിഷയമായി എടുക്കേണ്ടതാണ്. ഇണയല്ലാപ്പിണയുടെ അനന്തരഫലം അന്യദൈവാരാധനയാണ്. അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടിയാൽ അന്യ ദൈവങ്ങളെ ആരാധിക്കേണ്ടതായി വരും. കാരണം, ഇണയല്ലാപ്പിണ എന്നത് സാത്താന്യ തന്ത്രമാണ്. ആ കെണിയിൽ വീഴുന്നവർ സാത്താന്റെ സ്വാധീന വലയത്തിൽ ആകാതെ തരമില്ല. ആഹാബുമായി കൂട്ടുകൂടിയ യെഹോശാഫാത്ത് ഒടുവിൽ നിലവിളിക്കേണ്ടതായി വന്നു. പക്ഷേ നെഹമ്യാവ് ഇത്തരം ഒരു വിഡ്ഢിത്തം കാണിച്ചില്ല. സൻബല്ലത്തും തോബിയാവും സഹായ വാഗ്ദാനവുമായെത്തിയപ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന കെണി കണ്ടറിയാൻ നെഹമ്യാവിനു കഴിഞ്ഞു. ഇതു നമുക്കു ദൃഷ്ടാന്തമായി എഴുതിയിരിക്കയാണ്.



ഇണയല്ലാപ്പിണ എന്നത് ദൈവം എത്രത്തോളം വെറുക്കുന്ന കാര്യമാണെന്നതിന് സംഖ്യ 25ലെ സംഭവങ്ങൾ തെളിവാണ്. ബിലെയാമിന്റെ വഞ്ചനയിൽ അകപ്പെട്ട് മൊവാബ്യ സ്ത്രീകളെ ഭാര്യയാക്കിയ ഒരു യിസ്രായേല്യനോട് ഫിനെഹാസ് ചെയ്തതെന്തെന്നു നോക്കു:

''മോശെയും സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ കരഞ്ഞുകൊണ്ടിരിക്കുന്ന യിസ്രായേൽ മക്കളുടെ സർവ്വസഭയും കാൺകെ, ഒരു യിസ്രായേല്യൻ തന്റെ സഹോദരൻമാരുടെ മദ്ധ്യത്തിലേക്ക് ഒരു മിദ്യാന്യ സ്ത്രീയെ കൊണ്ടുവന്നു. അഹരോൻ പുരോഹിതന്റെ മകനായ എലെയാസാരിന്റെ മകൻ ഫീനെഹാസ് അതു കണ്ടപ്പോൾ സഭയുടെ മദ്ധ്യേനിന്ന് എഴുന്നേറ്റു കയ്യിൽ ഒരു കുന്തം എടുത്തു, ആ യിസ്രായേല്യന്റെ പിന്നാലെ അന്തഃപുരത്തിലേക്കു ചെന്ന് ഇരുവരെയും, ആ യിസ്രായേല്യനെയും ആ സ്ത്രീയെയുംതന്നേ, അവളുടെ ഉദരം തുളയും വണ്ണം കുത്തി, അപ്പോൾ ബാധ യിസ്രായേൽ മക്കളെ വിട്ടുമാറി.'' സംഖ്യ. 25:6-8. ഫീനെഹാസ് ചെയ്തതു തെറ്റായിപ്പോയി എന്നു പറയുന്നവരുണ്ടാകാം. കുറ്റം ചെയ്തവരെ ശിക്ഷിക്കാൻ മോശെയുണ്ട്, യിസ്രായേലിലെ മൂപ്പൻമാരുണ്ട്, ഫീനെഹാസിന്റെ വല്യപ്പനായ അഹരോനും അപ്പനായ എലെയാസറുമുണ്ട്. ഇവരോട് ഒരു വാക്കു ചോദിക്കപോലും ചെയ്യാതെ ഫീനെഹാസ് തോന്ന്യാസം കാണിച്ചിരിക്കുന്നു. അവനെ കൊല്ലണം. ഇതാകില്ലേ കണ്ടവരൊക്കെ പറയുക? പക്ഷേ ഫീനെഹാസിന്റെ കുത്തു ഫലിച്ചു. ബാധ യിസ്രായേൽ മക്കളെ വിട്ടുമാറി. ഇക്കാലത്ത് അക്ഷരാർത്ഥത്തിൽ കുത്താനാവില്ല. അതുകൊണ്ട് ആത്മീയാർത്ഥത്തിലെങ്കിലും കുത്താൻ ആളുണ്ടായാൽ പെന്തക്കോസ്ത് നന്നാകും.

ഫിനെഹാസിന്റെ പ്രവൃത്തിയേക്കുറിച്ച് സർവ്വശക്തനായ ദൈവം പറയുന്നതിങ്ങനെ:

''ഞാൻ എന്റെ തീക്ഷ്ണതയിൽ യിസ്രായേൽമക്കളെ സംഹരിക്കാതിരിക്കേണ്ടതിന് അഹരോൻ പുരോഹിതന്റെ മകനായ എലെയാസാരിന്റെ മകൻ ഫീനെഹാസ് അവരുടെ ഇടയിൽ എനിക്കുവേണ്ടി തീക്ഷ്ണതയുള്ളവനായി എന്റെ ക്രോധം യിസ്രായേൽ മക്കളെ വിട്ടു പോകുമാറാക്കിയിരിക്കുന്നു. ആകയാൽ ഇതാ, ഞാൻ അവന് എന്റെ സമാധാനനിയമം കൊടുക്കുന്നു. അവൻ തന്റെ ദൈവത്തിനുവേണ്ടി തീക്ഷ്ണതയുള്ളവനായി യിസ്രായേൽമക്കൾക്കുവേണ്ടി പ്രായശ്ചിത്തം കഴിച്ചതുകൊണ്ട് അത് അവനും അവന്റെ സന്തതിക്കും നിത്യപൗരോഹിത്യത്തിന്റെ നിയമമാകുന്നു എന്നു നീ പറയണം.'' സംഖ്യ. 25:11-13.

ഫീനെഹാസിന്റെ പ്രവൃത്തി ദൈവത്തിന് എത്രത്തോളം ഹിതകരമായി എന്നതിന്റെ തെളിവാണ് ഈ വാക്യങ്ങൾ. ദൈവം ഉഗ്രമായി കോപിക്കുന്ന പാപമാണ് ഇണയല്ലാപ്പിണ എന്നത്. അതു ചെയ്യുന്നവനെ ഒരു ദയയും കൂടാതെ വിമർശിക്കണം. കുന്തത്തിൽ കോർക്കുക എന്നത് എത്രത്തോളം കഠിനമായ പ്രവൃത്തിയാണോ അത്രത്തോളം കഠിനമായ ആത്മീയ നടപടിയാണ് ഇത്തരക്കാർക്കെതിരെ ഉണ്ടാകേണ്ടത്. ഇതു ദൈവത്തിനു പ്രസാദമുണ്ടാക്കുന്ന പ്രവൃത്തിയാണ്. ഇങ്ങനെ ചെയ്യുന്നതു പാപമാണെന്നും ദൈവം കോപിക്കുമെന്നും മറ്റും പറഞ്ഞു പേടിപ്പിക്കാൻ ആളുണ്ടാകും. പക്ഷേ അത്തരക്കാരെ അവഗണിക്കുക. ദൈവവചനം എന്തു പറയുന്നു എന്നു മാത്രം നോക്കിയാൽ മതി.

ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്. അടുത്ത കാലത്തായി പെന്തക്കോസ്തിൽ നടമാടുന്ന തോന്ന്യാസങ്ങൾ കണ്ടിട്ട് സഹിക്കാൻ കഴിയുന്നില്ല. ഭൂരിപക്ഷം വൃത്തികേടുകളും നടക്കുന്നത് ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജേണിന്റെ നേതൃത്വത്തിലാണെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

കെ.സി.ജോണിന്റെ നേതൃത്വത്തിൽ നടക്കുന്ന പവ്വർ വിഷൻ തന്നെ ഉദാഹരണമായെടുക്കാം. വിശ്വാസികളും അവിശ്വാസികളും തമ്മിൽ കൂട്ടുകൂടുന്നതു തെറ്റല്ല. പക്ഷേ കൂട്ടായ്മ പാടില്ല. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ വിശ്വാസികളും അവിശ്വാസികളും തമ്മിൽ ഭൗതീക വിഷയത്തിൽ സമ്പർക്കമാകാം. പക്ഷേ ആത്മീയ വിഷയത്തിൽ ഒരു വിധത്തിലുള്ള ബന്ധവും ഉണ്ടാകരുത്. ദൈവമക്കൾ -വിശ്വാസികൾ- എന്നതിന് ഐ.പി.സി കൊടുക്കുന്ന നിർവ്വചനം തന്നെയാണ് ഡിഫെൻഡറും കൊടുക്കുന്നത്. ഇനി പവ്വർ വിഷനിൽ എന്താണു നടക്കുന്നതെന്നു ശ്രദ്ധിക്കൂ:

1. പണം കൊടുക്കാൻ തയ്യാറുള്ള ഏവർക്കും പ്രോഗ്രാം നടത്താം. ഉപദേശം എന്ത് എന്നതു പ്രശ്നമാക്കുന്നതേയില്ല. ഇപ്പോൾ ശാബതുകാർ വരെ പവ്വർ വിഷനിലൂടെ ദുരുപദേശം പ്രചരിപ്പിക്കുന്നു.
2. തങ്കു, മുല്ലക്കര തുടങ്ങിയ ദുരുപദേശക്കാർ അവരുടെ ദുരുപദേശങ്ങൾ പവ്വർ വിഷനിലൂടെ നിരന്തരം പ്രചരിപ്പിക്കുന്നു. ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുൻപിൽ പരാജയപ്പെട്ടവനാണെന്നും അവനെ ആരാധിക്കരുതെന്നും തങ്കു പ്രസംഗിച്ചത് പവ്വർ വിഷനിലൂടെയാണ്.
3. രക്ഷിക്കപ്പെടുക എന്നാൽ എന്ത് എന്നുപോലും അറിഞ്ഞുകൂടാത്തവരാണ് പവ്വർ വിഷനിലെ അവതാരകരിൽ ഭൂരിപക്ഷവും.
4. പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുന്ന പ്രോഗ്രാമുകളിൽ 90% രക്ഷിക്കപ്പെടാത്തവർ അവതരിപ്പിക്കുന്ന പ്രോഗ്രാമുകളാണ്
5. രക്ഷ എന്ന വിഷയം വളരെ അപൂർവ്വമായി മാത്രമേ പവ്വർ വിഷനിൽ പ്രസംഗിക്കപ്പെടുന്നുള്ളൂ. വിശ്വാസസ്നാനം, വേർപാട് തുടങ്ങിയ വിഷയങ്ങൾ പറയുന്നതേയില്ല.
6. അന്യദൈവാരാധന വരെ ഇപ്പോൾ പവ്വർ വിഷനിൽ അരങ്ങേറുന്നു. അൾത്താരയുടെ മുമ്പിൽ നിന്നുള്ള പ്രാർത്ഥന, വിഗ്രഹാരാധന, മെഴുകുതിരി കത്തിച്ചു വച്ചുള്ള പ്രാർത്ഥന തുടങ്ങിയവ എല്ലാ ദിവസവും സംപ്രേക്ഷണം ചെയ്യുന്നുണ്ട്.
7. തിരുമേനിമാർ ഉൾപ്പെടെയുള്ളവരെ ദൈവദാസൻമാരായി അവതരിപ്പിക്കുന്ന പ്രോഗ്രാമുകൾ പവ്വർ വിഷനിൽ സർവ്വസാധാരണമാണ്.
8. പവ്വർ വിഷൻ നടത്തുന്ന സംഗീത സന്ധ്യകൾ, പ്രേക്ഷക സംഗമങ്ങൾ തുടങ്ങിയവകളിൽ തിരുമേനിമാർ അവിഭാജ്യ ഘടകമാണ്. മെയ് 29ന് കോഴഞ്ചേരിയിലും നടന്നു ഇത്തരം ഒരെണ്ണം.

ചുരുക്കത്തിൽ പവ്വർ വിഷൻ ഇണയല്ലാപ്പിണയുടെ കൂത്തരങ്ങായിരിക്കയാണ്. പണം കൊടുക്കാൻ തയ്യാറുള്ള ആർക്കും എന്തു പരിപാടിയും പവ്വർ വിഷനിൽ അവതരിപ്പിക്കാം. ബാർ ഹോട്ടലിന്റെ പരസ്യം, സ്വർണ്ണക്കടയുടെ പരസ്യം തുടങ്ങി പലതും ഈ ചാനലിലുണ്ട്. ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുന്ന ചാനൽ എന്നു പ്രചരണം നൽകി പണം പിരിച്ച് ആരംഭിച്ച പവ്വർ വിഷനിൽ സത്യസുവിശേഷം ഒഴികെ എല്ലാം ഇപ്പോൾ സംപ്രേക്ഷണം ചെയ്യുന്നു.

കെ.സി.ജോൺ ഉതൊക്കെ ചെയ്യുന്നതിൽ ഡിഫെൻഡറിന് അത്ഭുതമില്ല. കാരണം പാപത്തിൽ മുഴുകി ജീവിക്കുന്ന ഈ നീചനിൽ നിന്നു നൻമ പ്രതീക്ഷിച്ചിട്ടു കാര്യമില്ല. പക്ഷേ ഐ.പി.സിയിൽ ഇപ്പോഴും ചില ദൈവദാസൻമാരുണ്ട്, ദൈവമക്കളുമുണ്ട്. അവർ എന്തുകൊണ്ടു പ്രതികരിക്കുന്നില്ല? അവർ ഇതൊന്നും കാണുന്നില്ലേ? ഇല്ലെങ്കിൽ കാണണം, പ്രതികരിക്കണം.

ആത്മീയ കാഴ്ചപ്പാടു മങ്ങിയിട്ടില്ലാത്ത ദൈവമക്കളോട് -വിശേഷിച്ചും ഐ.പി.സിയിലെ അംഗങ്ങളായ ദൈവമക്കളോട് - ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: നിങ്ങൾ സൂക്ഷിക്കുക. കെ.സി.ജോൺ ഇപ്പോൾ സാത്താന്റെ പിടിയിലാണ്. ജീവിതകാലം മുഴുവൻ ദുർന്നടപ്പുകാരനായി ജീവിച്ച ഈ മനുഷ്യന്റെ മന:സാക്ഷി തഴമ്പിച്ചുപോയി. ഇനി ഒരു മടങ്ങിവരവില്ലാത്ത വിധം ആത്മീയമായി തകർന്നവനാണു കെ.സി.ജോൺ. ഇവനെ സൂക്ഷിക്കുക, അകറ്റി നിർത്തുക. ബൈബിൾ പറയുന്നു: ''ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും. ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകുകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല.'' (എബ്രാ.6:4-6) ഈ സ്ഥിതിയിലാണ് ഇപ്പോൾ കെ.സി.ജോൺ.

## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# ഐ.പി.സി.: ഒരു പ്രഹേളിക

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ക്രിസ്ത്യാനിയായിട്ട് മൂന്നര പതിറ്റാണ്ടു കഴിഞ്ഞു. ദൈവവചനത്തിന്റെ പഠിപ്പിക്കലുമായി ഏറ്റവും അധികം യോജിക്കുന്ന (ഏകദേശം 95%) ഉപദേശം പെന്തക്കോസ്ത് ഉപദേശമായതുകൊണ്ട് പെന്തക്കോസ്ത് സഭകളുമായാണ് ഞാൻ ഏറ്റവും അധികം സഹകരിക്കുന്നത്. അതുകൊണ്ട് ഞാനും പെന്തക്കോസ്തുകാരനാണെന്ന് പൊതുജനം കരുതുന്നു. ഞാൻ അതു നിഷേധിക്കാറുമില്ല.

പെന്തക്കോസ്തിൽ ഐ.പി.സി, ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങി ചെറുതും വലുതുമായ നിരവധി പ്രസ്ഥാനങ്ങളുണ്ട്. ഇവയുമായി ഞാൻ പലപ്പോഴും സഹകരിച്ചിട്ടുമുണ്ട്. എന്റെ വിശ്വാസജീവിതത്തിന്റെ ആദ്യ നാളുകളിൽ ചെന്നിത്തല ജേക്കബ് സാറിന്റെ നേതൃത്വത്തിൽ നടന്നു വന്നിരുന്ന പ്രസ്ഥാനവുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു സഭയിലാണ് ഞാൻ ആരാധനയ്ക്കു പോയിരുന്നത്. എങ്കിലും ആ സഭയിൽ ചില പിളർപ്പുകളും മറ്റും ഉണ്ടായപ്പോൾ എനിക്കു മനസ്സു മടുത്തു. അങ്ങനെ ഞാൻ ശാരോനുമായി സഹകരിക്കാൻ തുടങ്ങി. ഇന്നും അതു തുടരുന്നു.

നാഗാലാന്റിൽ ആയിരുന്നപ്പോൾ അല്പകാലം ഞാൻ ഒരു ഐ.പി.സി സഭയിൽ ആരാധനയ്ക്കു പോയിരുന്നു. പിന്നീട് ചർച്ച് ഓഫ് ഗോഡുമായി സഹകരിച്ചിരുന്നു. എന്റെ സഹോദരിയും കുടുംബവും എ.ജിയിലെ അംഗങ്ങളാണ്. എന്റെ ഭാര്യവീട്ടുകാർ ഐ.പി.സിക്കാരാണ്. ചുരുക്കത്തിൽ പ്രധാന പെന്തക്കോസ്ത് സഭകളുമായെല്ലാം എനിക്കു ബന്ധമുണ്ട്. പക്ഷേ ഐ.പി.സി എന്ന പ്രസ്ഥാനം എനിക്ക് ഇന്നും ഒരു കടങ്കഥയാണ്.

ഒന്നാമതായി, എന്താണ് ഐ.പി.സി? ആരാണ് ഐ.പി.സിക്കാരൻ? 1935 ഡിസംബർ 9ന് ആന്ധ്രാപ്രദേശിലെ ഏലൂരിൽ രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റിയാണിത് എന്നു പറയപ്പെടുന്നു. അതിനുശേഷം ആദ്യമായി ജനറൽ കൺവൻഷൻ നടന്നത് 1936ൽ ആയിരുന്നു. അങ്ങനെയെങ്കിൽ 2010ൽ നടന്നത് ഐ.പി.സിയുടെ 75-ാമത് ജനറൽ കൺവൻഷനാണ്. പക്ഷേ ഇക്കൊല്ലത്തെ കൺവൻഷൻ 86-ാമത്തെ കൺവൻഷനായിരുന്നു എന്നത്രേ ഐ.പി.സി ഔദ്യോഗികമായി പ്രചരിപ്പിച്ചത്. കണക്കിൽ 11 വർഷത്തിന്റെ വ്യത്യാസം എങ്ങനെയുണ്ടായി? ആരാണ് കള്ളം പറയുന്നത്? എന്തിനാണു കള്ളം പറയുന്നത്?

1935ൽ ഏലൂരിൽ രജിസ്റ്റർ ചെയ്ത ഐ.പി.സിയിലെ അംഗങ്ങളാണ് ഐ.പി.സിക്കാരെങ്കിൽ ഈ സൊസൈറ്റിക്കു സമാന്തരമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനയിലെ അംഗങ്ങൾ ഐ.പി.സിയിലെ അംഗങ്ങളല്ലല്ലോ. പേരെടുത്തു പറയാതെ ചോദിക്കട്ടെ: ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സമാന്തര ഐ.പി.സികൾ നിലവിലില്ലേ? അവയിൽ ചിലതെങ്കിലും സാക്ഷാൽ ഐ.പി.സിയായി സങ്കല്പിക്കപ്പെടുകയും ചെയ്യുന്നില്ലേ? സഭാനേതൃത്വം അറിഞ്ഞുകൊണ്ടുള്ള ഒത്തുകളിയല്ലേ നടക്കുന്നത്?

സാക്ഷാൽ ഐ.പി.സിയുടെ ഉടമസ്ഥതയിലായിരിക്കണം സഭയുടെ വസ്തുവകകൾ വാങ്ങേണ്ടത് എന്നാണല്ലോ ചട്ടം. പാവപ്പെട്ട പാസ്റ്റർമാർ ഈ ചട്ടം ലംഘിച്ചാൽ അവരുടെ മൂക്കു ചെത്തി ഉപ്പിലിടുകയും ചെയ്യും. പക്ഷേ പണവും സ്വാധീനവുമുള്ള പലരും സ്വന്തം പേരിലോ സ്വന്തം കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സംഘടനകളുടെ പേരിലോ സ്ഥലം വാങ്ങി സഭാഹാൾ പണിത് ഐ.പി.സിയായി വിലസുന്നു. ആരും പ്രതികരിക്കുന്നില്ല. ഇതെന്തു മറിമായം?

വിദേശ യാത്രയ്ക്കിടയിൽ സ്വന്തം ആവശ്യത്തിനായി പലരും കൊടുത്ത ചെറിയ തുകകൾ ഐ.പി.സിക്കു കൊടുത്തില്ല എന്ന കാരണം പറഞ്ഞു പണ്ട് കെ.സി.ചെറിയാനെ ഐ.പി.സിയിൽ നിന്നു പുറത്താക്കി. പക്ഷേ ഇന്നു സഭാനേതൃത്വത്തിൽ ഇരുന്നുകൊണ്ട് വിദേശയാത്ര നടത്തി സ്വകാര്യ സംഘടനകൾക്കും സ്വന്തം കുടുംബത്തിനും വേണ്ടി കോടികൾ പിരിക്കുന്നവർക്കെതിരെ ഒരു നടപടിയുമില്ല.

കത്തോലിക്കാസഭയിൽ നടമാടിയിരുന്നതും ഇപ്പോഴുള്ളതുമായ അനാചാരങ്ങൾക്കെതിരെ പ്രതികരിക്കുന്ന 'മഹതിയാം ബാബിലോൺ' എഴുതിയ കെ.ഇ. ഏബ്രഹാം നേതൃത്വം കൊടുത്ത പ്രസ്ഥാനമാണ് ഐ.പി.സി. പക്ഷേ ഇന്നത്തെ പ്രസിഡന്റ് സമുദായക്കാരുമായി കൈകോർക്കുന്നു. വിഗ്രഹാരാധന ഉൾപ്പെടെയുള്ള ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നു. ഒരു നടപടിയും ഉണ്ടാകുന്നില്ല.

കത്തോലിക്കാസഭയിൽ പണം കൊടുത്ത് ആത്മീയ പദവികൾ വാങ്ങുന്ന പതിവുണ്ടായിരുന്നു. പണമുള്ളവർക്ക് പൗരോഹിത്യമോ ബിഷപ്പ് സ്ഥാനമോ കർദ്ദിനാൾ സ്ഥാനമോ ഒക്കെ വാങ്ങാൻ കഴിഞ്ഞിരുന്നു. ഐ.പി.സിയിൽ ഇപ്പോൾ ഇതല്ലേ നടക്കുന്നത്? പണം മുടക്കാൻ കഴിവുള്ളവർക്ക് സ്പോൺസറാകാം, സ്പോൺസർ മിനിസ്റ്ററാകാം, ഒരു സംസ്ഥാനം തന്നെ പതിച്ചു വാങ്ങാം. ഈ തോന്ന്യാസത്തിന് ദൈവവചനത്തിൽ ആധാരമുണ്ടോ? ഉണ്ടെങ്കിൽ എവിടെ?

അപ്പോസ്തൽ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അധ്യാപകൻ എന്നിങ്ങനെ അഞ്ചു തരം ശുശ്രൂഷകൻമാരാണ് ദൈവസഭയിലുള്ളത്. ഇവരിൽ ഏറ്റവും വലിയവൻ അപ്പോസ്തലൻ തന്നെ. അധ്യാപകൻ ഏറ്റവും താഴെയാണ്. പക്ഷേ ഐ.പി.സിയിൽ സുവിശേഷകൻ മൂത്ത് പാസ്റ്ററാകുന്നു. ഇതിന്റെ ഗുട്ടൻസ് പിടികിട്ടുന്നില്ല. സർക്കിൾ മൂത്ത് എസ്.ഐ ആകുമോ?

ഇപ്പോൾ പാസ്റ്റർമാർ വളരെ വിരളം. മിക്കവരും റവയാണ്. കെ.ഇ.ഏബ്രഹാം, റ്റി.ജി.ഉമ്മൻ തുടങ്ങിയവരെല്ലാം പാസ്റ്റർമാരായി ജീവിച്ചു മരിച്ചു. പക്ഷേ ഇപ്പോഴിതാ ഐ.പി.സി റവമയമായിരിക്കുന്നു. പാസ്റ്ററും റവയും തമ്മിൽ എന്താണു വ്യത്യാസം? പാസ്റ്റർ റവയാകുന്നതെങ്ങനെ?

ഐ.പി.സിയിലെ സെന്ററും സെന്റർ പാസ്റ്റർമാരും കടങ്കഥകളാണ്. കോട്ടയത്തിരിക്കുന്ന മൃതദേഹം ഉഗാണ്ടയിലെ സെന്റർ പാസ്റ്ററാണ്. അമേരിക്കയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന റവ ഇണ്ടൻതുരുത്തിയുടെ സെന്റർ പാസ്റ്റർ. ചില സെന്ററുകളിൽ സെന്റർ പാസ്റ്റർമാരുടെ അയ്യരുകളിയാണ്. അപ്പനും മകനും ശിങ്കിടികളും ഒരേ സ്ഥലത്തു സെന്റർ പാസ്റ്റർമാരാണ്. അപ്പൻ ചത്താൽ മകൻ സെന്റർ പാസ്റ്ററാകുന്ന പരിപാടിയുമുണ്ട്. അപ്പന്റെ മകനായി പിറന്നു എന്നതു മാത്രമാണു യോഗ്യത. ഇണ്ടൻതുരുത്തി സെന്ററിന് ഉഗാണ്ടയിൽ സഭ. ഗൾഫിലെ സഭ ആനമല സെന്റിന്റെ കീഴിൽ. ഒരാൾക്ക് രണ്ടും മൂന്നും സെന്ററിന്റെ ചുമതല. അതിനിടയ്ക്ക് ഏരിയാ പാസ്റ്റർ എന്ന അത്ഭുതജീവിയും. സെന്റർ പാസ്റ്ററാണോ എന്നു ചോദിച്ചാൽ അല്ല. എന്നാൽ ഫലത്തിൽ അതുതന്നെയല്ലേ എന്നു ചോദിച്ചാൽ ആണ്.

തീർന്നില്ല. ഇതൊക്കെ സാമ്പിൾ മാത്രം. ഐ.പി.സിയിൽ നിന്ന് മറ്റു സഭകളും ഇതൊക്കെ കണ്ടു പഠിച്ചുവരുന്നു. കൊമ്പൻ പോകുന്ന വഴിയേ മോഴയും. സമുദായക്കാരെ കുറ്റം പറഞ്ഞു നടന്ന പെന്തക്കോസ്തുകാർ ഇപ്പോഴിതാ സമുദായക്കാരെ കടത്തിവെട്ടിയിരിക്കുന്നു. (പഷ്ട്!)


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

**വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:**

**നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.**

- ഡൊമെയ്ൻ രജിസ്റ്റ്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വെർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infoways

script infow@ys
Your Web Partner

Perumbavoor Trade Center,
KSRTC Road, Perumbavoor, Ernakulam.

**Phone: 95393 78757**
Email: works@scriptinfoways.com

# വേലിയും പാമ്പും കുറെ വയ്യാവേലികളും

പഴഞ്ചൊല്ലിലെ പാമ്പ് വേലിയിൽ കിടക്കുകയാണ്. അത് അവിടെത്തന്നെ കിടക്കട്ടെ. പാമ്പിനെ എടുത്ത് ഇന്ത്യൻ വിശേഷ വസ്ത്രത്തിനുള്ളിൽ വയ്ക്കുന്നതു ബുദ്ധിയല്ല. സംഗതി പിടികിട്ടിയില്ലെങ്കിൽ മനസ്സിലാകുന്ന ഭാഷയിൽ പറയാം: ക്ഷണിക്കപ്പെടാത്ത അതിഥികളായെത്തുന്ന പാസ്റ്റർമാരെ വീട്ടിൽ വിളിച്ചു കയറ്റരുത്. അവർക്കു സ്പോൺസർ ലറ്റർ കൊടുത്തു കൊണ്ടുവന്നവർ തന്നെ അവരുടെ കാര്യം നോക്കട്ടെ.

ദൈവദാസൻമാരെ വേലിയിൽ കിടക്കുന്ന പാമ്പിനോട് ഉപമിക്കുന്നതു ശരിയാണോ എന്നു ചോദിച്ചേക്കാം. ദൈവദാസൻമാരെയല്ല ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാരെയാണ് പാമ്പ് എന്നു ഡിഫെൻഡർ വിളിക്കുന്നത്. ദൈവദാസൻമാർ ദൈവം അവരെ ആക്കിവച്ച വേലസ്ഥലത്തുണ്ടാകും. അവർ കഷ്ടനഷ്ടങ്ങൾ സഹിച്ചു ദൈവവേല ചെയ്യുന്നു. അങ്ങനെയുള്ളവരെ സ്നേഹിക്കണം, ബഹുമാനിക്കണം, സാമ്പത്തികസഹായം ചെയ്യുകയും വേണം.

എങ്ങനെയെങ്കിലും ഒരു വിസയും സംഘടിപ്പിച്ച് വിദേശ പര്യടനത്തിനിറങ്ങുന്നവരെ സൂക്ഷിക്കുക: ഇവർ ദൈവദാസൻമാരല്ല ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന പാമ്പുകളാണ്. ഇത്തരക്കാർ ഗൾഫിലും അമേരിക്കയിലും ഇംഗ്ലണ്ടിലും മറ്റും കറങ്ങി നടക്കുന്നുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിൽ അമേരിക്കയിൽ വെട്ടുക്കിളികളേപ്പോലെ പറന്നിറങ്ങുകയും ചെയ്യും. ഇത്തരക്കാരെ വീട്ടിൽ കയറ്റരുത്, പണം കൊടുത്തു സഹായിക്കുകയുമരുത്. പണം കിട്ടാതാകുമ്പോൾ ഈ സന്ദർശകബാധ ഒഴിഞ്ഞുകൊള്ളും.

ഇവരെ വേലിയിൽ കിടക്കുന്ന പാമ്പുകൾ എന്നു വിളിക്കാൻ കാരണമെന്ത് എന്നു പറയാം. ഇവൻമാരെ വീട്ടിൽ കയറ്റി വയറെല്ലാം അനുഭവിച്ചിട്ടുണ്ട്. നാണക്കേടു ഭയന്ന് മിക്കവരും സംഭവം പുറത്തു പറയുന്നില്ലെന്നു മാത്രം. ഇതാ അത്തരം ചില സംഭവ കഥകൾ:

ഒരു ദശാബ്ദത്തിലധികം മുൻപ് സാമച്ചൻ കുവൈറ്റിലെത്തി. അത്യുഗ്രൻ പ്രവാചകനല്ലേ, നല്ല സ്വീകരണം ലഭിച്ചു. ഒരു ദിവസമെങ്കിലും ഇയാളെ വീട്ടിൽ താമസിപ്പിക്കാൻ ദൈവമക്കൾ മത്സരിച്ചു. ഒടുവിൽ നല്ലൊരു തുകയുമായി ഇഷ്ടൻ മടങ്ങി. പിന്നീടാണ് ഏവരും സത്യം മനസ്സിലാക്കിയത്. താമസിക്കാൻ സൗകര്യം കൊടുത്ത വീടുകളിലെല്ലാം ഇയാളുടെ തൃക്കൈ വിളയാടി. ചില വീടുകളിൽ വിളയാട്ടം അതിരുവിടുകയും ചെയ്തു. നാണക്കേടു ഭയന്ന് മിക്കവരും സത്യം തുറന്നു പറഞ്ഞില്ലെന്നു മാത്രം.

ചില വർഷങ്ങൾക്കു മുൻപ് ഹാരി ഗോംസ് ഗൾഫിലെത്തി. അത്ഭുത വീരനല്ലേ, അതുകൊണ്ട് ജനം കൂടി. രോഗശാന്തിക്കാരനെ കണ്ടതോടെ സകല അമ്മാമ്മമാർക്കും കലശലായ രോഗം. എല്ലാവരും പ്രാർത്ഥിക്കാനെത്തി. പ്രാർത്ഥന പൊടിപൂരമായി നടന്നു. ചിലരുടെ ചില രോഗങ്ങൾക്കൊക്കെ ശമനം കിട്ടി. എല്ലാം കഴിഞ്ഞ് ഈ സംഭവത്തിന്റെ വീഡിയോ കണ്ടപ്പോഴാണ് പ്രാർത്ഥനക്കാരന്റെ കരവിരുത് മിക്കവർക്കും മനസ്സിലായത്. ഏതായാലും ആ വീഡിയോ അധികം പ്രചരിക്കാൻ ഇടയാകാതെ തടഞ്ഞതു ഭാഗ്യമായി.

ഒരു ദശാബ്ദം മുൻപ് ശാമുവൽ എന്നൊരു അച്ചൻ ഖത്തറിലെത്തി. അച്ചൻ കർത്താവിനെ കണ്ടെത്തിയ കഥ കരളലിയിക്കുന്ന വിധത്തിൽ വിവരിച്ചു. പോൾ ഗോപാലകൃഷ്ണനും കാനം അച്ചനും കൂടി നടത്തിയ ഒരു പരസ്യയോഗം കേട്ടാണത്രേ അച്ചൻ വിശ്വാസിയായത്. (ഇങ്ങനെയൊരു പരസ്യയോഗം നടന്നിട്ടില്ല). അച്ചന്റെ സാക്ഷ്യം എല്ലാവർക്കും ഇഷ്ടപ്പെട്ടു. അങ്ങനെ അച്ചന്റെ പോക്കറ്റ് നിറഞ്ഞു. അച്ചന് ഒരു മോഹം അവശേഷിക്കുന്നു: ഒരു വിവാഹം കഴിക്കണം. ഖത്തറിലുള്ള ഒരു സഭയിലെ പാസ്റ്ററുടെ ഭാര്യയുടെ അനുജത്തിയുമായി വിവാഹം ഏറെക്കുറെ ഉറപ്പിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് അവധിക്കു നാട്ടിൽ പോയിരുന്ന ഒരു വിശ്വാസി അവധി കഴിഞ്ഞു മടങ്ങിയെത്തിയത്. അയാൾ അച്ചനെ കണ്ടതോടെ കള്ളി വെളിച്ചത്തായി. അച്ചനെ വിശ്വാസിക്കു നന്നായറിയാം. ഇയാൾ അച്ചനും കൊച്ചനുമൊന്നുമല്ല, ഒരു സാധാരണക്കാരൻ മാത്രം. അല്പകാലം ബൈബിൾ പഠിച്ചു. അതു കഴിഞ്ഞ് തട്ടിപ്പിന്റെ സുവിശേഷവുമായി നടക്കുകയാണ്. ഇവന്റെ ഭാര്യ ഓമനിൽ ജോലി ചെയ്യുന്നു. ഖത്തറിലെ വിവാഹം നടക്കാതിരുന്നതു ഭാഗ്യമായി.

ലാൽ കെ. തോമസ് എന്ന വിദ്വാന്റെ ചരിത്രം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. അച്ചനായിരുന്നെന്നും ബിഷപ്പിന്റെ സെക്രട്ടറി ആയിരുന്നെന്നും മറ്റും പറഞ്ഞാണ് ഇയാൾ ജനവഞ്ചന നടത്തിയത്. പക്ഷേ ഇയാൾ അച്ചനായിരുന്നില്ല. കള്ളസാക്ഷ്യം പറഞ്ഞ് സ്വദേശത്തും വിദേശത്തുമുള്ള നിരവധി ആളുകളെ ഇയാൾ കബളിപ്പിച്ചു. ഇയാൾ ഒടുവിൽ തട്ടിപ്പു നടത്തിയതു കുവൈറ്റിലായിരുന്നു. ഡിഫെൻഡറിൽ വാർത്ത വന്നതോടെ ഇയാൾക്കു തട്ടിപ്പു നടത്താൻ വയ്യെന്നായിരിക്കുന്നു. വ്യാജം പറഞ്ഞ് ഒരു പാവം പെൺകുട്ടിയെ ഇയാൾ ചതിച്ചു വിവാഹം കഴിച്ചു. ഇപ്പോൾ ആ സഹോദരി ലക്ഷക്കണക്കിനു രൂപയുടെ കടക്കാരിയുമായി. വേലിയിൽ കിടന്ന ഈ ലാൽ പാമ്പിനെ ഒരന്വേഷണവും കൂടാതെ അകത്തെടുത്തു വച്ചതാണ് ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം.

മാത്യൂസ് കെ. ലൂക്കോസ് എന്ന കൊടിയ പാമ്പ് വിദേശ പര്യടനം തൊഴിലാക്കിയിരിക്കയാണ്. ഇപ്പോൾ ഇയാൾ അമേരിക്കയിലുണ്ട്. ഇത്തവണയും ഈ ചങ്ങാതിയെ എടുത്തു കഴുത്തിൽ ചുറ്റാൻ ആളുണ്ടാകും. കണ്ടാലും കൊണ്ടാലും പഠിക്കില്ല എന്നായാൽ എന്തു ചെയ്യും.

പെന്തക്കോസ്തുകാരന്റെ വേഷം കെട്ടി നടക്കുന്ന ഒരു ചർച്ച് ഓഫ് ക്രൈസ്റ്റുകാരൻ സ്വദേശത്തും വിദേശത്തും കാട്ടിക്കൂട്ടുന്ന വിക്രിയകൾ ചെറുതൊന്നുമല്ല. സ്ത്രീവർഗ്ഗം-അത് ഏതു പ്രായത്തിലുള്ളതായാലും ഈ നീചന്റെ ദുഷ്കാമത്തിന് ഇരയാകും. ഏതാനും വർഷം മുൻപ് ഇയാൾ അമേരിക്കയിലുള്ള ഒരു വീട്ടിൽ താമസിച്ചു. മാതാപിതാക്കൾ വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് ഇയാൾ ആ വീട്ടിലെ ഒരു ചെറിയ പെൺകുട്ടിയെ ലൈംഗികമായി ദുരുപയോഗം ചെയ്തു. സംഭവം എന്തെന്നു പിടികിട്ടാൻ പോലും പ്രായമാകാത്തതുകൊണ്ട് ആ കുട്ടി ആരോടും വിവരം പറഞ്ഞുമില്ല. ഏതാനും വർഷം കഴിഞ്ഞ് ഇയാൾ അതേ വീട്ടിൽ വീണ്ടും എത്തി. അപ്പോഴേക്കും ആ പെൺകുട്ടിക്ക് കാര്യങ്ങൾ അറിയാനുള്ള പ്രായമായിരുന്നു. വിശുദ്ധനെ കണ്ട ഉടൻ ആ പെൺകുട്ടി പഴയ സംഭവം ഓർക്കുകയും മാതാപിതാക്കളോടു പഴയ കഥ വിവരിക്കുകയും ചെയ്തു. എന്തിനേറെ പറയുന്നു, വളരെ പാടുപെട്ടാണ് പുണ്യാളൻ അവിടെനിന്നു രക്ഷപ്പെട്ടത്.

ഇതേ വിശുദ്ധൻ ഏതാനും വർഷം മുൻപ് ബഹറിനിലും ഇതേ പരിപാടി ആവർത്തിച്ചു. കുട്ടികളെ പുണ്യാളനോടൊപ്പം വീട്ടിലാക്കി ജോലിക്കുപോയ പിതാവു മടങ്ങി വന്നപ്പോൾ കണ്ട കാഴ്ച സഭ്യമായ ഭാഷയിൽ വിശദീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. എന്താണു താൻ കണ്ടതെന്ന് ആ പിതാവുതന്നെ ഡിഫെൻഡറിനെ വിളിച്ച് അറിയിച്ചതുകൊണ്ട് വിശ്വസിക്കാതിരിക്കാനും പറ്റില്ല. ഏതായാലും ഈ വിശുദ്ധൻ വിദേശ പര്യടനം നിർത്തിയിട്ടില്ല. അധികം താമസിയാതെ ഇയാൾ അമേരിക്കയിലേക്കു വരുന്നുണ്ടെന്നാണ് കേട്ടത്.

കെ.എ.ഏബ്രഹാമിന്റെ അനുജനായ കെ.എ.തോമസെന്ന വിശുദ്ധ പാമ്പിന് അഭയം നൽകിയ കുവൈറ്റ് ദമ്പതികൾക്കുണ്ടായ അനുഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. അങ്ങനെയൊരു സംഭവം നടന്നിട്ടേയില്ല എന്നാണ് അവരാനും അനുജനും പ്രചരിപ്പിക്കുന്നത്. പക്ഷേ സംഭവം കുവൈറ്റിലുള്ള സകല മാന പെന്തക്കോസ്തുകാർക്കും ഭൂരിപക്ഷം മലയാളികൾക്കും അറിയാം. കെ.എ.തോമസ് ഈ വഹയിൽ കൈവയ്പ്പു വാങ്ങുന്ന നയനാനന്ദകരമായ ദൃശ്യം ചില സമുദായക്കാർ വീഡിയോയിൽ പകർത്തിയിട്ടുമുണ്ട്. എന്നിട്ടും ഇവൻ ഇപ്പോഴും കേരളത്തിലൂടെ ഞെളിഞ്ഞു നടക്കുകയാണ്. സംഭവം നടന്നതു കുവൈറ്റിലെ ഒരു ശാരോൻ സഭയുമായി ബന്ധപ്പെട്ടാണെങ്കിലും ശാരോൻ നേതൃത്വം പ്രതികരിച്ചിട്ടേയില്ല.

ഈ അപൂർവ്വ സഹോദരൻമാരുടെ ഒരു സഹോദരിയുടെ ഭർത്താവും എ.ജിയിലെ ശുശ്രൂഷകനുമായ മത്തായിക്കുട്ടി എന്ന പ്രവാചകന്റെ കാര്യം പറയാൻ തന്നെ നാണമാകുന്നു. ഇയാൾ സ്വവർഗ്ഗാനുരാഗിയാണെന്നും ഏഴു വയസ്സു മുതൽ എഴുപതു വയസ്സുവരെയുള്ളവർ ഇവന്റെ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ടെന്നും പറഞ്ഞ് ആ വിഷയം വിടുന്നു. കൂടുതൽ വിശദീകരിക്കാൻ തുനിഞ്ഞാൽ ഈ ലേഖനം അച്ചടിക്കുന്ന കടലാസ്സ് പോലും നാണിച്ചുപോകും. എന്നിട്ടും ഈ രാജവെമ്പാലയെ വിളിച്ചു യോഗം നടത്താനും പ്രവചനം കേൾക്കാനും ആളുണ്ട്.

കേരളത്തിലെ പ്രമുഖ ജനപ്രിയ പ്രസംഗകൻ നെടുമങ്ങാട്ട് ഒരു പ്രസംഗം കഴിഞ്ഞ് ഒരു വീട്ടിൽ വിശ്രമിച്ചു. വീട്ടുടമസ്ഥനും ഭാര്യയും ഒരു മുറിയിൽ കിടന്നു. പ്രസംഗകൻ മറ്റൊരു മുറിയിലും. രാത്രിയിൽ എന്തോ ശബ്ദം കേട്ടു വീട്ടുടയവൻ ഉണർന്നു നോക്കിയപ്പോൾ പ്രസംഗകനിതാ അവരുടെ മുറിയിൽ നിൽക്കുന്നു. പ്രത്യേകം ശ്രദ്ധിക്കുക: വെറുതെ നിൽക്കുന്നതേയുള്ളു. അതിൽ കുഴപ്പമുണ്ടോ? ഇല്ലേ ഇല്ല. വെറുതെ നിൽക്കുന്നത് എങ്ങനെ തെറ്റാകും?

എറണാകുളം ജില്ലയിലുള്ള ഒരു പ്രദേശത്ത് ചല വർഷങ്ങൾക്കു മുൻപ് ഒരു പ്രവാചകൻ പ്രത്യക്ഷപ്പെട്ടു. അച്ചട്ടായ പ്രവചനം, ഒന്നാതരം പ്രസംഗം. ഏവർക്കും ബോധിച്ചു. അധികം താമസിയാതെ ആ പ്രദേശത്തുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുകയും ചെയ്തു. ഒരു കുട്ടി ജനിക്കുന്നതു വരെ പ്രവാചകൻ ഉഷാറായി സ്ഥലത്തുണ്ടായിരുന്നു. പിന്നീട് കാണാതായി. (എടുക്കപ്പെട്ടതാകാം.) ഏതായാലും ആ പാവം സഹോദരിക്ക് ഒക്കത്തു വയ്ക്കാൻ ഒരു കുട്ടിയെ കിട്ടി. പ്രവാചകൻ എവിടെയുണ്ടെന്നു പ്രവചിക്കാൻ കഴിവുള്ള ഏതെങ്കിലും പ്രവാചകനുണ്ടെങ്കിൽ ദയവായി ആ സാധു സഹോദരിയെ സഹായിക്കുക.

ഇടുക്കി ജില്ലയിലുള്ള ഒരു ദേശത്ത് ഒരിക്കൽ ഒരു പ്രവാചകനെത്തി. പല സഭകൾ സന്ദർശിച്ചു പ്രവചിച്ചു. എല്ലാം അച്ചട്ട്. അങ്ങനെ കുറച്ചധികം പണം കിട്ടി. ഏതാനും ആഴ്ചകൾ കഴിഞ്ഞ് പ്രവാചകൻ മടങ്ങി. ചില ദിവസങ്ങൾ കഴിഞ്ഞ് ആ പ്രദേശത്തുള്ള ഒരു സഹോദരൻ അല്പം ദൂരെയുള്ള ഒരു ചന്തയിൽ ചെന്നപ്പോൾ മേല്പടി പ്രവാചകനതാ അവിടെ തലേൽക്കെട്ടും കെട്ടി ഒരു ബീഡിയും വലിച്ചു മീൻ കുട്ടയുമായി നിൽക്കുന്നു.

എറണാകുളം ജില്ലയിലുള്ള ഒരു പ്രവാചകൻ ഒരിക്കൽ ഗൾഫ് പര്യടനം നടത്തി. ചെന്നിടത്തെല്ലാം പ്രവചനം പൊടിപൂരമായി നടത്തി. ഒരു യോഗത്തിൽ രണ്ടു സ്ത്രീകൾ ഒരു കുട്ടിയുമായി വരുന്നതു പ്രവാചകൻ കണ്ടു. സാരിയുടുത്ത സ്ത്രീയുടെ കൈയ്യിലാണു കുട്ടി. ചുരിദാറിട്ട പെണ്ണ് അണിഞ്ഞൊരുങ്ങി ഒപ്പം വന്നതാണ്. ഇരുവരോടും പ്രവാചകൻ ലാവിഷായി പ്രവചിച്ചു. കുട്ടിയുമായി വന്ന സ്ത്രീക്കും ഭർത്താവിനും കുട്ടിക്കും ഉണ്ടാകാൻ പോകുന്ന അനുഗ്രഹമായിരുന്നു പ്രവചനവിഷയം. അതു കഴിഞ്ഞ് ചുരിദാറുകാരിയോടും പ്രവചിച്ചു. അവൾ ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു ഭർത്താവിനെ ലഭിക്കുമെന്നും അതോടെ അവരുടെ ഉയർച്ച ആരംഭിക്കുമെന്നുമായിരുന്നു പ്രവചനം. പക്ഷേ യോഗം കഴിഞ്ഞപ്പോഴാണ് പ്രവാചകനു പറ്റിയ അമളി വെളിവായത്. ചുരിദാറുകാരിയായ ജ്യേഷ്ഠത്തിയുടെ കുട്ടിയുമായി അനുജത്തി എത്തിയെന്നേയുള്ളു. സാരിയുടുത്തതുകൊണ്ട് ആ പെൺകുട്ടിക്കു പ്രായക്കൂടുതൽ തോന്നിയതാണ്. ചുരിദാറുകാരിയോടുള്ള പ്രവചനം സാരിക്കാരിയും സാരിക്കാരിയോടുള്ള പ്രവചനം ചുരിദാറുകാരിയും വച്ചുമാറിയാൽ പ്രശ്നം തീരുമെന്നു പറയാനുള്ള ബുദ്ധി ഏതായാലും പ്രവാചകനുണ്ടായില്ല.

കാനഡയിൽ നിന്നു കേരളത്തിൽ അവധിക്കു വന്ന ഒരു സഹോദരൻ ഒരിക്കൽ ഒരു ഉണർവ്വു യോഗത്തിൽ സംബന്ധിച്ചു. പലരോടും പ്രവചിച്ച കൂട്ടത്തിൽ ഒരു പ്രവാചകൻ ഈ സഹോദരനോടും പ്രവചിച്ചു. അധികം താമസിയാതെ ഈ സഹോദരൻ വിദേശത്തു പോകുമെന്നായിരുന്നു പ്രവചനം. ഈ പ്രവചനം തികച്ചും ശരിയായി. അവധി കഴിഞ്ഞപ്പോൾ അദ്ദേഹം വിദേശത്തേക്കു പോകുകയും ചെയ്തു.

ഏതാനും വർഷം മുൻപ് ഒരു പ്രവാചകൻ പ്രവചിച്ചത് ഇങ്ങനെ: "മകനേ, നീ മാനസാന്തരപ്പെട്ട് നിന്റെ ജീവിതം ക്രമീകരിക്കുന്നില്ലെങ്കിൽ നിന്നെ ഞാൻ കിലുക്കത്തിലെ ജഗതിയേപ്പോലെയാക്കും." (കിലുക്കം എന്നത് ഒരു സിനിമയാണ്. ജഗതി ശ്രീകുമാർ ഈ സിനിമയിൽ ഒരു കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുമുണ്ട്)

പ്രിയ സഹോദരങ്ങളേ, സൂക്ഷിക്കുക: മിന്നുന്നതെല്ലാം പൊന്നല്ല. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന നിരവധി കള്ളൻമാരുണ്ട്. ആരാണു നല്ലവൻ, ആരാണു വ്യാജൻ എന്നു തിരിച്ചറിയുക എളുപ്പമല്ല. അതുകൊണ്ട് അപരിചിതരേയും ക്ഷണിക്കപ്പെടാത്ത അതിഥികളായെത്തുന്നവരേയും വീട്ടിൽ കയറ്റരുത്. ഭാര്യയേയും മക്കളേയും അപരിചിതരോടൊപ്പം വീട്ടിൽ വിട്ടിട്ടു ജോലിക്കു പോകരുത്. നിങ്ങൾ രാവും പകലും അധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് ഈ സർപ്പസന്തതികൾ തിന്നാൻ ഇട വരരുത്. "നിന്റെ കൈകളുടെ അധ്വാനഫലം നീ തിന്നും" (സങ്കീ. 128:2) എന്നാണു ദൈവവചനം പറയുന്നത്. നിന്റെ കൈകളുടെ അധ്വാനഫലം കള്ളനും കള്ളപ്രവാചകനും തിന്നാൻ ഇടവരരുത്.

ഡിഫെൻഡർ ഇങ്ങനെയൊക്കെ എഴുതുന്നതിനോടു വിയോജിപ്പുള്ളവരുണ്ടാകാം. പക്ഷേ ആരൊക്കെ വിയോജിച്ചാലും ഡിഫെൻഡറിന് ഇങ്ങനെ എഴുതാതിരിക്കാൻ പറ്റില്ല. നിഷ്കളങ്കരായ നിരവധി ദൈവമക്കൾ പെന്തക്കോസ്ത് സഭകളിലുണ്ട്. അവർ ചതിയിൽ അകപ്പെടുന്നതു നിസ്സംഗമായി കണ്ടുകൊണ്ടിരിക്കാൻ ഡിഫെൻഡറിനു പറ്റില്ല. അതുകൊണ്ട് ഡിഫെൻഡർ ഈ മുന്നറിയിപ്പു പ്രസിദ്ധീകരിക്കയാണ്. ഇതു വായിച്ചശേഷവും നിങ്ങൾ വയ്യാവേലികളെ വീട്ടിൽ കയറ്റുന്നെങ്കിൽ ഫലം അനുഭവിച്ചറിയുക.



# കണക്കെവിടെ തമ്പീ?

മറ്റുള്ളവരുടെ പണം വാങ്ങി ശുശ്രൂഷ നടത്തുന്നവർ പണത്തിന്റെ കണക്കു പറയാനും ബാധ്യസ്തരാണ്. ഐ.പി.സി നേര്യമംഗലം ഏരിയയുടെ പാസ്റ്ററായ റ്റി. എ.തമ്പി ഐ.പി.സിയുടെ പേരു പറഞ്ഞു പിരിച്ച കണക്ക് പരസ്യപ്പെടുത്തണം. കണക്കു ചോദിക്കുമ്പോൾ ചൂടായിട്ടു കാര്യമില്ല.

ഇന്ത്യയിൽ നിന്നു പിരിച്ചെടുത്ത നക്കാപ്പിച്ചയുടെ കണക്കു പറയാൻ എളുപ്പമാണ്. കാരണം, അതു വളരെ ചെറിയ തുക മാത്രമേയുള്ളു. ഉദാഹരണത്തിന്, 2009ലെ നേര്യമംഗലം കൺവൻഷന്റെ കണക്ക് തമ്പി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏകദേശം അരലക്ഷം രൂപയുടെ ഇടപാടു മാത്രമേ ഈ കാര്യത്തിലുള്ളു. അതുകൊണ്ട് അരിയുടേയും തേങ്ങായുടേയും കണക്കു വരെ പറയുന്നുണ്ട്. 2010ൽ നടന്ന കൺവൻഷന്റെ കണക്കു പറയാനും ബുദ്ധിമുട്ടുണ്ടായില്ല. അതും അരലക്ഷം രൂപയുടെ ഇടപാടു മാത്രമാണ്. എന്നാൽ അതല്ല നേര്യമംഗലം ഏരിയായുടെ കാര്യം.

ഐ.പി.സി നേര്യമംഗലം ഏരിയായിക്ക് 2008 ആഗസ്റ്റ് 23 മുതൽ 2010 ഏപ്രിൽ 20 വരെ സ്വദേശത്തു നിന്നു ലഭിച്ചത് 30277 രൂപ മാത്രമാണ്. പക്ഷേ അതല്ല വിദേശത്തു നിന്നു ലഭിക്കുന്ന പണത്തിന്റെ സ്ഥിതി. കൃത്യമായ കണക്ക് തമ്പിക്കു മാത്രമേ അറിയൂ. ഈ കണക്കു പുറത്തു പോകാതിരിക്കാനായി തമ്പി സ്വന്തം അളിയനെയാണു സെക്രട്ടറി ആക്കി വച്ചിരിക്കുന്നത്. അളിയൻ രഹസ്യം പുറത്താക്കില്ലല്ലോ.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ചിലർ ഈയിടെ വിദേശസഹായത്തിന്റെ കണക്കും ചോദിച്ചു. കണക്കു വെളിപ്പെടുത്താതെ നിവൃത്തിയില്ലെന്നു വന്നപ്പോൾ തമ്പി ഒരു തന്ത്രം പ്രയോഗിച്ചു. വരവ് എത്രയെന്നു പറയാതെ ചെലവിൽ ഒരു ഭാഗം മാത്രം വെളിപ്പെടുത്തി. നേര്യമംഗലം ഏരിയായുടെ കീഴിൽ പ്രവർത്തിക്കുന്ന പാസ്റ്റർമാർക്ക് 2008 ഓഗസ്റ്റ് 23 മുതൽ 2010 ഏപ്രിൽ 20 വരെ കൊടുത്ത സാമ്പത്തിക സഹായത്തിന്റെ കണക്കാണിത്. ഈ കണക്കു ശരിയാണെങ്കിൽ 6,28,500 രൂപ മാത്രമാണ് ഈ വകയിൽ ചെലവഴിച്ചത്. പക്ഷേ വരവെത്ര? അതു തമ്പി പറയുകയില്ല. മേൽപ്പറഞ്ഞ തുക മാത്രമേ വിദേശ ഫണ്ടിൽ നിന്നു ചെലവായിട്ടുള്ളോ? അതും തമ്പി പറയില്ല. എത്ര രൂപ മിച്ചമുണ്ട്. ആരൊക്കെയാണു പണം നൽകുന്നത്? മാസം തോറും എത്ര രൂപ കിട്ടുന്നുണ്ട്? ആ പണം എവിടേക്കാണു വരുന്നത്? കുമ്പനാട്ടേക്കാണെങ്കിൽ മേല്പറഞ്ഞ തുക മാത്രമേ ഈ കാലയളവിൽ ലഭിച്ചിട്ടുള്ളോ? കുമ്പനാട്ടേയ്ക്കല്ലാതെ ആരെങ്കിലും തമ്പിക്കു നേരിട്ടു പണം നൽകുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കൊന്നും മറുപടിയില്ല. ആരെങ്കിലും ഇത്തരം ചോദ്യം ഉന്നയിക്കുന്നതു തമ്പിക്ക് സഹിക്കാനും പറ്റില്ല. തമ്പിയെ ഭയന്ന് ആരും ഇങ്ങനെയുള്ള കാര്യങ്ങൾ ചോദിക്കുന്നുമില്ല. പക്ഷേ ഡിഫെൻഡറിന് തമ്പിയെയോ അണ്ണനേയോ പേടിയില്ല. അതുകൊണ്ട് തമ്പി ഈ കണക്കെല്ലാം പറഞ്ഞേ പറ്റൂ.

പറഞ്ഞില്ലെങ്കിലോ എന്നു ചോദിച്ചേക്കാം. അങ്ങനെ ചോദിക്കരുതു തമ്പീ. കാരണം തമ്പി വെറും തമ്പിയാണ്. അണ്ണന്മാർ പോലും ഡിഫെൻഡറിന്റെ ചോദ്യങ്ങൾക്കു മണിമണിയായി ഉത്തരം പറയുന്നു. അതുകൊണ്ടു തമ്പി ഉത്തരം പറയേണ്ടതായി വരും. അതുകൊണ്ട് പ്രശ്നം കൂടുതൽ ഗുരുതരമാകുന്നതിനു മുമ്പായി തമ്പി കണക്കു പറയണം.

ഇനി തമ്പിക്കു പണം കൊടുക്കുന്നവരോടുള്ള ചോദ്യം: നിങ്ങൾ മേല്പറഞ്ഞ കാലയളവിൽ എത്ര രൂപ തമ്പിയെ ഏല്പിച്ചു എന്നു നിങ്ങൾക്കറിയാമല്ലോ. അതിൽ 6,28,500 രൂപ ഒഴികെയുള്ളത് എന്തുചെയ്തു എന്നു തമ്പിയോടു ചോദിക്കുക. അതുപോലെ, ഐ.പി.സി സഭാനേതൃത്വം എല്ലാ കണക്കും പരിശോധിക്കു. സത്യം പുറത്തുവരട്ടെ.

(ഹാലേലൂയ്യായുടെ ഫോൺ ഡയറക്ടറിയിൽ തമ്പി കൊടുത്ത പരസ്യമാണിത്. കോലഞ്ചേരി ഓപ്പൺ യൂണിവേഴ് സിറ്റിയിൽ പഠിച്ച മഹാനാണ് പാസ്റ്റർ വി.എ. തമ്പി. ഏതപ്പാ ഈ കോലഞ്ചേരി ഓപ്പൺ യൂണിവേഴ്സിറ്റി!)



**പാസ്റ്റർ റ്റി.എ. തമ്പി**

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ നേര്യമംഗലം ഏരിയാ ശുശ്രൂഷകനാണ് പാസ്റ്റർ റ്റി.എ. തമ്പി. പഴംതോട്ടം തച്ചേട്ടത്ത് ഏലിയാസിന്റെ മകനായി 1961ൽ ജനിച്ചു. കോലഞ്ചേരി ഓപ്പൺ യൂണിവേഴ്സിറ്റിയിലും, അഗപ്പെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും പഠനശേഷം 19വർഷമായി കർതൃശുശ്രൂഷയിലായിരിക്കുന്നു.

# ചുമ്മാ ഡോ ഷെഫീൽഡിൽ



ചുമ്മാഡോ എം.എ.വർഗീസ് ഷെഫീൽഡിലെത്തുന്നു. ജൂൺ 12, 13 തീയതികളിൽ ഷെഫീൽഡ് ക്രിസ്ത്യൻ ഫെലോഷിപ്പിൽ ഈ കള്ളൻ അഭ്യാസമിറക്കും. അവിടെയുള്ള സാധുക്കൾ ഈ നീചന്റെ വഞ്ചനയ്ക്കിരയാകും.

ഡെലിവറൻസ് ഫെസ്റ്റ് എന്നാണു സംഘാടകർ ഈ തട്ടിപ്പു പരിപാടിക്കു പേരിട്ടിരിക്കുന്നത്. എന്തിൽ നിന്നുള്ള വിടുതലാണെന്നു വ്യക്തമല്ല. ഭോഷ്കിന്റെ ആത്മാവു ബാധിച്ച എം.എ.വർഗീസ് എന്തുതരം വിടുതലാണു നടത്താൻ പോകുന്നതെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഏതായാലും കുറെ സാധുക്കൾ വഞ്ചിക്കപ്പെടും.

വചനം പഠിക്കാതെ, വചനത്തിൽ ഉറയ്ക്കാതെ, വെറും ആവേശം മാത്രം കൈമുതലായി കൊണ്ടു നടക്കുന്ന പെന്തക്കോസ്തുകാർ എല്ലാ ദേശത്തുമുണ്ട്. ഇങ്ങനെയുള്ളവരാണ് എം.എ. വർഗീസിനനെപ്പോലുള്ളവരെ വിളിച്ചു യോഗം നടത്തുന്നത്. തങ്കു, സുരേഷ് ബാബു, സാമച്ചൻ, മുല്ലക്കര തുടങ്ങിയവർക്കു കഞ്ഞി വയ്ക്കുന്നതും ഇവർ തന്നെ. ഷെഫീൽഡിൽ എം.എ.വർഗീസിന്റെ യോഗം ക്രമീകരിക്കുന്നതും ഈ ഗ്രൂപ്പിൽ പെട്ട ഒരു വിഡ്ഢിയാണ്.

# ഈ കള്ളനെ ഒഴിവാക്കുക

ഷെഫീൽഡിലുള്ളവരെ വിടുവിച്ചശേഷം ചുമ്മാഡോ അമേരിക്കയിലെത്തും. തങ്കുവിനും സുരേഷ് ബാബുവിനും വിടുവിക്കാൻ കഴിയാത്തവരെ ശക്തനായ എം.എ.വർഗീസ് വിടുവിക്കും. ജൂൺ 19 കഴിയുന്നതോടെ ഷിക്കാഗോ ഷോ തീരും. അതു കഴിഞ്ഞ് എം.എ. വർഗീസ് അമേരിക്കയിൽ ചുറ്റിക്കറങ്ങാൻ ഇടയുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക.

ശാപം പൊട്ടിക്കലാണ് ഈ വദാന്റെ മുഖ്യ പരിപാടി. അത്യുഗ്രൻ വിദ്യാഭ്യാസമുണ്ടെന്നും ശാസ്ത്രജ്ഞനായിരുന്നെന്നും ഡോക്ടറേറ്റുണ്ടെന്നും പറയും. ശുദ്ധ ഭോഷ്ക്കാണ് ഇയാൾ പറയുന്നത്. ഒരു ഡിഗ്രിപോലും ഇയാൾക്കില്ല. ഡോയുടെ കാര്യം പറയുകയും വേണ്ട. എത്ര വലിയ കള്ളം പറയാനും ഇയാൾക്കു മടിയില്ല. പ്രസംഗത്തിനിടയിൽ ചില സംഭവകഥകളൊക്കെ പറയും: അവയിൽ ഭൂരിപക്ഷവും നട്ടാൽ കുരുക്കാത്ത കള്ളങ്ങളായിരിക്കും. സാധുക്കളെ കബളിപ്പിക്കുന്ന കാര്യത്തിൽ ഇയാൾ വിരുതനാണ്.ആകയാൽ സൂക്ഷിക്കുക.

# അവറാനെവിടെ?



മോനായിയെ കാണാനില്ല എന്നു പറഞ്ഞതുപോലെ ഇപ്പോൾ അവറാനെയും കാണാനില്ല. ഒരു പണിയുമില്ലാതെ വീട്ടിലിരിക്കയാണെന്നു തോന്നുന്നു. അങ്ങനെയെങ്കിൽ ആ ഇരുപ്പ് ഇമ്മിണി നീളും.

കൺവൻഷൻ സീസൺ കഴിഞ്ഞാൽ ഒരു വിദേശ പര്യടനം, അല്ലെങ്കിൽ ഒരു വടക്കേ ഇന്ത്യൻ ടൂർ. ഇതായിരുന്നു സ്ഥിരം പരിപാടി. പക്ഷേ ഇത്തവണ ഇതൊന്നും നടക്കുന്ന മട്ടില്ല. ഡിഫെൻഡറിലൂടെ മാലോകർ സത്യമെല്ലാം അറിഞ്ഞുകഴിഞ്ഞു.

ഗൾഫിലേക്കു പോകാമെന്നു വച്ചാൽ കുവൈറ്റ് പ്രശ്നം തടസ്സമാകുന്നു. പ്രിയപ്പെട്ട അനുജൻ കഴിഞ്ഞവർഷം കുവൈറ്റിൽ കാട്ടിക്കൂട്ടിയതൊക്കെ ഇതര ഗൾഫ് രാജ്യങ്ങളിലുള്ളവരും അറിഞ്ഞു കഴിഞ്ഞു. അതുകൊണ്ട് കുവൈറ്റിലേക്കെന്നല്ല ഒരു ഗൾഫ് രാജ്യത്തേക്കും പോകാനാവില്ല. കുറച്ചുകാലം മുൻപു യു.കെയിൽ പോയതാണ്. ആസ്ട്രേലിയയിലേക്കു ക്ഷണവുമില്ല. അമേരിക്കൻ സ്വപ്നം പണ്ടേ വാടിക്കരിഞ്ഞതാണ്. കഴിഞ്ഞ വർഷം ഭാര്യയോടൊപ്പം അമേരിക്കൻ പര്യടനം നടത്തി ശരിക്കു പുലിവാലു പിടിച്ചതാണ്. ഇപ്പോൾ സ്ഥിതി അതിലും കഷ്ടമാണ്. ആകെയുള്ളതു വടക്കേ ഇന്ത്യയാണ്. പക്ഷേ ബാലൻ ആ വഴിയും അടച്ച മട്ടാണ്.

ഇനി എന്തു പോംവഴി? പറഞ്ഞുതരാം: ബാലന്റെ പത്രം ചെന്നെത്താത്ത സ്ഥലങ്ങൾ തേടിപ്പിടിക്കുക. അങ്ങനെയുള്ള കുഗ്രാമങ്ങളിൽ ടീമായി ചെല്ലുക. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും സുവിശേഷം ഘോഷിക്കുകയാണു ലക്ഷ്യമെന്നും അതിനായി സഹായിക്കണമെന്നും സഭക്കാരോടപേക്ഷിക്കുക. താമസ സൗകര്യം, ഭക്ഷണം എന്നിവ മാത്രം തന്നാൽ മതിയെന്നു പറയുക. കൺവൻഷനിൽ അത്യുഗ്രൻ സ്തോത്രക്കാഴ്ച എടുക്കുക. ദേശത്തുള്ള പണക്കാരെ നേരിൽ ചെന്നു കണ്ടു പണം പിരിക്കുക. എല്ലാം കഴിഞ്ഞു പോകുമ്പോൾ സഭയിൽ നിന്നും എന്തെങ്കിലും കിട്ടും. സംഗതി കുശാൽ.

# മുല്ലക്കര ഔട്ട്



പെന്തക്കോസ്തിൽ നിന്നു മുല്ലക്കര ഔട്ട്. അങ്ങനെ ഡിഫെൻഡറിന്റെ ശ്രമം വിജയിച്ചു. ഇതര കരിസ്മാറ്റിക്കുകാരേപ്പോലെ പൊതുജനവഞ്ചന നടത്തി മുല്ലക്കരയ്ക്കു കഴിയാം.

മുല്ലക്കര സ്നാനപ്പെട്ടെന്നും വി.റ്റി.ഏബ്രഹാം ഓർഡിനേഷൻ നൽകിയെന്നും മറ്റും കേട്ടതോടെ പെന്തക്കോസ്തുകാർ മുല്ലക്കരയെ പെന്തക്കോസ്തുകാരനായി അംഗീകരിച്ച മട്ടായിരുന്നു. കഴിഞ്ഞ വർഷത്തെ പിണ്ണാക്കു സമ്മേളനത്തിനു വിളിച്ചതും അങ്ങനെയാണ്. സമ്മേളനം കഴിഞ്ഞ് ഗൾഫിലും ഒരു കൊയ്ത്തു നടത്തി. മടങ്ങി വന്നപ്പോൾ കേരളത്തിലെ പെന്തക്കോസ്തുകാരും മുല്ലക്കരയെ സ്വീകരിച്ചു. നിരവധി പെന്തക്കോസ്ത് കൺവൻഷനുകളിൽ മുല്ലക്കര പ്രസംഗിച്ചു.

പക്ഷേ എല്ലാം കീഴ്മേൽ മറിയാൻ അധികം സമയം വേണ്ടിവന്നില്ല. മുല്ലക്കരയുടെ സ്നാനം വിവാദമായി. ദിനകരനാണു തന്നെ സ്നാനപ്പെടുത്തിയതെന്നും അതിനു സർട്ടിഫിക്കറ്റുണ്ടെന്നും മുല്ലക്കര വാദിച്ചു. അങ്ങനെയെങ്കിൽ സർട്ടിഫിക്കറ്റ് കാണിക്കൂ എന്നു പറഞ്ഞതോടെ മുല്ലക്കര കുഴഞ്ഞു. പരിശുദ്ധാത്മാവു പറഞ്ഞാൽ മാത്രമേ സർട്ടിഫിക്കറ്റ് കാണിക്കൂ എന്നായി മുല്ലക്കര. അതോടെ വിവരമുള്ളവർക്കെല്ലാം കാര്യം പിടികിട്ടി. വി.റ്റി. ഏബ്രഹാമിൽ നിന്ന് ഓർഡിനേഷൻ ലഭിച്ചു എന്നു സർട്ടിഫിക്കറ്റ് കാണിച്ചു തെളിയിക്കാൻ മുല്ലക്കര ശ്രമിച്ചെങ്കിലും ആ സർട്ടിഫിക്കറ്റ് വിലയുള്ളതല്ല എന്നു വി.റ്റി.ഏബ്രഹാംതന്നെ വ്യക്തമാക്കിയതോടെ മുല്ലക്കരയ്ക്കു മറുപടി ഇല്ലാതായി. ദേവസ്യ മുല്ലക്കര ശുദ്ധ തട്ടിപ്പുകാരനാണെന്നു മനസ്സിലായതോടെ പെന്തക്കോസ്തുകാർ ഇയാളെ കൈവിട്ടു.






# ആത്മീയം വേണ്ട അന്തപ്പാ



കഴിഞ്ഞ ചില ലക്കങ്ങളിൽ സാബു ഏബ്രഹാം എന്ന അന്തപ്പനേക്കുറിച്ചു ഡിഫെൻഡർ എഴുതുകയുണ്ടായി. കാരണം ചുരുക്കി പറയാം.

ഫാദേഴ്സ് ഹൗസ് ഇന്റർനാഷണൽ എന്ന പേരു കേൾക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായെങ്കിലും കൂടുതൽ അന്വേഷിച്ചില്ല. പക്ഷേ അടുത്ത കാലത്ത് ഒരു കച്ചിപ്പത്രത്തിൽ സാബു ഏബ്രഹാമിനെ അതിരുകടന്നു പുകഴ്ത്തുന്ന ലേഖനങ്ങൾ പതിവായി വരുന്നതു ശദ്ധയിൽ പെട്ടു. അത്യുഗ്രൻ മിനിസ്ട്രിയാണ് ഈ ചങ്ങാതി നടത്തുന്നത് എന്നത്രേ പത്രം എഴുതിവിട്ടിരുന്നത്. അതിരുകടന്ന ഈ അവകാശവാദങ്ങൾ കണ്ടപ്പോൾ സ്വാഭാവികമായും ചില അന്വേഷണങ്ങൾ നടത്തി. പത്രത്തിൽ പറയുന്ന തൊന്നുമല്ല സത്യം എന്നു മനസ്സിലായത് അങ്ങനെയാണ്.ഡിഫെൻഡർ അന്വേഷിച്ചറിഞ്ഞതിന്റെ ചുരുക്കം ഇതാണ്: അന്തപ്പൻ ഒന്നാംതരം തട്ടിപ്പുകാരനാണ്. ആദ്യഭാര്യയെ നിഷ്ക്കരുണം ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച ഈ നീചൻ പാസ്റ്ററെന്നല്ല ഒരു വിശ്വാസിപോലും ആയിരിക്കാൻ യോഗ്യനല്ല. ഇയാളുടെ കുടുംബാംഗങ്ങളും മേല്പടിയാണ്. അമ്മാച്ചനായ പി.റ്റി.മാമ്മൻ ഇന്റർനാഷണൽ തരികിടയാണ്. മറ്റൊരു ബന്ധുവായ ഏബ്രഹാം സഖറിയ രണ്ടുവട്ടം സ്നാനപ്പെട്ടത്രേ. കാര്യങ്ങൾ പന്തിയല്ല എന്നു വ്യക്തമായി. ഇങ്ങനെയുള്ള ഒരാൾ ഒരു പത്രക്കാരനു പണം കൊടുത്ത് വിശുദ്ധ പരിവേഷം അണിയുന്നതു ശരിയല്ല.

ഡിഫെൻഡർ അറിഞ്ഞ കാര്യങ്ങളൊക്കെ സത്യമാണോ? സത്യമല്ലെങ്കിൽ ഇയാൾക്കെതിരെ എഴുതുന്നതു ശരിയല്ല. സത്യം അറിയാൻ എന്താണു മാർഗ്ഗം? അന്തപ്പനോടുതന്നെ ചോദിക്കുകയാണ് ഏറ്റവും നല്ലത്. ഫോൺ വിളിച്ചാലോ? വേണ്ട, അതു പ്രശ്നത്തിനു കാരണമാകും. എന്താണു ഫോണിലൂടെ പറഞ്ഞതെന്നതിനു തെളിവില്ലല്ലോ. അതുകൊണ്ട് കത്തയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ ഡിഫെൻഡർ അന്തപ്പന് ഒരു രജിസ്റ്റേഡ് കത്തയച്ചു. ആരോപണങ്ങളുടെ സത്യാവസ്ഥ അറിയിക്കണം എന്നായിരുന്നു കത്തിലെ ആവശ്യം. ഈ കത്തിന് അന്തപ്പൻ മറുപടി അയച്ചില്ലെന്നു മാത്രമല്ല കച്ചിപ്പത്രത്തിൽ സപ്ലിമെന്റു വരെ ഇറക്കി ഷൈൻ ചെയ്യാൻ തുടങ്ങി. പണം കൊടുക്കുന്നവർക്കുവേണ്ടി സപ്ലിമെന്റിറക്കുന്നതു സ്ഥിരം പരിപാടിയാക്കിയ ഒരു നീചന്റെ സഹായമുണ്ടെന്ന ഒറ്റക്കാരണത്താലാണ് ഇയാൾ ഇത്ര അഹങ്കരിക്കുന്നതെന്നു വ്യക്തമായി. ഈ അഹങ്കാരം ശമിപ്പിക്കാതെ പറ്റില്ല.

അങ്ങനെ ഡിഫെൻഡർ എഴുതി. ഡിഫെൻഡറിന്റെ ശക്തി എന്തെന്ന് അന്തപ്പൻ അനുഭവിച്ചറിയുകയും ചെയ്തു. അതുകൊണ്ട് അന്തപ്പനെതിരെയുള്ള എഴുത്തു തത്ക്കാലം നിർത്തുകയാണ്. ആദ്യഭാര്യയെ ഉപേക്ഷിച്ചു രണ്ടാം വിവാഹം നടത്തിയ അന്തപ്പൻ ഇപ്പോൾ വ്യഭിചാരത്തിൽ ജീവിക്കുകയാണ്. അതുകൊണ്ട് ഇയാൾ ഇനി ദൈവവേല ചെയ്യാൻ പാടില്ല. മറ്റെന്തെങ്കിലും ജോലി ചെയ്തു ജീവിക്കട്ടെ. പക്ഷേ അന്തപ്പൻ ഇനി ബൈബിൾ കോളേജോ സഭയോ നടത്താൻ ശ്രമിക്കുകയോ ദൈവനാമം പറഞ്ഞു പണം പിരിക്കുകയോ ചെയ്താൽ ഡിഫെൻഡർ വീണ്ടും എഴുതുന്നതാണ്.

# ടി.പി.വർഗീസ് സൂക്ഷിക്കണം



എ.ജിയിലെ ശുശ്രൂഷകനായ റ്റി.പി.വർഗീസിനെതിരെ ഡിഫെൻഡർ കാര്യമായി ഒന്നും എഴുതിയിട്ടില്ല. ഇദ്ദേഹം ദുരുപദേശക്കാരനോ ദുർമ്മാർഗ്ഗിയോ അല്ലാത്തതുകൊണ്ടാണ് നാളിതുവരെ വെറുതെ വിട്ടത്. ഇങ്ങനെതന്നെ തുടരാനാണ് ഡിഫെൻഡർ ആഗ്രഹിക്കുന്നതും. അതുകൊണ്ട് ചില മുന്നറിയിപ്പുകൾ തരുന്നു:

1. എ.ജിയുടെ ചീഞ്ഞുനാറിയ രാഷ്ട്രീയക്കളിയിൽ ഇടപെടാതിരിക്കുക.
2. ഉപദേശ വിഷയങ്ങളിൽ അയവില്ലാത്ത നിലപാടു സ്വീകരിക്കുക. ഉപദേശം എന്നതുകൊണ്ട് എ.ജിയുടെ ഉപദേശം എന്നുതന്നെയാണ് ഡിഫെൻഡർ അർത്ഥമാക്കുന്നത്. (എ.ജിയിലെ ശുശ്രൂഷകൻ എ.ജിയുടെ ഉപദേശമാണല്ലോ പഠിപ്പിക്കേണ്ടത്).
3. ദുർന്നടപ്പിന്റെ ശ്രുതി പോലും ഉണ്ടാകാതെ സൂക്ഷിക്കുക.
4. പണത്തിന്റെയും മറ്റു ഭൗതീക നേട്ടങ്ങളുടേയും പിന്നാലെ പോകാതിരിക്കാൻ ശ്രദ്ധിക്കുക.
5. ദുർന്നടപ്പുകാരായ പാസ്റ്റർമാരുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുക. വളഞ്ഞവട്ടൻ, മുണ്ടിയപ്പള്ളിയിലെ ചങ്ങാതി തുടങ്ങിയവരുമായുള്ള അവിശുദ്ധ ബന്ധം ഒഴിവാക്കുക.

ഇത്രയുമൊക്കെ ചെയ്താൽ ഡിഫെൻഡറിനു ജോലി കുറഞ്ഞിരിക്കും. എന്തു വേണമെന്നു സ്വയം തീരുമാനിക്കുക.

# ശാസ്താകോട്ട സംഭവം: പ്രതികൾക്കു ജാമ്യം

ഇസ്ലാം മതത്തേക്കുറിച്ചു പരാമർശമുള്ള ലഘുലേഖകൾ വിതരണം ചെയ്തതിന് ശാസ്താംകോട്ടയിൽ അറസ്റ്റ് ചെയ്യപ്പെട്ട ബ്രദറൺ വിശ്വാസികൾക്കു മെയ് 31ന് (തിങ്കൾ) ജാമ്യം ലഭിച്ചു. മതനിന്ദ ആരോപിച്ച് ഇവരെ മെയ് 27ന് അറസ്റ്റ് ചെയ്യുകയായിരുന്നു. ഇവർ വിതരണം ചെയ്ത ലഘുലേഖയിൽ ഇസ്ലാം മതത്തെ അപമാനിക്കുന്ന പരാമർശങ്ങളുണ്ടെന്നാണ് ആരോപണം.

തെക്കൻ മൈനാഗപ്പള്ളി എബനേസർ ഭവനിൽ ജോയി തോമസ്, കൊട്ടാരക്കര കരിക്കം കാർമ്മൽ വീട്ടിൽ ശാമുവൽ, അടൂർ കിളിവയൽ നെല്ലിക്കുന്നിൽ എം.ടി.ജോയി, കൊട്ടാരക്കര പെരുംകുളം എ.കെ.ശശി എന്നിവരാണ് മെയ് 27ന് അറസ്റ്റിലായത്. മൂന്നുപേർ കൂടി ഇവരോടൊപ്പം ഉണ്ടായിരുന്നെന്നും അവർ ഓടി രക്ഷപ്പെട്ടെന്നും ജനസംസാരമുണ്ട്.

വിവാദത്തിനു കാരണമായ ലഘുലേഖ ഡിഫെൻഡർ കണ്ടിട്ടില്ല. അതുകൊണ്ട് ലഘുലേഖയിലെ ആശയങ്ങളേപ്പറ്റി വിലയിരുത്തുന്നില്ല. നെയ്യാറ്റിൻകര ഭാഗത്തുള്ള ആരോ പ്രസിദ്ധീകരിച്ചതാണ് ഈ ലഘുലേഖ എന്നു കേട്ടു. ജി.എൽ.എസ്സ് പ്രസിദ്ധീകരിച്ച തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ ക്രിസ്ത്യൻ-ഇസ്ലാം സംവാദം എന്ന പുസ്തകത്തേക്കുറിച്ച് ഈ ലഘുലേഖയിൽ എന്തോ പരാമർശമുള്ളതിനാൽ ജി.എൽ.എസ്സിന്റെ പത്തനംതിട്ട ഓഫീസിനെതിരേയും ഭീഷണിയുണ്ടായി. എങ്കിലും പോലീസ് ഇടപെട്ട് രംഗം ശാന്തമാക്കി.

# സ്റ്റേഡിയം പണിയിൽ തട്ടിപ്പു നടന്നിട്ടുണ്ടോ?

ചർച്ച് ഓഫ് ഗോഡ് കേരള റീജിയന്റെ കൺവൻഷൻ സ്റ്റേഡിയം മണ്ണിട്ടു നികത്തിയ വകയിലും തട്ടിപ്പു നടന്നിട്ടുണ്ടോ? ഉണ്ടെന്നാണ് ആരോപണം. സംഗതി ഇങ്ങനെ:

പാസ്റ്റർ സണ്ണി വർക്കി ഓവർസിയറായിരുന്നപ്പോഴാണ് സ്റ്റേഡിയം പണിയാൻ പാക്കിൽ 1.78 ഏക്കർ സ്ഥലം വാങ്ങിയത്. എന്നാൽ ആ സ്ഥലം മണ്ണിട്ടു നികത്തി മാത്രമേ ഉപയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. പിന്നീട് ഓവർസിയറായ പി.ജെ.ജോസഫിന്റെ കാലത്തു പകുതിയോളം സ്ഥലം മണ്ണിട്ടു നികത്തി കൺവൻഷനായി ഉപയോഗിച്ചു. തോമസ് ജോൺ സ്ഥാനമേറ്റശേഷം രണ്ടേക്കർ സ്ഥലം മണ്ണിട്ടു നികത്തിയെന്നും അതിന്റെ ചെലവിലേക്കായി ഓരോ കുടുംബവും ഒരോ ലോഡ് മണ്ണിന്റെ വിലയായ 1500 വീതം നൽകണമെന്നും ആവശ്യപ്പെട്ടു. ഈ കണക്കു ശരിയാണെങ്കിൽ മൂന്നേക്കറോളം സ്ഥലം അവിടെ ഉണ്ടാകേണ്ടതാണ്. പക്ഷേ പഴയ 1.78 ഏക്കർ സ്ഥലം മാത്രമേ ഇപ്പോഴുമുള്ളൂ. ഇതിൽ അഴിമതിയുണ്ട് എന്നാണ് ആരോപണം. ഇല്ലാത്ത സ്ഥലത്തു മണ്ണിട്ടെന്നു പറഞ്ഞു പണം പിരിക്കാനായിരുന്നു ശ്രമം എന്നാണ് പറയപ്പെടുന്നത്.

വലിയ ബുദ്ധിമുട്ടു കൂടാതെ പരിഹരിക്കാവുന്ന പ്രശ്നമാണിത്. സ്ഥലം അളന്നു നോക്കുക. മുൻ ഓവർസിയറുടെ കാലത്തു മണ്ണിട്ടു നികത്തിയ സ്ഥലം അളന്നു തിട്ടപ്പെടുത്തണം. ഇപ്പോഴത്തെ ഓവർസിയർ മണ്ണിട്ടു നികത്തിയ സ്ഥലവും അളക്കണം. അപ്പോൾ സത്യം മനസ്സിലാക്കാൻ കഴിയും. അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കി ദൈവവേലക്കു തടസ്സമുണ്ടാക്കുന്നതു നല്ലതല്ല. പ്രശ്നങ്ങൾ രൂക്ഷമാകുന്നതിനു മുമ്പ് പരിഹരിക്കുകയാണ് എല്ലാവർക്കും നല്ലത്.




# വളഞ്ഞവട്ടനെ ഒഴിവാക്കുക

വിട്ടാലും വിടാത്ത കമ്പിളിക്കെട്ടാണു വളഞ്ഞവട്ടൻ. നാണം എന്ന വാക്കിന്റെ അർത്ഥം പോലും അറിഞ്ഞുകൂടാത്തതുകൊണ്ട് ഇപ്പോഴും ഞെളിഞ്ഞു നടക്കുകയാണ്. മാനസാന്തരം ഉണ്ടായിട്ടുമില്ല. പക്ഷേ അമ്മാച്ചനായ ടി.ജെ.ശാമുവൽ നാടു നീങ്ങിയതുകൊണ്ട് പല്ലിന്റെ ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല എന്നുമാത്രം.

അധികം താമസിയാതെ പ്രസ്ബിറ്ററി തെരഞ്ഞെടുപ്പു നടക്കുകയാണ്. വളഞ്ഞവട്ടൻ വീണ്ടും പ്രസ്ബിറ്ററാകാനുള്ള തയ്യാറെടുപ്പിലുമാണ്. ഇവനേപ്പോലൊരു വ്യഭിചാരിയെ വീണ്ടും പ്രസ്ബിറ്ററാക്കാതിരിക്കാനുള്ള ധാർമ്മികബോധം വോട്ടർമാർക്ക് ഉണ്ടാകേണ്ടതാണ്. പക്ഷേ ധാർമ്മികബോധമെന്നല്ല വെറും ബോധം പോലും മിക്കവർക്കുമില്ല. അതുകൊണ്ട് വളഞ്ഞവട്ടൻ വീണ്ടും ജയിച്ചേക്കാം. പക്ഷേ അത്തരമൊരു സ്ഥിതിവിശേഷം ഉണ്ടാകുന്നതു തടയാൻ കഴിഞ്ഞാൽ നന്നായിരിക്കും.



# നിങ്ങൾക്കും വലിയവനാകാം

മഴക്കാലം ആരംഭിച്ചതുകൊണ്ട് അടുത്ത അഞ്ചു മാസക്കാലം കൺവൻഷനുകളും മറ്റും നടത്താനാവില്ല. പ്രസംഗത്തൊഴിലാളികൾക്ക് പണിയൊന്നുമില്ലെന്നു ചുരുക്കം. എങ്കിലും ഈ അവധിക്കാലം തക്കത്തിൽ വിനിയോഗിച്ചാൽ നാലു പുത്തനുണ്ടാക്കാം. അതിനുള്ള വഴിയാണ് ഇവിടെ വിശദീകരിക്കുന്നത്.

ജൂൺ മുതൽ ഒക്ടോബർ വരെയുള്ള അഞ്ചു മാസക്കാലത്താണ് പെന്തക്കോസ്തിലെ പ്രസംഗത്തൊഴിലാളികൾക്ക് കേരളത്തിൽ പണിയില്ലാത്തത്. ഈ സമയത്ത് വിദേശ പര്യടനമോ അതിനു സാധിക്കാത്തവർക്ക് അഖിലേന്ത്യാ പര്യടനമോ നടത്തി പണം തട്ടാം. കൺവൻഷൻ സീസണിൽ കിട്ടിയതിലും അധികം പണം സമ്പാദിക്കാം. അമേരിക്കൻ യാത്രയാണ് ഏറ്റവും ആദായകരം. അതുകൊണ്ട് ആദ്യം അമേരിക്കൻ പര്യടനത്തേക്കുറിച്ചു പറയാം.

ഒരിക്കലെങ്കിലും അമേരിക്കയിൽ പോയിട്ടുള്ളവർക്ക് ഈ ലേഖനം കൊണ്ടു പ്രയോജനമില്ല. ആകയാൽ നാളിതുവരെ അമേരിക്കയിൽ പോയിട്ടില്ലാത്തവർക്കു സഹായകമാകുന്ന വിവരങ്ങളാണ് എഴുതുന്നത്.

അമേരിക്കയിലുള്ള ആരെയെങ്കിലും ചാക്കിട്ട് ഒരു സ്പോൺസർ ലറ്റർ സംഘടിപ്പിക്കുകയാണ് ആദ്യപടി. ലറ്റർ കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ രേഖകൾ സഹിതം അമേരിക്കൻ കോൺസുലേറ്റിൽ ചെന്നു വിസ സംഘടിപ്പിക്കണം. പക്ഷേ ഇവിടെ ഒരു പ്രശ്നമുണ്ട്: അമേരിക്കൻ വിസ കിട്ടാൻ വലിയ ബുദ്ധിമുട്ടാണ്. ഒരു കാരണവും പറയാതെ അവർ വിസ നിഷേധിച്ചുകളയും. സാത്താന്റെ പോരാട്ടം എന്നല്ലാതെ എന്തു പറയാൻ! അതുകൊണ്ട് ഉപവസിച്ചു പ്രാർത്ഥിക്കുകയും അത്യുഗ്രമായി ശാസിക്കുകയും ചെയ്തശേഷം വേണം വിസയ്ക്കായി പോകാൻ. ഒത്താൽ ഒത്തു.

വിസ കിട്ടിക്കഴിഞ്ഞാൽ രക്ഷപ്പെട്ടു. നാടൻ ഭാഷയിൽ പറഞ്ഞാൽ നല്ലകാലം തെളിഞ്ഞു. അമേരിക്കൻ യാത്രയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തുക. ഓവർക്കോട്ടും കണ്ഠകൗപീനങ്ങളും കരുതണം. ഈ കുന്ത്രാണ്ടം കഴുത്തിൽ കെട്ടാൻ പഠിക്കണം. അമേരിക്കയിലുള്ളവരുടെ അഡ്രസ്സും ഫോൺ നമ്പറും ശേഖരിക്കണം.

ആദ്യമായി അമേരിക്കയിൽ എത്തുന്നവർക്കു സാമാന്യം നല്ല സ്വീകരണം ലഭിക്കും. പക്ഷേ പിന്നീടുള്ള യാത്രകളിൽ ഇതായിരിക്കില്ല അനുഭവം. ആദ്യ യാത്രയിൽ തന്നെ അമേരിക്ക മുഴുവൻ ചുറ്റിയടിക്കുന്നവരുണ്ട്. എന്നാൽ ഇതു ശരിയായ രീതിയല്ല. ഏതെങ്കിലും ഒരു പ്രധാന പട്ടണത്തിൽ ലാന്റ് ചെയ്യുക. ആ പട്ടണം വിട്ട് എങ്ങും പോകരുത്. വിസയുടെ കാലാവധി തീരുന്നതുവരെ ആ പട്ടണത്തിൽ കഴിയുക. അടുത്ത യാത്ര ദൂരെയുള്ള മറ്റൊരു പട്ടണത്തിലേക്കാവണം. ഇത്തരത്തിൽ യാത്ര ചെയ്യാൻ കഴിയുന്ന പത്തു പ്രധാന പട്ടണങ്ങളെങ്കിലും അമേരിക്കയിലുണ്ട്. വർഷത്തിൽ ഒരു അമേരിക്കൻ യാത്ര എന്ന ക്രമത്തിൽ കണക്കാക്കിയാൽ പത്തു വർഷം കൊണ്ടു മാത്രമേ അമേരിക്ക കവറു ചെയ്യാൻ പറ്റൂ.

ഇങ്ങനെ ചെയ്യുന്നതുകൊണ്ട് എന്താണു പ്രയോജനം എന്നു ചോദിച്ചേക്കാം. പ്രയോജനമേയുള്ളൂ എന്നതാണു സത്യം. ആദ്യ യാത്രയിൽത്തന്നെ എല്ലാ പട്ടണങ്ങളിലും പോയാൽ അടുത്ത വർഷം എവിടെപ്പോകും? പഴയപടി എല്ലാ പട്ടണങ്ങളിലും പോകും എന്നാണു മറുപടിയെങ്കിൽ നിങ്ങൾക്ക് അമേരിക്കൻ സൈക്കോളജി അറിഞ്ഞുകൂടാ എന്നു വ്യക്തം. കഴിഞ്ഞ വർഷം വന്ന കക്ഷി ഈ വർഷവും വന്നു എന്നറിഞ്ഞാൽ തിരിഞ്ഞു നോക്കാൻ ആളുണ്ടാകില്ല. വ്യക്തികളോ സഭകളോ സ്വീകരിക്കില്ല. വണ്ടിക്കൂലി പോലും കിട്ടിയില്ലെന്നും വരാം. ഓട്ടപ്രദിക്ഷണം നടത്തുന്നതുകൊണ്ട് മറ്റൊരു പ്രായോഗിക പ്രശ്നവുമുണ്ട്. ഓരോ സ്ഥലത്തും രണ്ടോ മൂന്നോ ആഴ്ചയിൽ കൂടുതൽ താമസിക്കാൻ സമയം കിട്ടില്ല. മിക്ക സഭകളിലും ഒന്നോ രണ്ടോ മാസത്തേക്കുള്ള പ്രോഗ്രാം മുൻകൂട്ടി തീരുമാനിച്ചിട്ടുണ്ടാകും. അതുകൊണ്ട് നിങ്ങൾക്കു സമയം തരാൻ പറ്റിയില്ലെന്നു വരാം. പക്ഷേ പ്രോഗ്രാം ചോദിച്ച് നിങ്ങൾ വിളിച്ചതുകൊണ്ട് നിങ്ങൾ വന്ന വിവരം വേണ്ടപ്പെട്ടവർ അറിയുകയും ചെയ്യും. അടുത്ത വർഷവും നിങ്ങൾ വിളിക്കും. 'ഇയാളെന്താ ഇതുവരെ പോയില്ലേ' എന്നാകും പിന്നീടുള്ള ചോദ്യം. ചുരുക്കത്തിൽ നിങ്ങളെ ആർക്കും വേണ്ടാതാകും. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ ഓട്ടപ്രദിക്ഷണം ഒഴിവാക്കിയാൽ മതി.

ഏതു പട്ടണത്തിലാണു കലാപരിപാടി അവതരിപ്പിക്കുന്നതെന്നു മുൻകൂട്ടി തീരുമാനിച്ച് ഉറപ്പിച്ചശേഷം വേണം യാത്ര തിരിക്കാൻ. ചെന്നിറങ്ങുമ്പോൾ നിങ്ങളെ സ്വീകരിക്കാൻ ആളുണ്ടാകുകയും വേണം. ഇത്രയും സാധിച്ചാൽ ആദ്യഘട്ടം വിജയിച്ചു. ഇനി അടുത്ത പടി.

പ്രധാന അമേരിക്കൻ പട്ടണങ്ങളിൽ 25-50 മലയാളി പെന്തക്കോസ്ത് സഭകൾ കാണും. ആ സഭകളിലെ പാസ്റ്റർമാർ, മറ്റു പ്രധാന ഭാരവാഹികൾ തുടങ്ങിയവരുടെ പേരും ഫോൺ നമ്പറും മറ്റു വിവരങ്ങളും ശേഖരിക്കുക. അവരിൽ ചിലർ നിങ്ങളുടെ നാടുമായി ബന്ധമുള്ളവരാകാം. അല്ലെങ്കിൽ നിങ്ങൾക്കറിയാവുന്ന ദേശത്തുള്ളവരാകാം. ചിലരുടെ കുടുംബാംഗങ്ങളുമായി നിങ്ങൾക്കു ബന്ധമോ പരിചയമോ കാണും. മിക്കവരുമായും ഈ വിധത്തിലുള്ള എന്തെങ്കിലുമൊക്കെ ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിയും. അതെന്തൊക്കെ എന്നു മുൻകൂട്ടി മനസ്സിലാക്കിയിട്ടുവേണം കലാപരിപാടി തുടങ്ങാൻ.

ഉദാഹരണത്തിന് ഒരു സഭയിലെ പാസ്റ്റർ നിങ്ങളുടെ ദേശക്കാരനാണ്. അയാളുടെ കുടുംബാംഗങ്ങളിൽ ചിലരേയും നിങ്ങൾക്കറിയാം. ഈ പാസ്റ്റർ ഏതു സമയത്താണു വീട്ടിലുണ്ടാകുക എന്ന് അന്വേഷിച്ചറിഞ്ഞു വിളിക്കുക. സ്വയം പരിചയപ്പെടുത്തുക. നാടിന്റെ ബന്ധം പറഞ്ഞു വേണം തുടങ്ങാൻ. നാട്ടിലുള്ള ബന്ധുക്കളുമായും നിങ്ങൾ നല്ല ബന്ധത്തിലാണെന്നു പറയണം. അങ്ങനെ സംസാരിച്ചു ബന്ധം സ്ഥാപിക്കണം. സഭയിൽ ഒരു പ്രോഗ്രാം ലഭിക്കുന്നതു വരെ ഈ സംഭാഷണം തുടരണം. ഇങ്ങനെ മറ്റുള്ളവരുമായും ബന്ധം സ്ഥാപിച്ചെടുക്കുക.

പ്രോഗ്രാം ലഭിച്ച സഭയിൽ പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കുക: നിങ്ങൾ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കർത്താവിനുവേണ്ടി അധ്വാനിക്കുന്നവനാണെന്ന തോന്നൽ വരുത്തിത്തീർക്കണം. സഹാചര്യവും സന്ദർഭവും അനുസരിച്ചു കള്ളം പറഞ്ഞാൽ മതി. സ്വന്തം മിനിസ്ട്രി, അതായതു സംഘടന, ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു വർണ്ണിക്കണം. ഈ സംഘടന ഉള്ളതുകൊണ്ടാണ് ഇന്ത്യ ഇങ്ങനെ നിലനിന്നുപോകുന്നത് എന്ന തോന്നലുണ്ടാക്കണം. സംഘടനയുടെ നേതൃത്വത്തിൽ അനാഥശാല ഉണ്ടെന്നു പറയാം. പക്ഷേ എവിടെയാണ് അനാഥശാല എന്നു ചോദിച്ചാൽ കേരളത്തിലെ വിലാസം പറയരുത്. തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉള്ളതോ ഇല്ലാത്തതോ ആയ ഒരു ഗ്രാമത്തിന്റെ പേരു പറയുക. നിങ്ങൾ പറയുന്നതു ശരിയാണോ എന്നു പരിശോധിക്കാൻ ആരും അവിടേക്കു വരത്തില്ല. അനാഥശാല മാത്രമല്ല ബൈബിൾ കോളേജ്, സ്കൂൾ, വൃദ്ധമന്ദിരം തുടങ്ങി കേൾക്കുന്നവരുടെ കരളലിയിക്കുന്ന എന്തും പറയാം.

യോഗം കഴിഞ്ഞാൽ ഈ സഭയിലുള്ളവരുമായി പരിചയപ്പെടുക. ചില വിരുതൻമാർ സംസാരിക്കാൻ പോലും നിൽക്കാതെ സ്ഥലം വിടും. അവരെ പ്രത്യേകം നോട്ടു ചെയ്യുക. പരിചയപ്പെട്ടവരുടേയും ചാടിപ്പോയവരുടേയും ഫോൺ നമ്പർ സംഘടിപ്പിക്കുക. തുടർന്നുള്ള ദിവസങ്ങളിൽ അവരെ വിളിക്കുക. പലവട്ടം വിളിക്കുമ്പോൾ ചിലരെങ്കിലും വീട്ടിലേക്കു ക്ഷണിക്കും. ക്ഷണം കിട്ടുന്ന വീടുകളിലെല്ലാം പോകുക. ശാപ്പാടും 50-100 ഡോളറും കിട്ടും. നാക്കു ഫലപ്രദമായി ഉപയോഗിച്ചാൽ ദീർഘകാലം നിലനിൽക്കുന്ന ഒരു ബന്ധം ഉണ്ടാക്കിയെടുക്കാനും കഴിയും. ഇങ്ങനെ വിസയുടെ കാലാവധി കഴിയുന്നതുവരെ ആ പട്ടണത്തിൽ കഴിയുക. ഏറ്റവും കുറഞ്ഞത് അഞ്ചുലക്ഷം രൂപ കിട്ടിയിരിക്കും. നിങ്ങൾ കഴിവുള്ളവനാണെങ്കിൽ പത്തോ ഇരുപതോ ലക്ഷം സമ്പാദിക്കാം.

ആത്മീയ തെണ്ടികൾക്ക് ഏറ്റവും ആകർഷകമായ രാജ്യം അമേരിക്ക തന്നെ. പക്ഷേ വിസ കിട്ടാൻ ബുദ്ധിമുട്ടാണ്. ഒരിക്കൽ വിസ കിട്ടിയാൽ പിന്നീട് ബുദ്ധിമുട്ടുണ്ടാകാനിടയില്ല. അമേരിക്കൻ വിസയ്ക്കായി പലവട്ടം ശ്രമിച്ചു പരാജയപ്പെട്ടവരുണ്ടെന്ന വസ്തുത മറക്കരുത്. നാലഞ്ചുവട്ടം വിസ നിരസിക്കപ്പെട്ടവർക്കു പിന്നീടു വിസ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യും.

യു.കെ., ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലും ഇപ്പോൾ മലയാളി പെന്തക്കോസ്ത് സഭകളുണ്ട്. അതുകൊണ്ട് ഈ രാജ്യങ്ങളിലേക്കും ഒരു പര്യടനം നടത്താവുന്നതാണ്. പക്ഷേ സഭകളുടേയും വിശ്വാസികളുടേയും എണ്ണം കുറവായതുകൊണ്ട് ഒരു ലാർജ് സ്കെയിൽ കൊയ്ത്ത് തരപ്പെടുകയില്ല.

പിന്നെയുള്ളതു ഗൾഫാണ്. വലിയ ബുദ്ധിമുട്ടു കൂടാതെ വിസ ലഭിക്കും എന്നതാണ് ഒരു പ്രധാന മേൻമ. വണ്ടിക്കൂലി ഇനത്തിൽ വലിയ ചെലവില്ല. ചെന്നിറങ്ങുമ്പോൾ സ്വീകരിച്ചുകൊണ്ടുപോകാൻ ആളുവേണം. ഒന്നോ രണ്ടോ വട്ടം പോയി വന്നവർക്ക് സ്വീകരിക്കാൻ ആളില്ലെങ്കിലും കുഴപ്പമില്ല. മുൻയാത്രയിൽ പരിചയപ്പെട്ട ആരുടെയെങ്കിലും വീട്ടിലോ ഏതെങ്കിലും മെസ്സിലോ ചെന്നു കയറാം. ബെഡ്സ്പേസ് ലഭിക്കുന്ന സ്ഥലങ്ങൾ അറിവുള്ളവർക്ക് അവിടെ എത്താനും കഴിയും. വിസയുടെ കാലാവധി തീരുന്നതുവരെ ഊർജ്ജിതമായി തെണ്ടുക. ഒരുലക്ഷം രൂപയെങ്കിലും സംഘടിപ്പിക്കാൻ പറ്റും. ചിലപ്പോൾ പത്തോ ഇരുപതോ ലക്ഷം ഒപ്പിക്കാൻ കഴിഞ്ഞേക്കാം. ഒന്നോ രണ്ടോ വർഷം കൊണ്ട് ഗൾഫ് രാജ്യങ്ങൾ കവർ ചെയ്യാം. അതു കഴിഞ്ഞാൽ രണ്ടാം വട്ട പര്യടനം ആരംഭിക്കുക.

വിവിധ കാരണങ്ങളാൽ ഇതൊന്നും സാധിക്കാത്തവരുണ്ടാകാം. അങ്ങനെയുള്ളവർ ഒരു അഖിലേന്ത്യാ ടൂർ നടത്തുക. പാസ്പോർട്ട്, വിസ തുടങ്ങിയവയൊന്നും വേണ്ട. വണ്ടിക്കൂലിയിനത്തിലും ചെലവു കുറവ്. ഡൽഹി, ബോംബെ എന്നീ നഗരങ്ങളിൽ നൂറു കണക്കിനു മലയാളി സഭകളുണ്ട്. കൂടാതെ, ചെറു പട്ടണങ്ങളിലും കറങ്ങണം. അമേരിക്കയിലും ഗൾഫിലും മറ്റും ചെന്നാൽ കിട്ടുന്നതുപോലെ വലിയ തുകകളൊന്നും കിട്ടുകയില്ല. എങ്കിലും പലതുള്ളി പെരുവെള്ളം. എള്ളു കൊറിച്ചാൽ എള്ളോളം.

വടക്കേ ഇന്ത്യയിൽ യാത്ര ചെയ്യാൻ ഹിന്ദി അറിഞ്ഞിരിക്കണം. ഇംഗ്ലീഷ് അറിഞ്ഞിരുന്നാലും നിന്നുപിടിക്കാം. ഇതൊന്നും അറിഞ്ഞു കൂടാത്തവർ ചിലപ്പോൾ ബുദ്ധിമുട്ടിയെന്നു വരാം. അങ്ങനെയുള്ളവർ എളിയ തോതിൽ കേരള പര്യടനം നടത്തുക. ഓരോ പര്യടനവും ഒന്നോ രണ്ടോ ആഴ്ച നീളമുള്ളതായാൽ മതി. സഭകൾ, പണക്കാരുടെ വീടുകൾ തുടങ്ങിയവ ലക്ഷ്യമിട്ടാകണം സന്ദർശനം. ജീവിച്ചു പോകാനുള്ള വഹ കിട്ടും.

ഞായറാഴ്ചകളിൽ സഭകൾ സന്ദർശിക്കാനാണു പരിപാടിയെങ്കിൽ ഒരു വിദ്യ പറഞ്ഞുതരാം. ഏതു സഭയാണു സന്ദർശിക്കുന്നതെന്നു മുൻകൂട്ടി നിശ്ചയിക്കുക. ആ സഭയിലെ പാസ്റ്റർക്ക് ഒരു കത്തയയ്ക്കുകയാണ് അടുത്ത നടപടി. വ്യാഴാഴ്ച ദിവസം മാത്രമേ കത്തു പോസ്റ്റ് ചെയ്യാവൂ. പക്ഷേ അതിന് ഒരാഴ്ച മുൻപുള്ള തീയതി കത്തിൽ വയ്ക്കണം. കത്തിന്റെ ഉള്ളടക്കം ഇതാ: ''നിങ്ങളുടെ സഭ സന്ദർശിക്കണമെന്ന് ദൈവാത്മാവു പറഞ്ഞു. അതുകൊണ്ട് ഈ ഞായറാഴ്ച സഭായോഗത്തിന് ഞാൻ എത്തുന്നതാണ്. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ഈ കത്തു കിട്ടിയാലുടൻ മറുപടി അയയ്ക്കണം. അങ്ങനെയുള്ള മറുപടി ലഭിക്കുന്നില്ലെങ്കിൽ ഞാൻ സഭായോഗത്തിന് എത്തുന്നതാണ്.'' വ്യാഴാഴ്ച പോസ്റ്റ് ചെയ്ത കത്ത് വെള്ളിയാഴ്ചയോ ശനിയാഴ്ചയോ മാത്രമേ പാസ്റ്റർക്കു കിട്ടൂ. അതുകൊണ്ടു മറുപടി അയയ്ക്കാൻ സമയം കിട്ടില്ല. അഥവാ വെള്ളിയാഴ്ച ലഭിച്ച കത്തിനു പാസ്റ്റർ അന്നുതന്നെ മറുപടി അയയ്ക്കുകയും ശനിയാഴ്ച നിങ്ങൾക്കു കിട്ടുകയും ചെയ്താലും പ്രശ്നമില്ല. കാരണം, മറുപടി കിട്ടിയില്ല എന്ന് അതിമനോഹരമായി കള്ളം പറയാമല്ലോ. കത്തയച്ചതു വെള്ളിയാഴ്ചയാകയാൽ നിങ്ങൾ പറയുന്നതു സത്യമാണെന്നു പാസ്റ്റർ വിശ്വസിച്ചുപോകും.

മേല്പടി സഭയിൽ നിങ്ങൾ സഭായോഗത്തിനെത്തണം. വളരെ നേരത്തെ എത്തിയാൽ പാസ്റ്ററുമായി സംസാരിക്കേണ്ടതായി വരും. അങ്ങനെ സംഭവിച്ചാൽ ചിലപ്പോൾ പ്രോഗ്രാം ലഭിക്കാതാകും. അതുകൊണ്ട് പത്തുമണി കഴിഞ്ഞ് അഞ്ചോ പത്തോ മിനിട്ടു കഴിഞ്ഞെത്തുക. അതിനോടകം സഭായോഗം ആരംഭിച്ചിരിക്കും. സഭാഹാളിൽ കയറിയാൽ നേരെ ചെന്ന് പാസ്റ്ററോടൊപ്പം ഇരിക്കുക. കത്തയച്ച പാസ്റ്ററാണ് എത്തിയിരിക്കുന്നതെന്നു പാസ്റ്ററെ അറിയിക്കുക. കൂടുതലൊന്നും സംസാരിക്കാതെ കണ്ണടച്ചിരുന്ന് അത്യുഗ്രമായി പ്രാർത്ഥിക്കുക. പ്രസംഗിക്കാൻ അല്പം സമയം കിട്ടും. അതു ഫലപ്രദമായി വിനിയോഗിക്കുക. ശാപ്പാടും കൈമടക്കും ഉറപ്പ്.

കേരള പര്യടനം നടത്തുന്നതിനു നേരവും കാലവും നോക്കേണ്ടതില്ല. പക്ഷേ വടക്കേ ഇന്ത്യൻ പര്യടനം കാലാവസ്ഥ നോക്കി നടത്തിയാൽ നന്ന്. കൊടിയ ചൂടുള്ള ജൂൺ-ജൂലൈ മാസങ്ങളും അസഹനീയമായ തണുപ്പുള്ള ജനുവരി-ഫെബ്രുവരി മാസങ്ങളും ഒഴിവാക്കുക. വിദേശ പര്യടനത്തിനുമുണ്ട് കാലാവസ്ഥാപ്രശ്നം. സന്ദർശിക്കുന്ന രാജ്യത്തെ കാലാവസ്ഥ മുൻകൂട്ടി അറിഞ്ഞുവച്ചശേഷം സന്ദർശനം നടത്തുക.

ഇത്തരം പര്യടനങ്ങളിൽ നിങ്ങൾ പ്രസംഗിക്കേണ്ടതായി വരും. അതുകൊണ്ട് അഞ്ചോ പത്തോ പ്രസംഗങ്ങൾ കാണാപ്പാഠം പഠിച്ചു വയ്ക്കുക. പ്രസംഗത്തട്ടിപ്പ് എങ്ങനെ നടത്തണമെന്നു മുൻലക്കങ്ങളിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. ദാവീദ്, ഏലിയാവ്, മോശ തുടങ്ങിയ സ്ഥിരം വിഷയങ്ങൾ വിട്ട് അധികമാരും പ്രസംഗിക്കാത്ത വിഷയങ്ങളെടുത്താൽ ഏറെ ഫലം ചെയ്യും. പ്രസംഗം നന്നായാലുള്ള ഗുണം പറയേണ്ടതില്ല. പക്ഷേ പ്രസംഗം മാത്രം പോരാ എന്നറിയുക.

പ്രവചനം നടത്താൻ കഴിയുമെങ്കിൽ ഏറെ നല്ലത്. എങ്ങനെയാണു കള്ളപ്രവചനം നടത്തുക എന്ന് മുൻലക്കങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അതു വീണ്ടും ഒരിക്കൽക്കൂടി വായിക്കുക. ബുദ്ധിപൂർവ്വം പ്രവചിച്ചാൽ നിങ്ങളുടെ പേഴ്സ് നിറയുമെന്നു തീർച്ച. പക്ഷേ രോഗശാന്തിക്ക് ഇത്തരം യാത്രകളിൽ വലിയ സ്ക്കോപ്പില്ല. കാരണം, രോഗശാന്തിയുടെ പേരിൽ തട്ടിപ്പു നടത്താൻ സാമാന്യം നല്ല ജനക്കൂട്ടം വേണം. ചെറിയ ഗ്രൂപ്പുകളിൽ പ്രസംഗിക്കുമ്പോൾ രോഗശാന്തി നടത്താനാവില്ല. രോഗശാന്തി ഉണ്ടായില്ല എന്ന വസ്തുത ജനം തിരിച്ചറിയും എന്നതുതന്നെ കാരണം. എങ്കിലും നിങ്ങൾ അറിയപ്പെടുന്ന പ്രസംഗകനാണെങ്കിൽ നിങ്ങളുടെ പ്രസംഗം കേൾക്കാൻ കൂടുതൽ ആളുകളെത്തും. ആൾക്കൂട്ടമുണ്ടെങ്കിൽ രോഗശാന്തി നടത്തുകയും ചെയ്യാം.

പര്യടനം നടത്തുന്നതു സ്വദേശത്തായാലും വിദേശത്തായാലും ഒരു കാര്യം മറക്കരുത്: പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്ക് ശുദ്ധ കഴുതകളാണ്. അവരെ ദൈവനാമം പറഞ്ഞു കബളിപ്പിക്കാൻ സാമാന്യ ബുദ്ധിയുള്ള ആർക്കും കഴിയും.

RNI No. 68089 / 97
2010 June 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# കള്ളപ്രവചനം + ദ്രവ്യാഗ്രഹം = പുലിവാൽ

കള്ളപ്രവചനവും ദ്രവ്യാഗ്രഹവും ചേർന്നാൽ? സംഗതി പുലിവാലാകും. സംശയമുള്ളവർ ഈയിടെ നടന്ന ഒരു സംഭവം കേൾക്കൂ:

ഇൻഡോറിൽ ദൈവവേല ചെയ്യുന്നു എന്നു പറയപ്പെടുന്ന ഒരു കള്ളപ്രവാചകനാണ് കഥയിലെ വില്ലൻ. പേര് കുര്യാക്കോസ്. ഇവരുടെ കുടുംബത്തിലുള്ളവരെല്ലാം പ്രവചിക്കുമത്രേ. മറ്റു കള്ളപ്രവാചകൻമാരേപ്പോലെ ഇയാളും ഉലകപര്യടനം നടത്തുന്നുണ്ട്. അങ്ങനെ ദുബായിലുമെത്തി. കള്ളപ്രവാചകൻമാർ പറയുന്നതെന്തും കണ്ണടച്ചു വിശ്വസിക്കുന്ന വിഡ്ഢികൾ ദുബായിലുമുണ്ട്. അങ്ങനെയുള്ള ചിലർ ഈ കള്ളനേയും സ്വീകരിച്ചു. ഇയാൾ പറഞ്ഞ കള്ളപ്രവചനങ്ങൾ കേട്ടു നിർവൃതിയടഞ്ഞു. അധ്വാനിച്ചുണ്ടാക്കിയ പണം ഈ കള്ളനു കൊടുത്തു പുണ്യം നേടി.

ഈ ചങ്ങാതിയുടെ മകൻ അമേരിക്കയിൽ പഠിക്കയാണ്. എം.എസ്സ് കഴിഞ്ഞു. ഇനി ഡോക്ട്രേറ്റിനു പഠിക്കാനാണു പദ്ധതി. ഈ മകനുവേണ്ടി കുര്യാക്കോസ് പെണ്ണിനെ അന്വേഷിക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായി. അല്പം പണമോ സ്വാധീനമോ ഉള്ളവരുടെ പെൺമക്കളെയെല്ലാം ആലോചിക്കും. പ്രവാചകൻ എന്ന നിലയിൽ ലഭിക്കുന്നതിൽ അധികം പണം ലഭിക്കാൻ ഇത്തരം ആലോചനകൾ സഹായകമാകും. ഭാവിയിൽ ബന്ധുക്കാരനാകാൻ സാധ്യതയുള്ള ആളെ സന്തോഷിപ്പിക്കാൻ ആരും ശ്രമിക്കുമല്ലോ.

ദുബായിലും കുര്യാക്കോസ് ഈ തന്ത്രം പയറ്റി. ഒരു ബിസ്സിനസ്സുകാരനാണ് ദുബായിൽ കുര്യാക്കോസ്സിന്റെ ഇരയായത്. ഇദ്ദേഹത്തിന് എം.ബി.ബി.എസ്സിനു പഠിക്കുന്ന ഒരു മകൾ ഉണ്ടായിരുന്നു. ഈ പെൺകുട്ടിയെ കുര്യാക്കോസ് തന്റെ മകനുവേണ്ടി ആലോചിച്ചു. പെൺകുട്ടിയെ അമേരിക്കയിൽ കൊണ്ടുപോകാമെന്നും അവിടെ പഠനം തുടരാമെന്നും മറ്റുമായിരുന്നു പദ്ധതി. പെൺകുട്ടി അമേരിക്കയിൽ പോകുമെന്ന് പ്രവചനമുണ്ടെന്നു പെണ്ണിന്റെ വീട്ടുകാർ പറഞ്ഞു. ഇങ്ങനെയൊരു പെണ്ണിനെ മകനു ഭാര്യയായി കിട്ടുമെന്നു പ്രവചനമുണ്ടെന്നു കുര്യാക്കോസ്സും പറഞ്ഞു. ആനന്ദലബ്ധിക്കിനിയെന്തുവേണം!

എന്തിനേറെ പറയുന്നു, ആലോചന മുറുകി. ദുബായിലുള്ള പെണ്ണും അമേരിക്കയിലുള്ള പയ്യനും തമ്മിൽ ഫോണിൽ സംസാരിച്ചു. ഇരുവരുടേയും മാതാപിതാക്കൾ നേരിൽ സംസാരിച്ചു. ബന്ധുമിത്രാദികൾ തകൃതിയായി സംസാരിച്ചു. അങ്ങനെ കല്യാണം ഉറപ്പിച്ചു. ബോംബെയിൽ വച്ചു കല്യാണം. ഇരുകൂട്ടരുടേയും വീട്ടുകാർ അവിടെയെത്തും. കല്യാണത്തിനു ഹാൾ വരെ ബുക്ക് ചെയ്തെന്നാണു കേട്ടത്. മൂന്നുലക്ഷം രൂപയും കുര്യാക്കോസ് വാങ്ങി. മെയ് 27ന് കല്യാണം. ശുഭം.

പക്ഷേ സംഗതി അത്ര ശുഭമായില്ല. വിവാഹത്തിനു രണ്ടാഴ്ച മുൻപ് കുര്യാക്കോസിനു വീണ്ടുവിചാരമുണ്ടായി. എം.ബി.ബി.എസ്സിനു പഠിക്കുന്ന പെണ്ണിനെ മകൻ കെട്ടുന്നതിലും നല്ലതാണല്ലോ സാക്ഷാൽ എം.ബി.ബി.എസ്സുകാരിയെ കെട്ടുന്നത്. അതുകൊണ്ട് ഈ ആലോചന ഇവിടംകൊണ്ടു നിർത്താം. പക്ഷേ പെണ്ണിന്റെ വീട്ടുകാർ സമ്മതിച്ചില്ല. ഈ വിവാഹം ദൈവാലോചനയാണെന്നു കുര്യാക്കോസ് തന്നെ പറഞ്ഞിട്ടുള്ളതല്ലേ? ദൈവാലോചനയല്ലേ നടക്കേണ്ടത്? അങ്ങനെ വല്ലവരും പറഞ്ഞതൊക്കെ എന്തിനു വിശ്വസിച്ചു എന്നായി കുര്യാക്കോസ്. അതോടെ പ്രശ്നം ആരംഭിച്ചു. വഴക്കും വക്കാണവുമായി. ഏതായാലും വാങ്ങിയ പണം തിരിച്ചു കൊടുക്കാമെന്നു കുര്യാക്കോസ് സമ്മതിച്ചു. അതുപോരാ, നഷ്ടപരിഹാരവും വേണമെന്നായി പെണ്ണിന്റെ വീട്ടുകാർ. വിശ്വാസവഞ്ചനയ്ക്കു കേസ്സ് കൊടുക്കുമെന്നും എല്ലാവിധത്തിലുള്ള പ്രശ്നങ്ങളുമുണ്ടാക്കുമെന്നും മറ്റും ഇരുപക്ഷവും വെല്ലുവിളിക്കുന്നു. ഈ പ്രശ്നം പരിഹാരമാകാതെ തുടരുന്ന സമയത്താണ് ഈ കുറിപ്പ് എഴുതുന്നത്. അതുകൊണ്ട് കഥ ഇവിടെ നിർത്തുകയാണ്.

എന്തിനാണ് ഈ സംഭവം ഇവിടെ വിവരിച്ചത്? പറയാം: ഇതിൽ നിന്നു ദൈവമക്കൾ പഠിക്കേണ്ട ചില പാഠങ്ങളുണ്ട്.

1. ഉലകപര്യടനം സ്ഥിരം പരിപാടിയായി കൊണ്ടുനടക്കുന്ന പാസ്റ്റർമാരെ വീട്ടിൽ കയറ്റരുതെന്നു ഡിഫെൻഡർ കാക്കത്തൊള്ളായിരം പ്രാവശ്യം പറഞ്ഞിട്ടും മനസ്സിലാക്കാത്തവർ ഇങ്ങനെയൊക്കെ അനുഭവിച്ചേ പഠിക്കൂ. അറിയാത്ത കുഞ്ഞു മാത്രമല്ല തള്ളയും തന്തയും മറ്റു ബന്ധുക്കളും ചൊറിഞ്ഞുതന്നെ അറിയണം. അതാണല്ലോ ന്യായം.

2. ഗൾഫിൽ പോകും, അമേരിക്കയിൽ പോകും, വലിയ ജോലി കിട്ടും, കാറുവാങ്ങും, ഹെലിക്കോപ്ടർ വാങ്ങും എന്നൊക്കെ പ്രവചിക്കുന്ന പ്രവാചകൻമാരെ ഇനിയെങ്കിലും സൂക്ഷിക്കുക. ഇത്തരം ഭൗതീക കാര്യങ്ങൾ പറയുന്നതു ദൈവാത്മാവല്ല. ഇങ്ങനെയുള്ള വിഷയങ്ങൾ പ്രവചിക്കുന്ന പ്രവാചകൻമാർ ദൈവദാസൻമാരുമല്ല.

3. എം.ബി.ബി.എസ്സിനു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടിയുടെ പഠനം അമേരിക്കയിൽ തുടരാൻ കഴിയുമോ എന്നും കഴിയുമെങ്കിൽ അതിനുവേണ്ടി വരുന്ന ചെലവും മറ്റു പ്രായോഗിക പ്രശ്നങ്ങളും എങ്ങനെ നേരിടുമെന്നും ചിന്തിക്കാതെ ഇറങ്ങിത്തിരിച്ചതു വിഡ്ഢിത്തമായി.

4. ഇരു പക്ഷവും പ്രവചനങ്ങളിൽ അതിരു കടന്നു വിശ്വസിച്ചു. ഇത്തരം പ്രവചനങ്ങൾ നടത്തുകയല്ല ദൈവാത്മാവിന്റെ പണി എന്നു മനസ്സിലാക്കാൻ ഇവർക്കു കഴിഞ്ഞില്ല.

5. കടുത്ത ദ്രവ്യാഗ്രഹം മൂലം ഇരുപക്ഷത്തുമുള്ളവർക്ക് അന്ധത ബാധിച്ചു. മകന് എം.ബി.ബി.എസ്സുകാരിയായ ഭാര്യയെ കിട്ടിയാലുള്ള നേട്ടത്തിലായിരുന്നു കുര്യാക്കോസ്സിന്റെ കണ്ണ്. മകൾക്ക് അമേരിക്കൻ ചെക്കനെ കിട്ടുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളോർത്തപ്പോൾ ദുബായിക്കാർ ഏറെയൊന്നും ആലോചിച്ചില്ല. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകുന്നു എന്ന വചനം ഓർത്തിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

6. പെൺകുട്ടിയുടെ വീട്ടുകാർക്കുണ്ടാകുന്ന ''അനുഗ്രഹം'' കണ്ടപ്പോൾ അവരുടെ ബന്ധുക്കളിൽ പലരും പെന്തക്കോസ്തിൽ ചേരാൻ തീരുമാനിച്ചു. പക്ഷേ കല്യാണം മുടങ്ങിയതോടെ അവർ പെന്തക്കോസ്തിൽ ചേരാനുള്ള പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. വീണ്ടും ജനനത്തിന്റെ അനുഭവം കൂടാതെ, ഭൗതീക നൻമ മാത്രം ലക്ഷ്യമാക്കി പെന്തക്കോസ്തിൽ ചേരുന്നവർ ഏറെയുണ്ട്. പെന്തക്കോസ്തിലെ തിൻമകൾ കാണുമ്പോൾ അവർ മടങ്ങിപ്പോകും.

7. അമേരിക്കയാണ് ഭൂരിപക്ഷം പെന്തക്കോസ്തുകാരുടേയും വാഗ്ദത്തഭൂമി. അമേരിക്കയിൽ എത്താൻ കഴിഞ്ഞാൽ എല്ലാമായി എന്നാണ് ഇവരുടെ ചിന്ത. അമേരിക്കയിൽ എത്തിയ മകൻ എന്തൊക്കെയോ നേടിക്കഴിഞ്ഞെന്നു കുര്യാക്കോസ്സിനു തോന്നി. മകളെ അമേരിക്കയിലെത്തിച്ചാൽ രക്ഷപ്പെട്ടു എന്നു ദുബായിക്കാരും തെറ്റിദ്ധരിച്ചു. കള്ളപ്രവചനവും കടുത്ത ദ്രവ്യാഗ്രഹവും മൂലം ഇരു പക്ഷത്തിനും കണ്ണു കാണാതായി. അതിന്റെ ഫലമാണ് ഇവർ ഇപ്പോൾ അനുഭവിക്കുന്നത്.

ഇത്തരം സംഭവങ്ങൾ ദൈവമക്കൾക്കു പാഠമാകണം. ഭൗതീക രംഗത്തുണ്ടാകുന്ന ഉയർച്ചയോ താഴ്ചയോ അല്ല ദൈവാനുഗ്രഹത്തിന്റെ മാനദണ്ഡം. അമേരിക്കയല്ല ദൈവജനത്തിന്റെ വാഗ്ദത്തഭൂമി. ഇത്തരം അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രവചനങ്ങൾ വിശ്വസിക്കരുത്. ഇനിയെങ്കിലും കള്ളപ്രവാചകൻമാരെ ഒഴിവാക്കുക.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan